Reg No M 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജനവരി 11—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ധനു 27 | ലക്കം 22

## സാമൂഹികനീതി

[മോസ്റ്റ് റവ ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി തിരുമനസ്സുകൊണ്ടു്]

ദൈവം മനുഷ്യനെ ആദ്ധ്യാത്മികവും സാമൂഹ്യവുമായ ജീവിയായി സൃഷ്ടിച്ചിരിക്കുന്നു ഓരോ മനുഷ്യന്റെയും ആസ്തിക്യത്തിന്റെയും വ്യക്തിപരമായ പ്രയത്നത്തിന്റെയും പരമാന്ത്യം ആദ്ധ്യാത്മികലക്ഷ്യം പ്രാപിക്കുകയെന്നതാണു്. സമുദായമദ്ധ്യത്തിൽ ജീവിച്ചു, സ്വസഹോദരങ്ങളിൽനിന്നു ലഭ്യമാകുന്ന സഹായം പ്രയോജനപ്പെടുത്തിയും, അവൎക്കു പ്രത്യുപകാരം ചെയ്തുകൊണ്ടും മാത്രമാണു് അവൻ സാധാരണഗതിയിൽ ആ പരമാന്ത്യം പ്രാപിക്കുന്നതു്.

### മനുഷ്യന്റെ സാമൂഹ്യകടമകൾ

സാമൂഹ്യജീവിയെന്ന നിലയിൽ മനുഷ്യനു് തീർച്ചയായും സ്വന്തം അയൽവാസിയോടു ചില കർത്തവ്യങ്ങളും ചുമതലകളും ഉണ്ടു്. മനുഷ്യസമുദായത്തിന്റെ നിലനിൽപ്പും സുസ്ഥിതിയും അഭിവൃദ്ധിയും ലാക്കാക്കി തന്റെ ഭാഗം നിർവ്വഹിക്കുന്നതിനു സ്വാഭാവിക നിയമപ്രകാരം അവൻ കടപ്പെട്ടിരിക്കുന്നു. അവന്റെ സാമൂഹ്യകടമകൾ സ്വകുടുംബത്തിന്റെ ഗാർഹികരംഗത്തിന്റെയും, മററു ചെറിയ സാമൂഹ്യവിഭാഗങ്ങളുടേയും പരിധികൾക്കപ്പുറത്തേക്കും വ്യാപിക്കുന്നു. പോരാ, രാഷ്ട്രം അഥവാ രാജ്യമാകുന്ന കൂടുതൽ വലിയ സമുദായത്തിലേക്കും, രാഷ്ട്രത്തിനപ്പുറം അന്തർദേശീയ രംഗങ്ങളിലേക്കും അവ വ്യാപിക്കുന്നു. മനുഷ്യന്റെ സാമൂഹ്യകടമകളുടെ വിസ്തൃതമായ ഈ പരിധിയാണു് ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവുമെന്ന സമഗ്രമായ ആശയംകൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്.

### കത്തോലിക്കരുടെ ചുമതലകൾ

സാമൂഹ്യജീവിയെന്ന നിലയിൽ മനുഷ്യനു് സാമൂഹ്യമായ ചുമതലകളുണ്ടു്. കത്തോലിക്കർക്കാകട്ടെ കൂടുതൽ ഗുരുതരമായ ചുമതലകളാണുള്ളതു്. എന്തുകൊണ്ടെന്നാൽ, സർവ്വവ്യാപകമായ ക്രിസ്തീയ പരസ്നേഹത്തിന്റെ പ്രമാണമനുഷ്ഠിക്കുന്നതിനു് ക്രിസ്തു അവരെ അനുശാസിച്ചിരിക്കുന്നു. അതിനാൽ, സാമുദായികനന്മക്കും പുരോഗതിക്കുംവേണ്ടി പ്രയത്നിക്കുവാൻ മററുള്ളവരെ അപേക്ഷിച്ചു് കത്തോലിക്കർ കൂടുതൽ കടപ്പെട്ടവരാണു്.

ഈ കാരണത്താലാണു് കത്തോലിക്കാസഭ സാമൂഹ്യപുരോഗതിയുടെ മുന്നണിയിൽ എല്ലായ്പോഴും നില ഉറപ്പിച്ചിട്ടുള്ളതു്. തിരുസഭ എല്ലാവിധ സാമൂഹ്യതിന്മകളോടും സാമൂഹ്യമായ അനീതികളോടും നിരന്തരം പോരാടിയിട്ടുണ്ടു്. സാമൂഹ്യോന്നമനത്തിന്റെ എല്ലാ തുറകളിലും സ്വശക്തിയും കഴിവുകളും അതു വിനിയോഗിക്കുകയും, അങ്ങനെ,

മാനവസംസ്കാരത്തിന്റെ ഏററം സുശക്തഘടകമായി വർത്തിക്കുകയും ചെയ്തിട്ടുണ്ടു്.

സഭയുടെ മഹത്തായ സാമൂഹ്യപാരമ്പര്യങ്ങളുടെ അനന്തരഗാമികളെന്ന നിലയിൽ ലോകമാസകലമുള്ള കത്തോലിക്കർ മനുഷ്യസമുദായപുരോഗതിക്കുവേണ്ടിയുള്ള സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ, വിശേഷിച്ചു സ്വന്തം ദേശങ്ങളിൽ, പ്രമുഖസ്ഥാനത്തു

പകമായ അതൃപ്തിക്കു വഴിതെളിക്കുന്ന സാമ്പത്തികമായ അസമത്വങ്ങൾ സമുദായത്തിനു് നാശകാരണമാകും സ്ഥിതിചെയ്യുന്നു. രാജ്യത്തിന്റെ ശീഘ്രഗതിയിലുള്ള വ്യവസായീകരണത്തിന്റെ ഫലമായി മുതലാളി തൊഴിലാളി ഭിന്നതകൾ പ്രതിദിനം വളർന്നുവരുന്നു. അതിന്റെ ബാഹ്യപ്രകടനങ്ങളും അവയുടെ വ്യാപ്തിയും വർദ്ധിച്ചുകൊണ്ടുതന്നെയിരി

ത്തിൽക്കൂടെയാണു്, ഉദാഹരണമായി, വിദ്യാഭ്യാസപ്രശ്നങ്ങൾ വീക്ഷിക്കപ്പെടുന്നതും കൈകാര്യം ചെയ്യപ്പെടുന്നതും. തൽഫലമായി വളർന്നുവരുന്ന യുവജനങ്ങളുടെ ഹൃദയത്തിൽ ദൈവഭക്തിക്കോ സന്മാർഗ്ഗബോധത്തിനോ സ്ഥാനമില്ലാതെ വരുന്നു. ഇന്നത്തെ രീതിയിലുള്ള ചലച്ചിത്രങ്ങളുടെ ദുഷിച്ച പ്രേരണാശക്തിയാലും, അഹിതമെന്നു മാത്രമല്ല,



ലോകത്തിനു് മാർഗ്ഗവും, സത്യവും, ജീവനുമായ ക്രിസ്തു

നിലകൊണ്ടിരിക്കുന്നു. ക്രിസ്തീയ പരസ്നേഹം, യഥാർത്ഥ സ്വരാജ്യസ്നേഹം, പൗരസംബന്ധവും വ്യക്തിഗതവുമായ സൽഗുണങ്ങൾ എന്നിവയെല്ലാം സുപ്രധാനമായ ഈ കൃത്യനിർവ്വഹണത്തിനു് കത്തോലിക്കരെ മററുള്ളവരെ അപേക്ഷിച്ചു് കൂടുതൽ നിർബ്ബന്ധിക്കുകയും ചെയ്യുന്നു.

### സാമൂഹ്യസേവനത്തിന്റെ പ്രവർത്തനപരിധി

നമ്മുടെ നാട്ടിലെ സ്ഥിതിഗതികൾ പരിശോധിച്ചാൽ പരിഹാരം കണ്ടെത്തേണ്ടുന്ന സാമൂഹ്യപ്രശ്നങ്ങളുടെ ഗുരുത്വവും ബാഹുല്യവും നമ്മെ അമ്പരപ്പിക്കും. ദാരിദ്ര്യം, രോഗം, അജ്ഞത, നിരക്ഷരത്വം—ഇവയെല്ലാം ഇപ്പോഴും നിയന്ത്രണാതീതമായിത്തന്നെ നിലകൊള്ളുന്നു. വ്യാ

കുന്നു. ഈ തിന്മകൾക്കെല്ലാമുള്ള സമൂലപരിഹാരമെന്ന നാട്യത്തിൽ കമ്മ്യൂണിസം പ്രതിവിധി നിർദ്ദേശിക്കുന്നു. എന്നാൽ കമ്മ്യൂണിസം നിരീശ്വരത്വം, ഭൗതികവാദം, വിദ്വേഷം, അക്രമപ്രസക്തി, വർഗ്ഗമത്സരം ആദിയായ അതിന്റെ സിദ്ധാന്തങ്ങൾ മൂലം ഇന്നു് രാജ്യം അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന ഏററവും വലിയ തിന്മയായി പരിണമിച്ചിരിക്കുകയാണു്. കൂടാതെ, സാമൂഹ്യജീവിതത്തിന്റെ മററു രംഗങ്ങളിലും താല്ക്കാലികമായോ അന്തിമമായോ, ഭൗതികവാദത്തിലും ജീവിതത്തിന്റെ ഉൽകൃഷ്ടമൂല്യങ്ങളുടെ നിരാകരണത്തിലും അധിഷ്ഠിതമായ അബദ്ധപ്രസ്ഥാനങ്ങൾ ആധിപത്യം കരസ്ഥമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. തെററായ ഈ വീക്ഷണകോണ

അശ്ലീലങ്ങളുമായ സാഹിത്യങ്ങളുടെ പ്രചരണത്താലും ഈദൃശ തിന്മകൾ വർദ്ധിക്കുകയും ചെയ്യുന്നു. വീണ്ടും, അതിശീഘ്രമായ ജനവർദ്ധനവിനെ നിയന്ത്രിക്കാനെന്ന പേരിൽ സാന്മാർഗ്ഗികവും ശാരീരികവുമായ ക്ഷേമത്തെ ഹനിക്കുന്ന ദുഷിച്ച അസാന്മാർഗ്ഗികസമ്പ്രദായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ആ വക കാര്യങ്ങളിലുള്ള അറിവും അനുഷ്ഠാനവും പ്രചരിപ്പിക്കയും ചെയ്യുന്നു. ദേശീയബോധത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു ക്രിസ്തുമതത്തിനും അതിന്റെ സംഘടനകൾക്കും എതിരായി അസഹിഷ്ണുതയോടുകൂടി മതഭ്രാന്തു് രാജ്യത്തിന്റെ പല ഭാഗങ്ങളിലും അതിന്റെ വികൃതമായ തല ഉയർത്തിക്കൊണ്ടിരിക്കുന്നു. ഭരണഘടന ഉറപ്പു നൽകുന്ന മതവിഷയകമാ

യ മൗലികസ്വാതന്ത്ര്യത്തെ മൂലച്ഛേദം ചെയ്യുന്ന നിയമങ്ങൾ നിർമ്മിക്കുവാനുള്ള ശ്രമവും നടന്നുകൊണ്ടിരിക്കുന്നു.

ഇവയും ഇതുപോലുള്ള ഇതര പ്രശ്നങ്ങളും ശരിയായ ക്രിസ്തീയ സാമൂഹ്യതത്വങ്ങൾ മുൻനിറുത്തി യഥാവിധി പരിഹരിക്കപ്പെടാതിരുന്നാൽ അവ സാന്മാർഗ്ഗികമെന്നു മാത്രമല്ല സാമ്പത്തികവുമായ നാശത്തിലേക്കു് രാജ്യത്തെ നയിക്കുമെന്നുള്ളതിനു സംശയമില്ല. ഗൗരവാവഹമായ ഈ വിപത്തിൽനിന്നാണു് കത്തോലിക്കർ സ്വസഹോദരങ്ങളെയും, തങ്ങളെത്തന്നെയും രക്ഷിക്കേണ്ടതു്. ഈ അപകടസന്ധിയിൽ സ്വകർത്തവ്യങ്ങളെ അവഗണിക്കുന്നതു് തങ്ങൾക്കുതന്നെ ആപൽക്കരമായിരിക്കും. മാത്രമല്ല, തങ്ങളുടെ വിശുദ്ധ മതത്തിന്റെ സാമൂഹ്യസന്ദേശം നിറവേററുന്നതിൽ അവർ പരാജയമടയുകയും ചെയ്യും.

### ശാസ്ത്രജ്ഞാനത്തോടുകൂടിയ സാമൂഹ്യസേവനത്തിന്റെ അടിസ്ഥാനം

സാന്മാർഗ്ഗികഘടകം

ഇങ്ങനെ ഈ രാജ്യത്തിന്റെ സാമൂഹ്യപ്രശ്നങ്ങളെ സാന്മാർഗ്ഗികതത്വങ്ങൾ മുൻനിറുത്തി പരിഹരിക്കുന്നതിനും, മുളയെടുത്തുകൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയെ ശരിയായ രീതിയിൽ രൂപീകരിക്കുന്നതിനും, സത്യത്തിന്റെയും, സാഹോദര്യത്തിന്റെയും, സാമൂഹ്യനീതിയുടെയും ഉറച്ച അടിസ്ഥാനത്തിന്മേൽ അതിനെ കെട്ടിപ്പടുക്കുന്നതിനും ഈ തലമുറയിലെ കത്തോലിക്കൎക്കു് ഗുരുതരമായ കടമയുണ്ടു്. സമുദായത്തിന്റെ ഇപ്രകാരമുള്ള പുനരുജ്ജീവനം സാധിക്കുന്നതിനു് അവർ ഒന്നാമതായി സാമൂഹ്യപുണ്യങ്ങൾ തങ്ങളിൽത്തന്നെ കൈവളർത്തണം. സത്യസന്ധത, പൊതുജീവിതത്തിൽ പരമാർത്ഥത, സ്വഭാവദാർഢ്യം, ആത്മാർത്ഥത, സഹോദരസ്നേഹം, സ്വാർത്ഥപരിത്യാഗം, പൊതുക്കാര്യങ്ങളിൽ ഉൽകൃഷ്ടമായ കർത്തവ്യബോധം, ജോലിയിൽ ഉത്സാഹം, മനസ്സാക്ഷിനൈർമ്മല്യം, അധികാരമോഹമില്ലായ്ക, നിയമത്തോടും അധികാരങ്ങളോടും ആദരവു്, സാമൂഹ്യനീതിപാലനത്തിൽ ആഗ്രഹം, അന്യരുടെ അവകാശങ്ങളെക്കുറിച്ചു് ആദരവു്, എല്ലാററിലുമുപരിയായി, ദരിദ്രരോടും ദുരിതമനുഭവിക്കുന്നവരോടും അനുകമ്പ—ഇവയാണു് ഓരോ കത്തോലിക്കാപൗരന്റെയും സാമൂഹ്യങ്ങളായ ആചാരാനുഷ്ഠാനങ്ങളുടെ അവശ്യഘടകങ്ങൾ. സാമൂഹ്യപുണ്യങ്ങൾ വ്യക്തിഗതമായ ധാർമ്മികതത്വത്തിന്റെ അടിസ്ഥാനത്തിൽനിന്നു് ഉത്ഭവിക്കുകയും, അതിനെ ആശ്രയിച്ചു നില്ക്കുകയും ചെയ്യേണ്ടതാണെന്നും നാം

അനുസ്മരിക്കണം. വ്യക്തിഗതമായ ധാർമ്മികതയാകട്ടെ മതവിശ്വാസത്തിലും അനുഷ്ഠാനത്തിലും അധിഷ്ഠിതവുമായിരിക്കണം. തന്നിമിത്തം കത്തോലിക്കർ രഹസ്യജീവിതത്തിൽ സുകൃതികളായും സ്വഭാവവൈശിഷ്ട്യമുള്ളവരായും വർത്തിക്കേണ്ടതാവശ്യമാണ്. അപ്പോൾ മാത്രമേ അവർ ഇതരന്മാർക്ക പൗരത്വത്തിന്റെ മാതൃകകളായും, ദൃഷ്ടാന്തവും ഉപദേശവും വഴി സ്വന്തം സുകൃതങ്ങളെ അന്യരിലേക്ക പകരുന്നതിന് പ്രാപ്തരായും തീരുകയുള്ളു. സർവ്വോപരി, വളർന്നുവരുന്ന തലമുറയോട് നമുക്ക് പാവനമായ ഒരു കടമയുണ്ടെന്നുള്ളത് നാം അനുസ്മരിക്കണം; നാമാണ് അവരുടെ താല്പര്യങ്ങളെ പരിരക്ഷിക്കേണ്ടത്. അതുകൊണ്ട് കത്തോലിക്കരായ മാതാപിതാക്കൾ മക്കളെ ക്രിസ്തീയപുണ്യങ്ങളിലും നമ്മുടെ പരിശുദ്ധമതത്തിന്റെ അനുഷ്ഠാനത്തിലും വളർത്തിക്കൊണ്ടു വരേണ്ടതാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ യുവജനങ്ങളുടെ മനസ്സുകളിൽ സാന്മാർഗ്ഗികവും സാമൂഹ്യവുമായ സുകൃതങ്ങൾ നിവേശിപ്പിക്കുകയും, ഭാവിയിലെ ഉത്തമ പൗരന്മാരായിത്തീരുന്നതിനാവശ്യമായ പരിശീലനം അവർക്ക നൽകുകയും ചെയ്യണം.


## സാമൂഹ്യവിജ്ഞാനം

സാമൂഹ്യ പ്രവർത്തനരംഗത്ത് അത്യന്താപേക്ഷിതമായ മറെറാരുപാധി കത്തോലിക്കാസാമൂഹ്യതത്വങ്ങൾ സംബന്ധിച്ചുള്ള ശരിയായ ജ്ഞാനമാണ്. കത്തോലിക്കാ സാമൂഹ്യസാന്മാർഗ്ഗികനിയമസംഹിതയിൽ പ്രതിപാദിച്ചിട്ടുള്ളതും, മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾവഴി വ്യാഖ്യാനിച്ച് കാലാനുസൃതമായി സംവിധാനം ചെയ്തിട്ടുള്ളതുമായ "സുവിശേഷ"ത്തിലെ സന്ദേശമാണ് ആ തത്വങ്ങൾക്ക് ആധാരമായി നിൽക്കുന്നത്. അവശ്യം വേണ്ട വിദ്യാഭ്യാസവും കഴിവുകളുമുള്ള എല്ലാവരും ഈ അറിവു സമ്പാദിക്കുകയും, ജനതാമദ്ധ്യത്തിൽ അതിനെ പ്രചരിപ്പിക്കുകയും ചെയ്യണമെന്നുള്ളത് കത്തോലിക്കാസമുദായത്തിന്റെ സാമൂഹ്യകർത്തവ്യങ്ങളുടെ നിർവ്വഹണത്തിൽ പ്രധാനമായ ഒരു ഘടകമാണ്. നമ്മുടെ മദ്ധ്യേ ഇപ്പോൾ സാമൂഹ്യപരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ, ആവിർഭവിച്ചുവരുന്ന പുതിയ വ്യവസ്ഥിതിയെ കത്തോലിക്കാസാമൂഹ്യസിദ്ധാന്തമനുസരിച്ച് രൂപീകരിക്കുന്നതിന് ഏററം പററിയ സന്ദർഭം ഇതാണ്. ഇതു ചെയ്യുന്നതിന് ആ സാമൂഹ്യതത്വങ്ങൾ എന്താണെന്ന് നാം തന്നെ ഗ്രഹിക്കുകയും, അതിനെ പ്രായോഗികപ്രശ്നങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് സുവ്യക്തമായ ആശയങ്ങളും പരിപാടികളും നമുക്കുണ്ടായിരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

## കത്തോലിക്കാ സാമൂഹ്യപ്രവർത്തകർ നൽകേണ്ട നേതൃത്വം

ഇങ്ങനെ ക്രിസ്തീയപരസ്നേഹം, സാമൂഹ്യവും വ്യക്തിപരവുമായ പുണ്യങ്ങൾ, സഭയുടെ സാമൂഹ്യതത്വങ്ങളെപ്പററിയുള്ള വിജ്ഞാനം ആദിയായ ഗുണവിശേഷങ്ങളാൽ സമലംകൃതരായ കത്തോലിക്കർക്ക് സാമൂഹ്യരംഗത്തു സജീവമായി പ്രവർത്തിക്കുവാൻ സാധിക്കും. അതിനായി അവർ സാമൂഹ്യപ്രബുദ്ധതയുള്ളവരായിത്തീരണം. പൊതുനന്മയെ പുരോഗമിപ്പിക്കുന്നതിനും നേതൃത്വം സമ്പാദിക്കുന്നതിനും, സാമൂഹ്യപുരോഗതിയുടെ യഥാർത്ഥ പ്രേഷിതരും, ക്രിസ്തീയ സാമൂഹ്യസന്ദേശത്തിന്റെ പ്രകാശവാഹകരും ആയിത്തീരുന്നതിനുംവേണ്ടി അവരുടെ സാമൂഹ്യബോധത്തെ ഉത്തേജിപ്പിക്കയും പരിപോഷിപ്പിക്കയും ചെയ്യണം. സാമൂഹ്യോന്നമനത്തിനുവേണ്ടിയുള്ള ആവുന്നത്ര സംഗതികളിൽ —അവ സാമൂഹ്യതിന്മകളുടെ ഉന്മൂലനമാകട്ടെ, രാജ്യാഭിവൃദ്ധി മുൻനിറുത്തിയുള്ള പദ്ധതികളുടെ പ്രോത്സാഹനമാകട്ടെ— ക്രിസ്തീയ പരസ്നേഹത്തിന്റെയും യഥാർത്ഥ രാജ്യസ്നേഹത്തിന്റെയും ചൈതന്യത്തോടുകൂടി അതിപ്രധാനമായ ഒരു പങ്ക് വഹിക്കുന്നതിനും, സന്ദർഭം നേരിടുമ്പോൾ നേതൃത്വം നൽകി മുൻകൈ എടുത്ത് പ്രവർത്തിക്കുന്നതിനുപോലും കത്തോലിക്കർ ചുമതലപ്പെട്ടിരിക്കുന്നു. അങ്ങനെ സാമൂഹ്യവും, വർഗ്ഗീയവും, സാംസ്കാരികവുമായി രാഷ്ട്രത്തോട് നാം യോജിച്ചുനിൽക്കുന്നുവെന്ന് അപവാദലേശമെന്യേ തെളിയിക്കയും ചെയ്യാം. കാലാന്തരത്തിൽ സൗഹാർദ്ദസുന്ദരമായ വിധത്തിൽ ഒത്തിണങ്ങിയിട്ടുള്ള വിവിധസംസ്കാരങ്ങളുടെയും പരിഷ്കാരങ്ങളുടെയും ഒരു സമ്മിശ്രരൂപമാണ് ഭാരതസംസ്കാരവും പരിഷ്കാരവുമെന്ന് പലപ്പോഴും അവകാശപ്പെടാറുള്ളത് ശരിതന്നെ. മഹത്തായ ഈ സംസ്കാരലയനവിഷയത്തിൽ കത്തോലിക്കാസഭ കഴിഞ്ഞ കാലങ്ങളിൽ നൽകിയിട്ടുള്ള സംഭാവന ഒട്ടും അപ്രധാനമായ ഒന്നല്ല. ഇപ്പോൾ ഭാരതം ഒരു പുതിയ ഘട്ടത്തിലേക്ക പ്രവേശിക്കുന്നതുകൊണ്ട്, കത്തോലിക്കാസാമൂഹ്യജീവിതരീതിയെ ദേശീയജീവിതത്തിന്റെ പ്രധാന പ്രവാഹഗതിയോട് സംയോജിപ്പിക്കേണ്ടിയിരിക്കുന്നു. ആ സംയോജനം ശരിയായ വിധത്തിൽ നിർവ്വഹിക്കുന്നതായാൽ, കത്തോലിക്കാ സാമൂഹ്യതത്വങ്ങളുടെയും കത്തോലിക്കാ ആദർശങ്ങളുടെയും ആദ്ധ്യാത്മ്യസന്ദായകമായ ചൈതന്യവിശേഷത്താൽ ദേശീയ ജീവിതരീതിയെ രൂപാന്തരപ്പെടുത്തുവാൻ നമുക്ക സാധിക്കും. അസ്ഥിരതയും പരിവർത്തനങ്ങളും നിറഞ്ഞ ഈ നിർമ്മാണകാലഘട്ടത്തിൽ, ഇപ്രകാരമുള്ള സൗഭാഗ്യകരമായ ഒരു പരിണാമത്തിനുവേണ്ടിയാണ് കത്തോലിക്കാസമുദായം അതിന്റെ ഗൗരവമായ ചുമതലകൾ ഗ്രഹിക്കുകയും നിറവേററുകയും ചെയ്തുകൊണ്ട് പരിശ്രമിക്കേണ്ടത്. ഈ പരിവർത്തനങ്ങളിൽനിന്നായിരിക്കും തൽക്ഷണമോ, അല്ലെങ്കിൽ കാലാന്തരത്തിലോ, സ്ഥിരമായ സാമൂഹ്യവ്യവസ്ഥിതി രൂപം പ്രാപിച്ച് സംസ്ഥാപിതമാകുവാൻ പോകുന്നത്.

**For favours received**



Mrs. Mary Sebastian
Trichur

സുപ്രധാനമായ ഈ കാലഘട്ടത്തിൽ പരിശുദ്ധ പിതാവ് 13-ാം ലെയോ മാർപ്പാപ്പായുടെ വാക്കുകൾ നമ്മുടെ നാട്ടിലെ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം പ്രത്യേകം അർത്ഥവത്താണ്.

പരിശുദ്ധ പിതാവു പറയുന്നു: "വിശദവീക്ഷണത്തോടും ധീരതയോടുംകൂടി കത്തോലിക്കർ നമ്മുടെ ചാക്രികലേഖനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള തത്വങ്ങൾക്ക് അനുസരണമായി എല്ലാ യഥാർത്ഥ പുരോഗമനയത്നങ്ങളിലും മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനും, ബലഹീനരുടേയും അവശത അനുഭവിക്കുന്നവരുടേയും ക്ഷമയുള്ള സംരക്ഷകരും, കാര്യജ്ഞാനമുള്ള ഉപദേഷ്ടാക്കളുമെന്ന് സ്വയം തെളിയിച്ചുകൊടുക്കുന്നതിനും, ശരിയായ വ്യവസ്ഥിതികളുടെ ശത്രുക്കൾക്കെതിരായി നീതിയുടേയും ക്രിസ്തീയസംസ്കാരത്തിന്റേയും സനാതനതത്വങ്ങളെ പരിരക്ഷിക്കുന്നതിൽ വിശ്വസ്തതയോടുകൂടെ ഏറെക്കുറെ സഹകരിക്കുവാൻ ഉദ്ദേശിക്കുന്നവരുടെയിടയിൽ പ്രഥമസ്ഥാനത്ത് നിലകൊള്ളുന്നതിനും നിർബന്ധിതരാണ്."

മഹാനായ മാർപ്പാപ്പായുടെ ഈ അഭ്യർത്ഥന ഈ കാലഘട്ടത്തിൽ ഭാരതകത്തോലിക്കരുടെ കർണ്ണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കേണ്ടതാണ്. ക്രിസ്തീയപരസ്നേഹത്തിന്റേയും, യഥാർത്ഥ രാജ്യഭക്തിയുടേയും, മാനവസമുദായത്തിന്റെ ഉന്നതാദർശങ്ങളുടേയും അനുഷ്ഠാനത്തിൽ സാമൂഹ്യകർത്തവ്യങ്ങളെ ശിരസാ വഹിച്ച് നിറവേററിക്കൊണ്ട് ഗംഭീരമായ ഈ ആഹ്വാനം ആദരിച്ചനുവർത്തിക്കുന്നതിന് അവർക്ക ഗൗരവാവഹമായ ചുമതലയുണ്ട്.

(സാമൂഹികനീതിദിനം സംബന്ധിച്ച് ഇന്ത്യയിലെ കത്തോലിക്ക് ബിഷപ്പ്സ് കോൺഫറൻസിന്റെ സി. എസ്. എ. വിഭാഗം ഡയറക്ടർ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവന)

ആത്മകഥാകഥനം

# ഞാൻ എന്തുകൊണ്ടു കത്തോലിക്കനായി?

[കുട്ടപ്പൻ ഒററത്തെക്കൽ, ചിങ്ങവനം]

(തുടർച്ച)

അരുവിയിലെ വെള്ളച്ചാട്ടം പോലെ ഗദ്യപദ്യവാക്യങ്ങളിൽ വി. പത്രോസിന്റെ പരമാധികാരവും സഭയുടെ അടിസ്ഥാനവും ബ: കോടിയാട്ടച്ചൻ വിവരിക്കയാണ് യാക്കോബായരേഖകളിൽനിന്നുമാത്രം. തുടർന്ന് അദ്ദേഹം യൗനായക്കാരുടെ പ്രാർത്ഥനക്രമങ്ങളിൽനിന്നുദ്ധരിക്കാൻ തുടങ്ങി: "വി. സഭയുടെ അടിസ്ഥാനവും വിശ്വാസത്തിന്റെ പാറയും വിശ്വാസസത്യങ്ങളുടെ ഇളകാത്ത ഇരിപ്പിടവും വിശ്വാസത്തിന്റെ സിംഹാസനവും വി. ശ്ലീഹന്മാരുടെ സിംഹാസനങ്ങളിൽ ഒന്നാമത്തേതിനെ അലങ്കരിക്കുന്നവനുമായ വി. പത്രോസ, നിനക്കു ഭാഗ്യം. റോമായുടെ കാവൽക്കാരനും ദൈവരാജ്യത്തിന്റെ കലവറക്കാരനും വിശ്വാസത്തിന്റെ പാറയും വി. കത്തോലിക്കാപ്പള്ളിയുടെ ഉറപ്പുള്ള അടിസ്ഥാനക്കല്ലുമായിരിക്കുന്നവനെ വി. ഗീതങ്ങളിൽ നമുക്കു പാടിസ്തുതിക്കാം. ശ്ലീഹന്മാരിൽ ഉന്നതനും അടിസ്ഥാനക്കാരനുമായിരിക്കുന്നവനേ, വിശുദ്ധന്മാരുടെ ജീവിതത്തിൽ ജീവിപ്പാനായി ഞാൻ നിന്നോടുകൂടി മരിക്കട്ടെയോ എന്നു പറഞ്ഞുകൊണ്ട് സകലത്തേയും ഉപേക്ഷിച്ചു നിന്റെ യജമാനന്റെ പിന്നാലെ നീ പോയി. നീ റോമായുടെ ഒന്നാമത്തെ മെത്രാനായിത്തീരുകയും അങ്ങനെ സഭയുടെ മണിമകുടവും എല്ലാം വലിയ പട്ടണങ്ങളുടേയും മണിമകുടവും മഹത്വവുമായിത്തീരുകയും ചെയ്തു. അല്ലയോ വി. പത്രോസേ, നരകവാതിലുകൾ ഒരുനാളും നിന്നോടു ബലം ചെയ്യുകയില്ല." (സ്വർണ്ണനാവുകാരൻ മാർ ഇവാനിയോസ്). നെസ്തോറുകാരുടെ പ്രാർത്ഥനയിൽ ഇങ്ങനെ പറയുന്നു: "അവന്റെ കർത്താവ് അവനോടരുളിച്ചെയ്തു. യോനായുടെ പുത്രനായ ശെമഓനേ, ഞാൻ നിന്റെ മേൽ എന്റെ സഭയെ പണിയുന്നു. ഉയരത്തിന്റേയും ആഴത്തിന്റേയും താക്കോലുകളെ ഞാൻ നിനക്കു തരുന്നു. അതു് അനുതപിക്കുന്നവർക്കു നീ വാതിൽ തുറന്നുകൊടുക്കേണ്ടതിനുതന്നെ."

ഇങ്ങനെ അനേകം തെളിവുകൾ എടുത്തുകാട്ടി വി. പത്രോസ്, സഭയുടെ തലവനാണെന്നു തെളിയിച്ചു. പക്ഷേ, ആ സിംഹാസനം അന്ത്യോഖ്യയിലാണെന്നും ആ അന്ത്യോഖ്യാപാത്രിയർക്കീസാണു യഥാർത്ഥ പിൻഗാമിയെന്നും അദ്ദേഹവുമായുള്ള ബന്ധത്തിൽ നില്ക്കേണ്ടതു് ആത്മരക്ഷയ്ക്കു അപരിത്യാജ്യമെന്നും അദ്ദേഹം പറഞ്ഞവസാനിപ്പിച്ചു.

പ്രസംഗാനന്തരം ഉടനെ പോകാൻ ബദ്ധപ്പെട്ട ബ: കോടിയാട്ടച്ചനെ ഞാനും സഹപ്രവർത്തകൻ ചിറയിൽ ഇട്ടിച്ചനുംകൂടി കാപ്പികുടിപ്പിക്കുവാനായി ക്ഷണിച്ച് അകത്തേക്കു കൊണ്ടുപോയി. ആ സമയത്തു ഞങ്ങൾ ഇപ്രകാരം സംഭാഷിച്ചു: "എന്റെ അച്ചോ, ഇതു് വാദി പ്രതിയാകയാണല്ലോ ചെയ്തതു്."

"എന്തുപററി കുട്ടപ്പാ?"

"ഇന്നലെ ബ: പുത്തൻവീട്ടിലച്ചൻ ഇവിടെ പ്രസംഗിച്ചതു് വി. പത്രോസ്ശ്ലീഹായും മററുള്ളവരും തുല്യാധികാരികളാണെന്നും, വി. പത്രോസ് നമ്മുടെ കർത്താവിനെ തള്ളിപ്പറകകാരണം അരഡിഗ്രി കുറവേയുള്ളുവെന്നും മററുമാണ്. അച്ചൻ ഇന്നു നേരെ മറിച്ചും."

ഇതു കേട്ടപ്പോൾ അച്ചൻ പെട്ടെന്നു കോപിക്കയാണുണ്ടായതു്. "അതു നവീകരണക്കാരുടെ അബദ്ധസിദ്ധാന്തങ്ങളല്ലേ? ഒരു യാക്കോബായക്കാരന് അതെങ്ങനെ വിശ്വസിക്കാൻകഴിയും?"

അപ്പോൾ പുത്തൻവീട്ടിലച്ചൻ ആ മുറിയിലേക്കു കടന്നുവന്നു. "എന്റെ അച്ചോ, എന്തിനു ഞങ്ങളെ ഇങ്ങനെ കുത്തുകളിപ്പിക്കുന്നു?" ഞാൻ ചോദിച്ചു.

"എടാ കുട്ടപ്പാ, ഇന്നലെ ഞാ

(ശേഷം 11-ാംപേജിൽ)

എവറസ്ററ് കോളർ



സി. എ. ഔസേഫ് & സൺസ്
ആഭരണവ്യാപാരം, തൃശൂർ

# വള്ളോപ്പിള്ളി തിരുമേനി നീണാൾ വിജയിപ്പൂതാക!

## തലശ്ശേരിരൂപതയുടെ അഭിനവമെത്രാൻ ജനുവരി 8-ാംനു- റോമിൽവച്ചു അഭിഷിക്തനായി

കേരളസുറിയാനിസഭാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം സൃഷ്ടിച്ച തലശ്ശേരി രൂപതാസ്ഥാപനം അതിന്റെ പ്രഥമ മെത്രാന്റെ അഭിഷേകകർമ്മത്തോടുകൂടി മംഗളപൂർവ്വം മകുടമണിഞ്ഞിരിക്കുകയാണു് 1956 ജനുവരി 8-ാംതിയതി. റോമിലുള്ള സെന്റു പീറേറഴ്സ് ദേവാലയത്തിൽവച്ചു കർദ്ദിനാൾസംഘത്തിന്റെ ഡീനും, റീത്തുകളുടെ തിരുസംഘത്തിന്റെ സിക്രട്ടറിയുമായ അത്യുന്നതകർദ്ദിനാൾ ടിസ്സറാങ്ങു് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ റൈററു് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി മെത്രാനായി അഭിഷേചിക്കപ്പെട്ടു തലശ്ശേരി രൂപത സ്ഥാപിച്ചുകൊണ്ടു് പരിശുദ്ധമാർപ്പാപ്പാ അയച്ചിരുന്ന ബുളയിൽതന്നെ അതിന്റെ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കയായി മോൺ. വള്ളോപ്പിള്ളിയെ നിയമിച്ചിരുന്നു. അദ്ദേഹത്തെ തലശ്ശേരിയുടെ പ്രഥമമെത്രാനായി കഴിഞ്ഞ നവംബർമാസത്തിൽ പരിശുദ്ധ സിംഹാസനം നാമനിർദ്ദേശം ചെയ്യുകയും തുടർന്നു അഭിഷേകം സ്വീകരിക്കുന്നതിനു ഡിസംബർമാസത്തിൽ തിരുമേനി റോമിലേക്കു യാത്രയാവുകയുമാണുണ്ടായതു്.

### കുടുംബം

ഡോക്ടർ വള്ളോപ്പിള്ളി തിരുമേനി 1911 ആഗസ്റ്റ് 4-ാംനു-, പാലാ രൂപതയിൽപെട്ട കുടക്കച്ചിറ ഇടവകയിൽ പ്രശസ്തവും വിപുലവുമായ വള്ളോപ്പിള്ളി കുടുംബത്തിൽ അനുഗൃഹീതരായ പൗലോ, റോസ എന്ന ദമ്പതികളുടെ ഒടുവിലത്തെ സന്താനമായി ഭൂജാതംചെയ്തു. അഞ്ചു പുത്രന്മാരും ഒരു പുത്രിയുമാണു് ആ കുടുംബത്തിന്റെ സന്താനസമ്പത്തു്. മരങ്ങാട്ടുപള്ളി ഇടവകയിലെ കുലീനമായ "മഞ്ഞക്കാട്ടിൽ" കുടുംബമാണു് വള്ളോപ്പിള്ളി കുടുംബത്തിന്റെ മൂലതറവാട്ടു്. കുറ്റൂർ ഇടവകയിലെ "മൈലാടൂർ" കുടുംബാംഗമാണു് തിരുമേനിയുടെ മാതാവു്. കുലീനങ്ങളായ ഈ കുടുംബങ്ങളുടെ പാരമ്പര്യത്തെ തികച്ചും പ്രതിഫലിപ്പിക്കുന്നതാണു് തിരുമനസ്സിലെ പ്രകൃതി.

### വിദ്യാഭ്യാസം

കുടുംബപാരമ്പര്യമനുസരിച്ചുള്ള ബാല്യകാലശിക്ഷണങ്ങൾക്കുശേഷം കുടക്കച്ചിറ സെന്റു ജോസഫ്സ് പ്രൈമറിസ്കൂൾ, ഉഴവൂർ ഇംഗ്ലീഷ് മിഡിൽസ്കൂൾ, പാലാ സെന്റു തോമസ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ തുടർച്ചയായ അദ്ധ്യയനഘട്ടം പ്രസരിപ്പോടും പ്രശസ്തിയോടുംകൂടി കഥാപുരുഷൻ നിർവ്വഹിച്ചു. പഠനത്തിലുള്ള സാമർത്ഥ്യവും സ്വഭാവത്തിലുള്ള വശ്യതയും അദ്ദേഹത്തെ അദ്ധ്യാപകന്മാർക്കും സഹപാഠികൾക്കും ഒരുപോലെ ആദരണീയനാക്കിച്ചെയ്തു. മതപഠനത്തിൽ പ്രത്യേക സ്കോളർഷിപ്പു നേടിക്കൊണ്ടാണു് ചങ്ങനാശ്ശേരി സെന്റു ബെർക്കുമൻസ് കോളേജിലേക്കു അദ്ദേഹം പ്രവേശിച്ചതു്. ഇന്റർമീഡിയേററു കഴിഞ്ഞു പാളയംകോട്ടു സെന്റു സേവിയേഴ്സ് കോളേജിൽ പഠനം തുടരുകയും 1934-ൽ ധനതത്വശാസ്ത്രത്തിൽ ബി. ഏ. ബിരുദം നേടുകയും ചെയ്തു.

പൗരോഹിത്യജീവിതം അനുഗമിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ അഭിലാഷം സംപൂർത്തിയാക്കുന്നതിനുവേണ്ടി വൈദികസെമ്മിനാരിയിലേക്കു അദ്ദേഹം തിരിച്ചു. കോട്ടയം പെററിസെമ്മിനാരിയിലും കാണ്ടിപേപ്പൽ സെമ്മിനാരിയിലുമായി വൈദികപഠനം പ്രശസ്തമായ രീതിയിൽ നിർവ്വഹിച്ചു. 1945 ആഗസ്റ്റ് 25-ാംതിയതി കാണ്ടിസെമ്മിനാരിയിൽവച്ചു വൈദികപട്ടം സ്വീകരിച്ചു ഇതിനിടയിൽ അദ്ദേഹം എൽ. പി. എച്ചു്., എൽ. ഡി. എന്ന ബിരുദങ്ങളും കരസ്ഥമാക്കിയിരുന്നു. കഥാപുരുഷന്റെ സ്വഭാവവൈശിഷ്ട്യത്തെ മനസ്സിലാക്കിയ സെമ്മിനാരി ഭാരവാഹികൾ വൈദികവിദ്യാർത്ഥികളുടെ പ്രീഫെക്ട്സ്ഥാനത്തിൽ അദ്ദേഹത്തെ നിയമിച്ചു എന്നുള്ളതു പ്രസ്താവ്യമാണു്.

### വൈദികസേവനം

കാണ്ടിയിൽനിന്നു മടങ്ങിവന്ന ശേഷം ഭരണങ്ങാനം സെന്റു മേരിസ് ഹൈസ്കൂളിൽ അദ്ദേഹം അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. ഒരു കൊല്ലം കഴിയുന്നതിനുമുമ്പു അദ്ദേഹം ചങ്ങനാശ്ശേരി പെററിസെമ്മിനാരി വിദ്യാർത്ഥികളുടെ ആത്മീയോപദേഷ്ടാവും ഗുരുഭൂതനുമായി നിയമിതനായി. മൂന്നു കൊല്ലത്തിനുശേഷം വാകക്കാട്ടു ഇംഗ്ലീഷ്സ്കൂൾ ഹെഡ്മാസ്റ്ററായി ചാർജെടുത്തു. ഇംഗ്ലീഷ്സ്കൂൾ മാത്രമല്ല അവിടത്തെ പ്രൈമറിസ്കൂൾ, മഠം മുതലായ സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ നിസ്വാർത്ഥവും നിസ്തന്ദ്രവുമായ സേവനങ്ങളുടെ മഹത്തായ ഗുണഫലങ്ങൾ ധാരാളമായി അനുഭവിക്കുന്നതിനു ഇടയായിത്തീർന്നു. വാകക്കാട്ടു ഇടവകയിൽ അവിസ്മരണീയമായ പ്രശസ്തസേവനങ്ങളാണു് ചുരുങ്ങിയ കാലം കൊണ്ടു അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളതു്. 1953-ൽ അദ്ദേഹം ബി. ടി. പരീക്ഷ പാസ്സായി. അവസാനമായി, അദ്ദേഹം പുതുതായി ആരംഭിച്ച കടനാട്ടു സെന്റു് സെബാസ്റ്റ്യൻസ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായി തുടരുമ്പോഴാണു് തലശ്ശേരി രൂപതയുടെ സംസ്ഥാപനവും അതിന്റെ ഭരണഭാരം ഏറെറടുക്കുന്നതിനുള്ള നിയമനവും നടന്നതു്. ചുരുങ്ങിയകാലത്തിൽ വിവിധങ്ങളായ പ്രവർത്തനരംഗങ്ങളിൽ പ്രശസ്തസേവനത്തിന്റെ മായാമുദ്രകൾ പതിക്കുന്നതിനു അദ്ദേഹത്തിനു കഴിഞ്ഞിട്ടുള്ളതു് മഹത്തായ ഒരു ചരിത്രത്തിന്റെ ഭാവിശകുനമാണെന്നുള്ളതിൽ ദ്വിപക്ഷമില്ല.

### കലാകാരൻ

മോൺ: വള്ളോപ്പിള്ളി ഒരു അനുഗൃഹീത കലാകാരനാണെന്നുള്ളതു് പലർക്കും പുതിയ അറിവായിരിക്കും. സംഗീതകലയിൽ അതിവിശിഷ്ടമായ കഴിവുകൾ പ്രകൃതി അദ്ദേഹത്തിനു പ്രദാനം ചെയ്തിട്ടുണ്ടു്. സാധകമുറകൾ അനുവദിച്ചിരുന്നിടത്തോളം ഈ കഴിവുകളെ വികസിപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. പാടുന്നതിനും, ഹാർമോണിയം, ഫ്ളൂട്ടു് മുതലായ സംഗീതോപകരണങ്ങൾ വിദഗ്ദ്ധമായി ഉപയോഗിക്കുന്നതിനും അദ്ദേഹം ശീലിച്ചിട്ടുണ്ടു്. സാഹിത്യപരമായ അദ്ദേഹത്തിന്റെ അഭിരുചി നാനാപ്രകാരത്തിൽ സ്വന്തം വിജ്ഞാനത്തിനും മററുള്ളവരുടെ സേവനത്തിനുമായി ഉപയോഗിച്ചുപോന്നു. ഇടവകയിൽ യുവജനങ്ങളെ സംഘടിപ്പിച്ചു് അവരുടെ ആഭിമുഖ്യത്തിൽ ലൈബ്രറി മുതലായ പ്രസ്ഥാനങ്ങൾ സമാരംഭിക്കുന്നതിനും നല്ല സാഹിത്യത്തിനു പ്രചാരണം നൽകുന്നതിനും വിദ്യാഭ്യാസകാലത്തുതന്നെ കഥാപുരുഷൻ മുൻകൈയെടുത്തു പ്രവർത്തിച്ചുകൊണ്ടിരുന്നു. ചെറുപ്പത്തിലേതന്നെ ഹിന്ദിഭാഷയിൽ വൈദഗ്ദ്ധ്യംനേടുന്നതിനുവേണ്ടി ചെയ്തിരുന്ന യത്നങ്ങൾ ഹിന്ദിസാഹിത്യത്തെ സ്വാധീനിക്കുന്നതിനുള്ള അഭിലാഷമായിരുന്നോ, അതോ, ബാല്യംമുതൽതന്നെ അദ്ദേഹത്തിൽ മുളയെടുത്തിരുന്ന ദേശീയബോധത്തിന്റെയും രാഷ്ട്രീയചിന്തയുടേയും പ്രചോദനമായിരുന്നോ എന്നു തീർത്തുപറയുക സാദ്ധ്യമല്ല. കാരണം അദ്ദേഹം ഒരു കലാപ്രണയിയും അതുപോലെതന്നെ ദേശാഭിമാനിയുമായിരുന്നു.

### ദേശീയബോധം

അദ്ദേഹത്തിന്റെ സ്കൂൾവിദ്യാഭ്യാസകാലത്തു ഇന്ത്യയിൽ ദേശീയബോധം മുളയെടുത്തുവരുന്നതേയുള്ളു. സംപൂജ്യരായ വൻകിട നേതാക്കന്മാർ ഭാരതസ്വാതന്ത്ര്യത്തിനും പൗരാവലിയുടെ രാഷ്ട്രീയോന്നമനത്തിനുംവേണ്ടി പ്രവർത്തിക്കുന്നതിനു തുടങ്ങിയിരുന്നുവെങ്കിലും ഈ ആശയങ്ങൾ സാധാരണ ജനങ്ങളിലേക്കു കാര്യമായി പരന്നിരുന്നില്ല. അക്കാലത്തു് വള്ളോപ്പിള്ളിയാകട്ടെ, ഒരു ബാലവിദ്യാർത്ഥിയായിരുന്ന കാലംമുതൽ മഹാത്മാഗാന്ധിയുടെ ഒരു വിശ്വസ്തശിഷ്യനായിരുന്നുവെന്നു പറയാം. അദ്ദേഹം ആ നേതൃത്വത്തെ അതിമാത്രം ബഹുമാനിക്കുകയും നിർദ്ദേശങ്ങളെ അനുവർത്തിക്കുകയും ചെയ്തുപോന്നു. ബാല്യകാലംമുതൽ ഖദർമാത്രമേ ഉപയോഗിക്കൂ എന്നുള്ളതിൽ അദ്ദേഹം നിഷ്ഠയുള്ളവനായിരുന്നു. സെമ്മിനാരിയിൽ പ്രവേശിച്ചപ്പോൾ മററുള്ളവരോടൊപ്പം പൊതുവസ്ത്രങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി ഖദർ ഉപേക്ഷിക്കേണ്ടിവന്നതു് ഒരു വലിയ ത്യാഗമായിരുന്നു അദ്ദേഹത്തിനു്. തന്റെ ദേശീയബോധത്തിന്റേയും രാജ്യസ്നേഹത്തിന്റേയും ചിഹ്നമായി ദേശീയപതാകയും ഗാന്ധിത്തൊപ്പിയും പെട്ടികളിൽ എപ്പോഴും സൂക്ഷിച്ചിരുന്നുവെന്നാണു് പറയപ്പെടുന്നതു്. ഇന്നും അദ്ദേഹം ഒരു തികഞ്ഞ ദേശാഭിമാനിയും ഉത്തമകത്തോലിക്കാപൗരനുമായി വിരാജിക്കുകയാണു് അദ്ദേഹത്തിന്റെ എല്ലാം പ്രവർത്തനങ്ങളിലും.

ഏവംവിധം പ്രകൃതിസഹജവും പരിശ്രമലബ്ധവുമായി നിരവധി ഗുണപൗഷ്കല്യങ്ങൾ ഒത്തിണങ്ങിയിട്ടുള്ള ഒരു പ്രശസ്തവ്യക്തിയെയാണു് റൈററു് റവ. ഡോക്ടർ വള്ളോപ്പിള്ളിയിൽ നാം കാണുക. വിശിഷ്ടമായ അദ്ദേഹത്തിന്റെ കഴിവുകളെ ലോകോപകാരത്തിനുവേണ്ടി ഏററവുമധികം പ്രയോഗിക്കുവാൻ അതിവിസ്തൃതമായ ഒരു പ്രവർത്തനരംഗമാണു് ദൈവം അദ്ദേഹത്തിനുവേണ്ടി തലശ്ശേരിരൂപതയിൽ സംവിധാനംചെയ്തിരിക്കുന്നതു്. ആദ്ധ്യാത്മികമൂല്യങ്ങളെ അവഗണിച്ചു് ലൗകായതികത്വത്തിലേക്കു നെട്ടോട്ടം ഓടുന്ന ഒരു ലോകത്തെ തടഞ്ഞുനിർത്തി അതിനെ കർത്തവ്യനിരതവും ബുദ്ധിമത്തുമാക്കിത്തീർക്കുക മാനവകഴിവുകളെ അതിലംഘിക്കുന്ന പ്രവർത്തനമാണു്. അതുകൊണ്ടു് വിജയവും രക്ഷാദായകവുമായ അദ്ദേഹത്തിന്റെ സേവനങ്ങൾ ഫലപ്രദമാകുന്നതിനുവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഫലദായകമാക്കുന്നതിൽ സഹകരിക്കുകയാണു് നമ്മുടെ കർത്തവ്യം. അതിനു നമുക്കു തയാറാകാം. ഈ സഹകരണസന്നദ്ധതയെ നവാഭിഷിക്തനായ തിരുമേനിക്കു ഒരുപഹാരമായി നമുക്കർപ്പിക്കുകയുംചെയ്യാം.



AD MULTOS ANNOS!

—o—

### ഇററലിക്കു ഐർലണ്ടിനോടുള്ള കൃതജ്ഞത

കഴിഞ്ഞ യുദ്ധാനന്തരകാലങ്ങളിലും ഭയങ്കരമായ വെള്ളപ്പൊക്ക അവസരങ്ങളിലും ഇററാലിയൻ ജനതയ്ക്കു നേരിട്ട കഷ്ടതകളെ ശമിപ്പിക്കുന്നതിനു ഐർലണ്ടുകാർ ചെയ്ത മഹത്തായ സേവനം ഇററാലിയൻജനതയുടെ ഹൃദയങ്ങളിൽ ആഴമായി പതിഞ്ഞിട്ടുണ്ടു്. ഈ കൃതജ്ഞതാമനോഭാവത്തെ വിശദമാക്കുന്ന ഒരു സംഭവമാണു് ഏതാനും ദിവസങ്ങൾക്കുമുമ്പു ഒരു ഐറിഷ് ട്രെസ്റ്റ് ഹോമിൽ വച്ചു നടന്നതു്. അവിടെ ആഗതരെ സ്വീകരിക്കുന്ന ഉദ്യോഗമാണു 24 വയസ്സു് പ്രായമായ മിസ് മറിയ കെന്നിലി എന്ന യുവതിക്കുള്ളതു്. ഷാനോൻ വിമാനത്താവളത്തിൽ വന്നിറങ്ങിയ ഒരുകൂട്ടം സന്ദർശകരെ മറിയ സ്വീകരിച്ചു അവരോടു് കുശലപ്രശ്നങ്ങൾ ചെയ്തുവായിരുന്നു. അതിനിടയിൽ മിസ്സ് കെന്നിലി സംഗതിവശാൽ അവരോടു പറഞ്ഞു, തനിക്കു റോമാനഗരം സന്ദർശിക്കുന്നതിനും പരിശുദ്ധ മാർപ്പാ

# "സമാധാനത്തിനുവേണ്ടി"

[എ. റി. പയ്യപ്പിള്ളി, ആലുവാ]

മനുഷ്യൻെറ കഴിവുകളുടെപാരമ്യമാണ് ആററംബോമ്പും ഹൈഡ്രജൻബോമ്പും. പ്രസിദ്ധ ശാസ്ത്രജ്ഞനായ ഡോ. റോബർട്ട് ഓപ്പൻഹേയ്മർ (Dr. Robert Openheimer) ആദ്യത്തെ ആററംബോമ്പ് പണിതെടുത്തുകൊണ്ട് തൻെറ പരീക്ഷണശാലയിൽനിന്നു പുറത്തുവന്നു. അനുമോദിക്കുന്നതിനു കൂടിയ യോഗത്തിൽ അദ്ദേഹം അഭിമാനത്തോടെ പങ്കെടുത്തു. പ്രതീക്ഷിച്ചതിലധികം അഭിനന്ദനവും പാരിതോഷികങ്ങളും അദ്ദേഹത്തിനു ലഭിച്ചു എന്നാൽ അപ്രതീക്ഷിതമായ ഒരു ചോദ്യശരം അദ്ദേഹത്തിൻെറ നേരെ തൊടുത്തുവിട്ടു. അതു ഏതാണ്ട് ഇപ്രകാരമായിരുന്നു: "ഈ മാരകായുധത്തിനു വല്ല പ്രതിവിധിയും താങ്കൾക്കു നിർദ്ദേശിക്കുവാനുണ്ടോ?" അല്പനേരത്തെ ആലോചനയ്ക്കുശേഷം അദ്ദേഹം മറുപടി കൊടുത്തു: "ഉവ്വ്. തീർച്ചയായും ഉണ്ട്. അത്..." ഉത്തരം പൂർത്തിയാക്കാതെ, തന്നെ ഉററുനോക്കിക്കൊണ്ടിരുന്ന അമേരിക്കൻജനതയെ ഒന്നു വീക്ഷിച്ചിട്ടു അദ്ദേഹം പിറുപിറുത്തു. "സമാധാനമാണ്"-(Certainly there is and that is...... peace) അനേകം നാശങ്ങൾ വരുത്തിവച്ച രണ്ടു ലോകമഹായുദ്ധങ്ങൾക്കുശേഷവും സമാധാനരഹിതമായിക്കഴിയുന്ന ലോകത്തിൻെറ ചങ്കിടിപ്പാണ്, ആഗ്രഹമാണ് ഇതിൽ പ്രകടമായിരിക്കുന്നത്. സമാധാനം, അതാണ് ഇന്നത്തെ ലോകം തേടുന്നത്.

എന്നാൽ സമാധാനത്തിനു നിർദ്ദേശിക്കപ്പെടുന്ന ഉപാധികൾ ഫലപ്രദങ്ങൾ അല്ല. സമാധാനത്തിൻെറ വിലയായി ആവശ്യപ്പെടുന്നതു രക്തച്ചൊരിച്ചിലും, കണ്ണുനീരും, അടിമത്തവും നാസ്തികതയും. പ്രാവിൻെറ രൂപത്തിലാണ് സമാധാനം ചിത്രീകരിക്കപ്പെടുന്നത്. തൂവലുകൾ തൂവെള്ളനിറം. എന്നാൽ അതിൻെറ കൂർത്തു മൂർത്ത നഖങ്ങൾ കൊണ്ട് അതു മനുഷ്യഹൃദയത്തെ കുത്തിക്കീറുകയാണ്. പാരീസിൽ സമാധാനസമ്മേളനം നടന്നപ്പോൾ ഈ പ്രാവു പല രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. പ്രാവിൻെറ പടം പതിച്ച പ്ലക്കാർഡുകൾ വഴിനീളെ. ഈ സമ്മേളനത്തിൻെറ ഓർമ്മ നിലനിർത്തുന്നതിനു പ്രാവിൻെറ രൂപം പതിച്ച സ്റ്റാമ്പുകൾ ചില രാജ്യങ്ങളിൽ വിതരണം ചെയ്യപ്പെട്ടു. ഇററലിയിൽ സമാധാനപ്രിയന്മാർക്കു വില്ക്കുന്നതിനു "മക്രോണി" എന്ന ഭക്ഷണസാധനം നിർമ്മിച്ചു ......

---

പ്പായെ കാണുന്നതിനും വളരെയധികം ആഗ്രഹമുണ്ടെന്നു്. സന്ദർശകരിലൊരാൾ മിസ് കെന്നിലിയെ സമീപിച്ച് 100 ഡോളറിൻെറ മൂന്നു നോട്ടുകൾ അവരുടെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു, "ഇതുകൊണ്ടു നിങ്ങൾ റോമിലേക്കു വരിക" എന്നു്. അത്ഭുതസ്തബ്ധയായ മറിയെ അതു മടക്കിക്കൊടുക്കുന്നതിനു വളരെ ശ്രമിച്ചു, നിർബന്ധിച്ചു. പക്ഷെ ദാതാവു സമ്മതിച്ചില്ല. അദ്ദേഹം ഒരിററാലിയൻ മാന്യനും ധനികനുമായിരുന്നു. ഇററലിക്കു ഐർലണ്ടിനോടു വളരെ കടപ്പാടുണ്ടെന്നും, "ഐർലണ്ട് അനേകായിരം ഇററാലിയൻ കുട്ടികളോടു കാണിച്ചിട്ടുള്ള മഹത്തായ അനുഗ്രഹത്തിനു്, ഈ സമ്മാനം ഒരു ഐറിഷ് കുട്ടിയോടു ചെയ്യുന്ന പ്രതിനന്ദിമാത്രമാണ്" എന്നും അദ്ദേഹം പ്രസ്താവിച്ചു.

പ്രാവിൻെറ രൂപത്തിലാണ്. സമാധാനദിനം, സമാധാന ആഴ്ച. സമാധാനമാസം, എന്നിങ്ങനെ പോകുന്നു സമാധാനഘോഷണങ്ങൾ. എത്രയേറെ സ്ത്രീകളുടെ കുണുക്കിലും തൂങ്ങിക്കിടന്നു സമാധാനപ്രാവ്. എട്ടിലധികം ഭാഷകളിൽ സമാധാനം സമാധാനം എന്ന വാക്കു ഉച്ചരിക്കപ്പെട്ടു. എന്നാൽ സമാധാനരാജനായ ക്രിസ്തുവിൻെറ നാമത്തിനു ആരുടേയും അധരങ്ങളിൽ സ്ഥാനമില്ലായിരുന്നു.

സമാധാനത്തിനുവേണ്ടി ഒപ്പു ശേഖരിക്കുക എന്നതാണ് മറെറാരു പ്രസ്ഥാനം. സ്റ്റോക്ക്ഹോമിൽ ഉൽഘാടനം ചെയ്യപ്പെട്ട ഈ പ്രസ്ഥാനം ലോകത്തിൻെറ നാനാഭാഗങ്ങളിലും പ്രചരിച്ചു. അതിൻെറ പ്രവർത്തകരും പ്രവാചകരും പറഞ്ഞതു് ഏതാണ്ടിതുപോലെയാണ്, "സമാധാനം വേണമോ, ഒപ്പുവയ്ക്കുക." ഒന്നിലധികം പ്രാവശ്യം ഒപ്പുവച്ചവരും ഉണ്ട്. ഈ പ്രസ്ഥാനം എന്തെന്നു ഗ്രാഹ്യമില്ലാത്തവരും ഒപ്പുവച്ചു. ഒരു "ച" അതിനു ചുററും രണ്ടു മൂന്നിലധികം വരയും ഒടുവിൽ ഒരു കുരിശും. കാതിന്ന സമാധാനത്തിനുവേണ്ടി ക്രിസ്തുനാഥൻ തൂങ്ങിമരിച്ച ആ കുരിശിനു അവരുടെ ഹൃദയങ്ങളിൽ സ്ഥാനമുണ്ടായിരുന്നെങ്കിൽ!

"പീസ് മിഷ്യൻസ്"—സമയത്തിൻെറ നെട്ടോട്ടത്തിൽ പ്രത്യക്ഷപ്പെട്ട മറെറാരു പ്രസ്ഥാനം. രാജ്യതന്ത്രജ്ഞന്മാർ, പത്രാധിപർ, ഡോക്ടർമാർ എന്നിങ്ങനെ പല ജീവിതതുറകളിലുള്ളവരും ഇതിൻെറ അംഗങ്ങൾ ആണു്. മതഭക്തർക്കും ആദ്ധ്യാത്മികനേതാക്കൾക്കും ഇതിൽ അംഗത്വമില്ല. ഇവർ ഫാക്ടറികൾ സന്ദർശിക്കുന്നു; തൊഴിലാളികളുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നു; അവരുടെ ടിപാർട്ടി സ്വീകരിക്കുന്നു നാടുനീളെ സഞ്ചരിക്കുന്നു. എന്നാൽ യഥാർത്ഥ സമാധാനത്തിൻെറ ഉറവിടമാകുന്ന യേശുനാഥൻ പള്ളികൊള്ളുന്ന ദൈവാലയം അവർ സന്ദർശിക്കുന്നില്ല. "ഭാരം വഹിക്കുന്നവർ എൻെറ പക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന ദിവ്യാഹ്വാനം അവർ ശ്രവിക്കുന്നതേ ഇല്ല. നിത്യസമാധാനം പ്രദാനം ചെയ്യുന്ന ദിവ്യഭോജനത്തിനു അവർ അണയുന്നുമില്ല.

ഈ പ്രസ്ഥാനങ്ങൾ ലോകത്തിൻെറ ഒരു ഭാഗത്തു തകൃതിയായി നടന്നുപോരുന്നു. എന്നാൽ അതേസമയംതന്നെ മറുവശത്തു യുദ്ധത്തിനും രക്തച്ചൊരിച്ചിലിനുമുള്ള കോപ്പുകൂട്ടൽ. ഏവരും സമാധാനം കാംക്ഷിക്കുന്നു. എന്നാൽ യഥാർത്ഥ സമാധാനത്തിനുവേണ്ടി ആരും ഒന്നുംതന്നെ ചെയ്യുന്നില്ല. "Nineteen eighty four" എന്ന ഗ്രന്ഥത്തിൽ ജോർജ് ഓർവെൽ പറഞ്ഞിരിക്കുന്നത് എത്രയോ വാസ്തവം. ഹാസ്യരൂപത്തിൽ അദ്ദേഹമെഴുതുന്നു; യുദ്ധമാണ് സമാധാനം, അടിമത്തമാണ് സ്വാതന്ത്ര്യം, അജ്ഞതയാണ് ശക്തി മറെറാരു കവിയുടെ ഈരടികൾ ഇവയാണ്:

"No one believes in joys
And peace on earth
is a joke"

"ആരും സന്തോഷത്തിൽ വിശ്വസിക്കുന്നില്ല; ലോകത്തിൽ സമാധാനം വെറും തമാശ്മാത്രമാണ്." ക്രിസ്തുവിനെ മാററിനിർത്തിയിട്ടുള്ള സമാധാനാന്വേഷണങ്ങൾ വെറും തമാശ്; തീർച്ചതന്നെ.

പ്രവാചകരും പിതാക്കന്മാരും പ്രതീക്ഷിച്ചിരുന്ന യേശുനാഥൻ ജാതനായി. ഒരു പുതു സന്ദേശമായിട്ടാണ് അദ്ദേഹം പിറന്നത്. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ നല്ലമനസ്സുള്ളവർക്കു സമാധാനം." ധനത്തിലും മാനത്തിലും ആരോഗ്യത്തിലുംമാത്രം സമാധാനം ആരാഞ്ഞുകൊണ്ടിരുന്ന ലോകത്തിനു ഒരു പുതു സന്ദേശമായിരുന്നു ഇത്. സമാധാനത്തിനു വിലകല്പിച്ചിരിക്കുന്നതു നല്ലമനസ്സ്. നീതിചെയ്യുന്നതിനും നന്മ പ്രവർത്തിക്കുന്നതിനുമുള്ള നല്ലമനസ്സ്. ഒരു "മുനിസിപ്പാലിറ്റി"ക്കാരൻ തൻെറ മാടത്തിൻെറ പരുപരുത്ത തറയിൽക്കിടന്നു ഗാഢനിദ്രയിൽ ആണ്ടുപോകുമ്പോൾ, പണക്കാരൻ പഞ്ഞിക്കിഴെ കോസടിയിൽക്കിടന്നു ഉറക്കമില്ലാതെ ഞെരിപിരികൊള്ളുന്നതിൻെറ കാരണം എന്തായിരിക്കണം? പണം സമ്പാദിക്കുന്നതിനുവേണ്ടി അവൻ ചെയ്ത അനീതിപരമായ പ്രവൃത്തികൾ അയാളുടെ മനസ്സാക്ഷിയെ അലട്ടുന്നു. നിർദ്ധനരുടെ ചെററക്കുടിലുകൾ കയറിയിറങ്ങി അരിഷ്ടതകളും കഷ്ടതകളും കണ്ടറിഞ്ഞ് അവർക്കു കഴിവുള്ള സഹായം ചെയ്തുകൊടുക്കുന്ന വിൻസെൻഷ്യൻ സഹോദരങ്ങൾ അനുഭവിക്കുന്ന ഹൃദയസമാധാനവും സംതൃപ്തിയും അനുഭവസ്ഥർക്കും വിവരിക്കുക സാദ്ധ്യമല്ല.


## വാങ്ങിക്കരുത്

### പത്മകാസവം, ബാലാദിഘൃതം, അമൃതാദിതൈലം.

എന്നീ ഔഷധങ്ങളുടെ ലേബലുകളിന്മേൽ "സ്പെഷൽ" എന്നു കാണുന്നതുകൊണ്ടുമാത്രം മേലാൽ ടി. ഔഷധങ്ങൾ വാങ്ങിക്കരുത്.

എന്തുകൊണ്ടെന്നാൽ ഇപ്പോൾ "സ്പെഷൽ" ആക്കും എന്തിന്മേൽ വേണമെങ്കിലും ഒട്ടിക്കുകയൊ, എഴുതുകയൊ, വെച്ചുകെട്ടുകയൊ മറെറാ ചെയ്യാവുന്ന ഒരു വാക്കായി തീർന്നിട്ടുണ്ട്. ഇതിൻെറ ദൃഷ്ടാന്തമാണ് അനുകരണം ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ അടുത്തകാലം മുതൽ സ്പെഷൽ കാണിച്ചും ഒട്ടിച്ചും മററും പൊതുജനങ്ങളെ വഞ്ചിച്ചുവരുന്നതായി കാണുന്നത്.

ആയതുകൊണ്ട്, മേലാൽ സ്റ്റോക്കിസ്റ്റ്മാരിൽ നിന്നും മററും ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ

"വൈദ്യശാല"

എന്ന വാക്കുകൂടി ലേബലിൽ കാണുന്നുണ്ടെങ്കിൽ മാത്രമെ അവ വാങ്ങിക്കാവു എന്നുള്ള വിവരം പൊതുജനങ്ങളെ ഇതിനാൽ പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

കാളൻ, ആയുർവേദവൈദ്യശാല, നെല്ലായി.



## E. C. & Co. JEWELLERS

### സ്വർണ്ണാഭരണവ്യാപാരം

വാഴക്കുളം & മൂവാററുപുഴ

ശരി തൂക്കം, ശരി മാററ്, അന്നന്നത്തെ നിലവാരം.

Prop ഇ. സി. നാരായണനാചാരി (ഇഞ്ചിക്കണ്ടത്തിൽ)


ബേത്‌ലഹേമിൽ ജനിച്ച യേശുക്രിസ്തു മലമുകളിൽവച്ചു "എട്ടു ഭാഗ്യ"ങ്ങൾ അരുൾചെയ്തു. ജനനവേളയിൽ മാലാഖമാർ ഉരുവിട്ട സന്ദേശത്തിൻെറ വ്യാഖ്യാനവും വിപുലീകരണവുമായിരുന്നു ഈ "ഭാഗ്യ"ങ്ങൾ. വീണ്ടും അവിടുന്നു തൻെറ ജീവിതാന്ത്യത്തിൽ ഈ സമാധാനത്തിൻെറ പ്രത്യേകതയെക്കുറിച്ചു പറയുകയുണ്ടായി. "ഞാൻ എൻെറ സമാധാനം നിങ്ങൾക്കു തരുന്നു, എന്നാൽ ലോകം തരുന്നതുപോലെയല്ല."

അവിടുത്തെ അനന്തരഗാമികൾ ലോകത്തെ ഈ സമാധാനസന്ദേശം യഥാവസരം അറിയിച്ചിട്ടുണ്ട്. യുദ്ധത്തിൻെറ കരിമേഘങ്ങൾ ആകാശത്തിൽ കട്ടകൂടിയപ്പോൾ മിശിഹായുടെ പ്രതിനിധി പ്രഖ്യാപിച്ചു. "സത്യം, നീതി, സഹോദരസ്നേഹം എന്നിവ ഉൾക്കൊള്ളുന്ന സമാധാനത്തിനുവേണ്ടിയാണ് നാം നിലകൊള്ളുന്നതും മനമുരുകി പ്രാർത്ഥിക്കുന്നതും." അനേകായിരങ്ങളുടെ ശാരീരികവും ആദ്ധ്യാത്മികവുമായ മരണത്തിനു കാരണമായ രണ്ടാംമഹായുദ്ധം അവസാനിച്ചു. എന്നിട്ടും ലോകത്തിനു സമാധാനം കൈവന്നിട്ടുണ്ടോ? മിശിഹായുടെ പ്രതിനിധി വീണ്ടും ലോകത്തെ ഉൽബോധിപ്പിച്ചു: "കത്തോലിക്കാതത്വങ്ങൾക്കു മാത്രമേ സമുദായത്തിൻെറ അടിസ്ഥാനതത്വങ്ങളെ സംഘടിപ്പിക്കുവാനും ശക്തിപ്പെടുത്തുവാനും സാദ്ധ്യമാകൂ. സത്യത്തിൻെറ വഴിത്താരയിലൂടെ സമുദായത്തെ നയിക്കുന്നതിനും സമാധാനത്തിൻെറ മണിമേടയിൽ എത്തിക്കുന്നതിനും കത്തോലിക്കാതത്വങ്ങൾക്കു മാത്രമേ സാദ്ധ്യമാകൂ."

വലിയ പ്രതീക്ഷകളോടുകൂടി പ്രാരംഭിക്കപ്പെട്ടതെങ്കിലും പുരോഗമനത്തിൽ പരാജയമടഞ്ഞ ജനീവാകോൺഫറൻസിനുശേഷം തിരുസഭാധിപൻ പ്രഖ്യാപിച്ചതു ഇപ്രകാരമാണ്: "സമാധാനസ്ഥാപനകാര്യത്തിൽ കത്തോലിക്കാതിരുസഭ അവളുടെ ഭാഗം നിർവ്വഹിക്കുന്നതിനും അവളുടെ ദിവ്യസ്ഥാപകൻെറ ആജ്ഞയനുസരിച്ച് സർവ്വകഴിവുകളും പ്രയോഗിക്കുന്നതിനും ലോകജനതയെ ഐക്യത്തിലേക്കും സമാധാനത്തിലേക്കും നയിക്കുന്നതിനുള്ള മാതൃസഹജമായ ഉൽക്കണ്ഠയെ പ്രായോഗികമാക്കുന്നതിനും സർവ്വദാ സന്നദ്ധയാണ്. പ്രകൃതിനിയമത്തെ സംബന്ധിച്ചുള്ള അറിവു പ്രദാനംചെയ്യുന്നതിനും പ്രസ്തുതജ്ഞാനത്തെ പ്രായോഗികമാക്കുന്നതിനുവേണ്ട ഉത്തേജനം നൽകുന്നതിനും തിരുസഭ എന്നാളും ശ്രദ്ധാലുവായിരുന്നിട്ടുണ്ട്......... ലോകത്തിൽ വിഭിന്നങ്ങളായ പ്രവണതകളും ആദർശങ്ങളും നടമാടുന്നുണ്ടെങ്കിലും അവ തമ്മിലുള്ള സംഘട്ടനങ്ങളെ ദൂരീകരിക്കുക നിർഭാഗ്യവശാൽ വളരെ പ്രയാസമുള്ള കാര്യമാണെങ്കിലും പ്രകൃതിനിയമത്തിൻെറ വ്യക്തവും അധികാരസമന്വിതവുമായ പ്രബോധനംവഴി സഭ പരസ്പരധാരണയും സമാധാനവും ജനപദങ്ങളുടെയിടയിൽ സംസ്ഥാപിക്കുന്നതിനുള്ള മാർഗ്ഗം തുറക്കുന്നതിനു എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. വിചാരത്തിലും പ്രവൃത്തിയിലും സ്നേഹമുണ്ടായിരിക്കുകയെന്നതു ഒരു യഥാർത്ഥക്രിസ്ത്യാനിയുടെ അവശ്യലക്ഷണമാണ്. അതാണ് ദേശീയമായ സ്വാർത്ഥതയെ നിഷ്കാസനംചെയ്യുന്നതിനും ലോകസമാധാനത്തെ പുരോഗമിപ്പിക്കുന്നതിനുമുള്ള ശക്തിമത്തായ ഉപാധി. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങൾക്കിടയിൽ ഈ സ്നേഹത്തിനു സംഭവഗതികളെ നിയന്ത്രിക്കുന്നതിനു കഴിഞ്ഞില്ല എങ്കിലും, അതിൻെറ ആസ്തിക്യം എല്ലാവർക്കും വിശദമായിക്കാണുവാൻ സാധിച്ചിരുന്നു......" എന്നിങ്ങനെ പോകുന്നു അദ്ദേഹത്തിൻെറ പ്രഭാഷണം. ഒററവാക്കിൽ പറഞ്ഞാൽ "നീതിയുടെ പരിണതഫലം സമാധാനം." സമാധാനാന്വേഷിയായ ഇന്നത്തെ ലോകം ക്രിസ്തുവിൻെറ പ്രതിപുരുഷൻെറ വാക്കുകൾ ചെവിക്കൊണ്ടിരുന്നുവെങ്കിൽ!

## വിനോദവീഥി

വേദപാഠക്ലാസിലെ സിസ്റ്റർ:- "കുട്ടികളേ, നിങ്ങളിൽ ആർക്കെല്ലാം മോക്ഷത്തിൽ പോകണം?"

കുട്ടികൾ ഓരോരുത്തർ:- "എനിച്ചുപോണം; എനിച്ചുംപോണം; യെനിച്ചുപോണം........"

ലിസി:-"സിസ്റ്ററേ, എനിക്കു പോരാൻ പററില്ലല്ലോ."

സിസ്റ്റർ:- "അതെന്താ?"

ലിസി:- "അമ്മ പറഞ്ഞയച്ചിട്ടുണ്ട്, ഇന്നു ക്ലാസ് വിട്ടാൽ ഉടനെ വീട്ടിൽ ചെല്ലണമെന്നു്."

x x x




"നിങ്ങളുടെ പരസ്യങ്ങൾ നടക്കുന്ന റേഡിയോവിൽക്കൂടി പ്രസിദ്ധം ചെയ്യുക. ഒരു ടൗൺ മുഴുവൻ പറയുന്നതിനു 1ണ മാത്രം!"

x x x

യാത്രക്കാരൻ:- "ഹേ, സാർ, അടുത്ത വണ്ടി എത്ര മണിക്കാണ് പുറപ്പെടുക?"

കണ്ടക്ടർ:- "അടുത്ത വണ്ടി 12 മണിക്കു്."

യാത്രക്കാരൻ:- "അതിനുമുമ്പു വണ്ടിയുണ്ടോ?"

കണ്ടക്ടർ:- "കളിയാക്കാതെടോ? അടുത്ത വണ്ടിയെന്നല്ലേ പറഞ്ഞതു്? അതിനിടയിൽ പിന്നെ വണ്ടിയുണ്ടോ?"

യാത്രക്കാരൻ:- കഴിഞ്ഞ ആഴ്ചയിൽ ഇങ്ങനെ പറഞ്ഞിട്ടു ഇടയ്ക്കു വണ്ടിപോയി. അതുകൊണ്ടു ചോദിച്ചതാണ്."

കണ്ടക്ടർ:- "എടോ അതു ഞങ്ങളുടെ കമ്പനിയല്ല."

## ഇടവകവാർത്തകൾ

(8-ാംപേജ് തുടർച്ച)

**പറപ്പൂക്കര:** ഈ ഇടവക പെ. ബ. ഫാദർ ജോൺ ചിറയത്തിൻെറ പൗരോഹിത്യരജതജൂബിലി മഹാമഹം ഇവിടെവച്ചു ആഘോഷിച്ചിരിക്കുന്നു. ദേവാലയാങ്കണത്തിൽ ഫാദർ ജേക്കബ് എളങ്കുന്നപ്പുഴയുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ബാലികാബാലന്മാരുടെ വിവിധ കലാപ്രകടനങ്ങളും സുപ്രസിദ്ധ കാഥികൻ, തോമസ് പുല്ലോക്കാരൻ & പാർട്ടിയുടെ കഥാപ്രസംഗവും നടന്നു. ജൂബിലേറിയൻ ഇവയെല്ലാം സമുചിതമായ മറുപടി പറഞ്ഞു.


**പേരാമ്പ്ര:** സ്ഥലം ഇടവകയിലെ സത്യാരാധനാസഖ്യത്തിൻെറ പ്രഥമവാർഷികം 31-12-55-ൽ റവ ഫാദർ ലിയോ ഒ എഫ് എം(കപ്പൂച്ചിൻ)അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പഴയ ഭാരവാഹികളെതന്നെ അടുത്തകൊല്ലത്തേക്കു സ്ഥിരപ്പെടുത്തിക്കൊണ്ടു യോഗം അവസാനിച്ചു. യോഗാനന്തരം 19 യുവാക്കന്മാർ മൂന്നാംസഭയിൽ ചേർന്നു സഭാവസ്ത്രം സ്വീകരിച്ചു.

ഈ ഇടവക വികാരി വെരി റവ ഫാദർ ഫിലിപ്പ് മുറിഞ്ഞകല്ലേൽ അവർകളുടെ മേൽനോട്ടത്തിൽ ഈ ഇടവകയിലെ സത്യാരാധനാസഖ്യാംഗങ്ങളുടേയും റവ ബ്രദർ മാത്യു മുറിഞ്ഞകല്ലേൽ അവർകളുടേയും പരിശ്രമഫലമായി ടി പള്ളിക്കു സമീപം സ്ഥാപിതമായ സെൻറ് തോമസ് വായനശാലയുടെ ഉൽഘാടനം 1-1-56 ഞായറാഴ്ച രാവിലെ 9-30 നു റവ ബ്രദർ മാത്യു മുറിഞ്ഞകല്ലേൽ അവർകളാൽ നടത്തപ്പെട്ടു. ഉൽഘാടനയോഗത്തിൽ വെരി റവ ഫാദർ ഫിലിപ്പ് മുറിഞ്ഞകല്ലേൽ അവർകൾ അദ്ധ്യക്ഷതവഹിച്ചു. ശ്രീ കെ സി തോമസ് സ്വാഗതമരുളി. യോഗത്തിൽ റവ ഫാദർ ലിയോ ഒ എഫ് എം, ശ്രീ ജോർജ് കുടക്കച്ചിറ ബി എ എന്നിവർ പ്രസംഗിച്ചു.

**ചുണ്ടച്ചേരി:** അ. കേ. ചെറുപുഷ്പമിഷൻലീഗ് ചുണ്ടച്ചേരിശാഖയുടെ 6-ാമത്തുവാർഷികം 1956 ജനുവരി 1-ാംനു സ്ഥലം സൺഡേസ്കൂൾ ഹാളിൽവച്ചു റവ ഫാദർ ജി സി ടി ലാർ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ മി വി ഡി ജോസഫ് ബി എ ബി എൽ, ബ്രദർ വി എൽ ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു യോഗത്തിനുശേഷം ലീഗിനായി ലഭിച്ച കാർഷികസാധനങ്ങൾ ലേലംചെയ്തതിൽ 80 രൂപ മിഷനു ലഭിച്ചു.

**കുറത്തിയാട്:** ഈ ഇടവകയിൽ സ്തുത്യർഹമായി പ്രവർത്തനം നടത്തിവരുന്ന ലിജിയൻ ഓഫ് മേരി പ്രസീദിയങ്ങളുടെ വാർഷികം റവ ഫാദർ സഖറിയാസ് ചങ്ങങ്കരി ബി എ എൽ ടി അവർകളുടെ അദ്ധ്യക്ഷതയിൽ ജനുവരി 1-ാംനു ഞായറാഴ്ച വൈകീട്ട് മൂന്നുമണിക്ക് സ്ഥലം സെൻറ് ജോൺസ് മിഡിൽസ്കൂളിൽവച്ചു ഘോഷിക്കയുണ്ടായി. ജപമാലപ്രദക്ഷിണത്തിനുശേഷം ചേർന്ന യോഗത്തിൽ ബ്രദർ കെ സി ചാണ്ടപ്പിള്ള ബി എ എൽ ടി സ്വാഗതപ്രസംഗംചെയ്തു. സി. പി ടി ഏലിയാമ്മ റിപ്പോർട്ടുവായിച്ചു. ലിജിയൻപ്രവർത്തനത്തേയും മാതൃമാഹാത്മ്യത്തേയും പ്രകീർത്തിച്ചു അദ്ധ്യക്ഷനവർകളും ചാരുമൂട്ട് മേരി, പി ഓസ്, ബ്രദർ എൻ മത്തൻ എന്നിവരും പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു ബാലികമാരുടെ വിനോദപ്രകടനങ്ങളുമുണ്ടായിരുന്നു.


## For Favours Received



Mrs· C· J· Varghese
Cunnil House, Alleppy·


**കറാനം:** ഈ ഇടവകയിൽ പ്രവർത്തനം നടത്തിവരുന്ന ലിജിയൻ ഓഫ് മേരി പ്രസീദിയങ്ങളുടെ സംയുക്തവാർഷികം ലിജിയൻ ഡയറക്ടർ റവ ഫാദർ സക്കറിയാസ് കിളിയിലേത്തു അവർകളുടെ അദ്ധ്യക്ഷതയിൽ ഡിസമ്പർ 25-ാംനു നാലുമണിക്കു സ്ഥലം പോപ്പ് പിയൂസ് XI ഹൈസ്കൂളിൽവച്ചു ഘോഷിക്കുകയുണ്ടായി. സിസ്റ്റർ പി എം ഏലിയാമ്മ സ്വാഗതംപറഞ്ഞു ബ്രദർ എം കെ മാത്തുണ്ണി റിപ്പോർട്ടുവായിച്ചു. ലിജിയൻെറ പ്രവർത്തനത്തെ പുരസ്കരിച്ചു അദ്ധ്യക്ഷനവർകളും റവ ഫാദർ മാത്യു കൊമ്പനാൽ, ബ്രദർ കെ കരുവിള എന്നിവരും പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ കലാപ്രകടനങ്ങളുണ്ടായിരുന്നു. മീററിംഗിനുശേഷം ടൗണിൽക്കൂടി ഒരു ജപമാലറാലി നടത്തുകയും തദനന്തരം ഇടവകദേവാലയത്തിൽവച്ചു വി. കർബാനയുടെ വാഴ്വു നൽകുകയുമുണ്ടായി.

—o—

## വിവാഹവാർത്ത

**ഉദയംപേരൂർ:** ഈ ഇടവക ചേലക്കവെളി ദേവസ്സിയുടെ പുത്രി സാറായും പനങ്ങാട്ട് പള്ളി ഇടവക കൃഷ്ണശ്ശേരി ആഗസ്തിയുടെ പുത്രൻ കുര്യാക്കോയും തമ്മിലുള്ള വിവാഹം 1955 ഡിസംബർ 26-ാംനു നടന്നു. വിവാഹം ആശീർവ്വദിച്ചതു റവ ഫാദർ കുര്യാക്കോസ് കോട്ടൂർ ആണ്.

# വിവിധവൃത്താന്തങ്ങൾ

### മദ്ധ്യശതകത്തിലെ ഗോപുരഭാഗം കണ്ടെടുത്തു

വത്തിക്കാൻ അരമനയുടെ വളരെ പഴയ ഒരുഭാഗത്തു അഞ്ചാം നിക്കൊളാസ് മാർപ്പാപ്പായുടെ കല്പനപ്രകാരം പുനരുദ്ധരിക്കുന്ന ജോലിക്കാർക്കിടയിൽ 13-ാംനൂററാണ്ടിൽ വത്തിക്കാൻെറ പ്രതിരോധനകേന്ദ്രമായിരുന്ന ഒരു ഗോപുരഭാഗം കണ്ടുകിട്ടിയിരിക്കുന്നു.

### ചരമവാർത്ത

**ഉദയംപേരൂർ:** ഈ ഇടവക ആലുങ്കര മാണിക്കനാംപറമ്പിൽ ഔസേപ്പു അവുത അവർകൾ ഏതാനും ദിനം മുമ്പ് 67-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം ഡിസംബർ 27-ാംനു റവ ഫാദർ കുര്യാക്കോസ് കോട്ടൂർ അവർകളുടേയും പല ബ. വൈദികരുടേയും കാർമ്മികത്വത്തിൽ ഉദയംപേരൂർ പുത്തൻപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു ശവസംസ്കാരാനന്തരം ധാരാളം സാധുക്കൾക്കു പണവും മൃഷ്ടാന്നഭോജനവും നൽകപ്പെടുകയുണ്ടായി.

R· I· P·

### റിപ്പോർട്ട് ഗ്രന്ഥരൂപത്തിൽ

നാഗപ്പൂർ അൽമായ നേതൃകോൺഫറൻസ് കൺവീനർ റവ. പി. ജെ. ദ്രവ്യം ഇപ്രകാരം എഴുതുന്നു:- കോൺഫറൻസിൽ പങ്കുകൊണ്ട പ്രതിനിധികളുടെ നിർദ്ദേശം അനുസരിച്ചും കോൺഫറൻസിൽ പങ്കുകൊള്ളാൻ കഴിയാതിരുന്നവരുടെ പ്രയോജനം മുൻനിറുത്തിയും കോൺഫറൻസിൻെറ റിപ്പോർട്ട് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. പ്രധാന പ്രസംഗങ്ങൾ, പൊതുപ്രസ്താവന, പ്രമേയങ്ങൾ, പ്രതിനിധികളുടെ പേരുകൾ എന്നിവ ഉൾപ്പെടെ കോൺഫറൻസിൻെറ മുഴുവൻനടപടികളും ഫോട്ടോകളും റിപ്പോർട്ടിൽ ഉണ്ടായിരിക്കും. ഒരു പ്രതിയുടെ വില 4 രൂപാ ആയിരിക്കും. 1956 ജനുവരി 25-ാം തിയതിക്കു മുൻപെ അപേക്ഷിക്കുന്നവർക്കു മാത്രമേ പ്രതികൾ നൽകൂ. റവ.പി.ജെ.ദ്രവ്യം, കത്തിഡ്രൽ കോളേജ്, അലക്സാൻഡ്രാ പ്ലെയിസ്, ന്യൂഡൽഹി അല്ലെങ്കിൽ മാനേജർ, സോഷ്യൽ ഇൻസ്റ്റിറ്റ്യൂറ്റ്, 4 ബോട്ടു റോഡു, പൂനാ എന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക. ഇംഗ്ലീഷിലും ഹിന്ദിയിലും പരസ്യം ചേർക്കും. ഒരു പേജിനു 100 രൂപാ, അര പേജിനു 60 രൂപാ, കാൽ പേജിനു 35 രൂപാ എന്ന നിരക്കിൽ മുൻകൂർ പണം അടച്ചു അപേക്ഷിക്കണം.

റോമിൽ ഈയിടെയായി കണ്ടുകിട്ടിയിട്ടുള്ള ചരിത്രപ്രസിദ്ധമായ പുരാതനസ്മാരകങ്ങളിൽ ഇതും പ്രാധാന്യമർഹിക്കുന്ന ഒരു സ്ഥാപനമാണ്.

### യൂറോപ്പിലെ ഏററം ഉയരംകൂടിയ സ്ഥാനത്തു മാതൃസ്വരൂപം

ഈയിടെ പണികഴിച്ചിട്ടുള്ള മിലാനിലെ ഉത്തുംഗസൗധം യൂറോപ്പിലുള്ള എല്ലാ കെട്ടിടങ്ങളെക്കാളും ഉയരംകൂടിയതാണെന്നു വിശ്വസിക്കപ്പെടുന്നു. അതിൻെറ ഉച്ചിയിൽ ബ്രോൺസിൽ വാർത്തെടുത്തിട്ടുള്ള ഒരു മാതൃപ്രതിമ—മഡോനിന—അനാച്ഛാദനം ചെയ്യപ്പെട്ടു. ഇററാലിയൻ പ്രസിഡൻറ് സിഞ്ഞോർ ഗ്രാഞ്ചി അനാച്ഛാദനകർമ്മത്തിൽ സംബന്ധിച്ചിരുന്നു.

### പത്തുകൊല്ലം സൈബീരിയായിൽ ബന്ധനമനുഭവിച്ച മെത്രാൻ

പൂർവ്വപ്രഷ്യയിൽ പെട്ടിരുന്ന എർമ്ലാണ്ട് രൂപതയുടെ വികാരിജനറാളായിരുന്ന മോൺ: അലോഷ്യസ് മക്കവാർട്ട് തിരുമേനി പത്തുകൊല്ലക്കാലം സൈബീരിയായിലുള്ള വിവിധ റഷ്യൻ തടവുകളിൽ കഴിഞ്ഞുകൂടിയശേഷം ഇപ്പോൾ ജർമ്മൻകാരും ആസ്ട്രിയൻകാരുമായ 93 മററു തടവുകാരോടുകൂടി ബന്ധനവിമുക്തനായി പടിഞ്ഞാറെ ബെർലിനിൽ എത്തിയിരിക്കുന്നു. തിരുമേനിക്കു ഇപ്പോൾ 76 വയസ്സു പ്രായമുണ്ട്. 1945 ൽ ബെർലിനിലുള്ള ഒരു കത്തോലിക്കാ ആശുപത്രിയിൽവച്ചു അദ്ദേഹം അറസ്റ്റുചെയ്യപ്പെടുകയും ഒരു റഷ്യൻ ജനറലിൻെറ ഉത്തരവനുസരിച്ചു "പരിശോധന"യ്ക്കായി കൊണ്ടുപോകപ്പെടുകയുംചെയ്തു പിന്നീടു യാതൊരറിവുമില്ലായിരുന്നു. കഴിഞ്ഞ വേനൽക്കാലത്താണ് ആദ്യമായി ഒരു കത്തു സൈബീരിയായിലുള്ള അലക്സാണ്ട്രോവിസ്ക് കാരാഗൃഹത്തിൽനിന്നും ജർമ്മനിയിൽ കിട്ടിയതു. അതുവരെ അദ്ദേഹം മൃതിയടഞ്ഞുവെന്നാണ് എല്ലാവരും വിശ്വസിച്ചിരുന്നതു. റഷ്യയിൽനിന്നു മടങ്ങിവന്ന ചില ജർമ്മൻതടവുകാരും അങ്ങനെയാണ് പറഞ്ഞറിഞ്ഞതു. പക്ഷെ അറസ്റ്റുനടന്ന ഉടനെ അദ്ദേഹം വിമാനമാർഗ്ഗം റഷ്യയിലേക്കു കൊണ്ടുപോകപ്പെടുകയും പല കാരാഗൃഹങ്ങളിലും മാറിമാറി താമസിപ്പിക്കപ്പെടുകയുമാണുണ്ടായതെന്നു ഇപ്പോൾ അദ്ദേഹം വിശദമാക്കിയിരിക്കുന്നു.

### കർദ്ദിനാൾ സ്പെൽമാനു ഏഴു സഹായ മെത്രാന്മാർ

ന്യൂയോർക്കിലെ കർദ്ദിനാളായ സ്പെൽമാൻ തിരുമേനിയെ അവിടുത്തെ ജോലികളിൽ സഹായിക്കുന്നതിനു ഏഴു സഹായമെത്രാന്മാരുണ്ട്. ലോകത്തിൽ ഒരിടത്തും ഇത്രവളരെ സഹായമെത്രാന്മാരുള്ള ഒരു വൈദികാദ്ധ്യക്ഷനില്ല. അവസാനമായി നിയമിതനായ സഹായമെത്രാൻ മൻഹട്ടനിലെ സെൻറ് തോമസ് മോർ ഇടവകവികാരിയായ മോൺ: ഫിലിപ്പ് ഫർലോങ്ങ് അവർകളാണ്. അദ്ദേഹത്തിനു 63 വയസ്സു പ്രായമുണ്ട്. മുമ്പു അദ്ദേഹം ന്യൂയോർക്കിലെ ജൂനിയർ സെമിനാരിയുടെ പ്രസിഡണ്ടായിരുന്നു.

### മിലാൻ മെത്രാപ്പോലീത്തായുടെ ക്രിസ്തുമസ്സ് പാവങ്ങളുടെ ഇടയിൽ

മിലാനിലെ മെത്രാപ്പോലീത്തായായ മോൺ. മൊന്തീനി തിരുമനസ്സുകൊണ്ടു അവിടുത്തെ ക്രിസ്തുമസ്സ് അതിരൂപതയിലെ ഏററം പാവപ്പെട്ടവരുടെ ഇടയിൽ ആഘോഷിച്ചിരിക്കുന്നു. "പെട്രോ ദെൽമാറോ" എന്ന സ്ഥലത്തു പാവപ്പെട്ട കുടിലുകളിൽ 780 സാധുക്കൾ ജീവിക്കുന്നുണ്ട്. 235 കുട്ടികളും അക്കൂട്ടത്തിൽ പെടും. അവർ ദക്ഷിണഇററലിയിൽനിന്നു കുടിയേറിപ്പാർത്തിട്ടുള്ളവരാണ്. മിലാനിൽ അവർക്കു പൗരാവകാശങ്ങൾപോലുമില്ല അവരുടെയിടയിൽ ജോലിചെയ്യുന്ന രണ്ടു വൈദികർ ഒരു കുടിൽ ഒരു താല്കാലികകപ്പേളയായി രൂപപ്പെടുത്തി. അതിലാണ് മൊന്തീനിമെത്രാപ്പോലീത്താ പാതിരാക്കുർബാന അപ്പിച്ചതു. അവരുടെ മദ്ധ്യത്തിൽ തിരുമേനി ഉല്ലാസഭരിതനായി ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുക്കുകയുംചെയ്തു.


## കാഞ്ഞൂർ പള്ളിയിൽ

### വി. സെബസ്ത്യാനോസിൻെറതിരുനാൾ

ഇക്കൊല്ലം ജാനുവരി 19, 20 തീയതികളിൽ (വ്യാഴം, വെള്ളി) ആഘോഷപൂർവ്വം കൊണ്ടാടപ്പെടുന്നതാണ്. എട്ടാമിടം ജാനുവരി 27-ാംനു വെള്ളിയാഴ്ചയുമാണ്.

ടി. പള്ളിവികാരി




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 ‖ JANUARY 11, ERNAKULAM ‖ No. 22


## തലശ്ശേരി രൂപതാദ്ധ്യക്ഷൻ

ഭാരതത്തിലെ അപ്പസ്തോലിക ക്രൈസ്തവസഭയുടെ പാരമ്പര്യത്തിനു ചൂഡാമണിയായി പരിലസിക്കുന്ന കേരളസിറിയൻ ഹയരാർക്കിയിലെ പിഞ്ചുസൂനമാണു് തലശ്ശേരി രൂപത. 1953 ഡിസമ്പർ 31-ാംതിയതിയിലെ പേപ്പൽ തിരുവെഴുത്തുമൂലം കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ 12-ാംപീയൂസ് മാർപ്പാപ്പാ, കോഴിക്കോട്ടു രൂപതയിൽ കുടിയേറിപ്പാർക്കുന്ന നിരവധി സുറിയാനിക്കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനുവേണ്ടി തലശ്ശേരി രൂപത സ്ഥാപിക്കുകയും എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി അതിനെ പ്രഖ്യാപിക്കുകയും ചെയ്തു. എറണാകുളം അതിരൂപതയുടെ അതിവന്ദ്യമെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റിനോസ് തിരുമേനിക്കു പരിശുദ്ധസിംഹാസനത്തിൽനിന്നും ലഭിച്ച പ്രത്യേക കല്പനയനുസരിച്ചു അവിടത്തെ പ്രതിനിധിയായി സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി തലശ്ശേരി ജപമാലരാജ്ഞിയുടെ ദേവാലയത്തിൽവച്ചു 1954 മാർച്ചു 19-ാം തിയതി രൂപതാസ്ഥാപനതിരുവെഴുത്തു വിളംബരം ചെയ്യുകയും പുതിയ രൂപതയുടെ അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്കാ റൈററ് റവ. മോൺസിഞ്ഞോർ സെബാസ്റ്റിൻ വള്ളോപ്പിള്ളി തിരുമേനിയെ രൂപതാഭരണം ഏല്പിക്കുകയും ചെയ്തു. 1955 നവമ്പർ 7-ാംതിയതിയാണു് മോൺ. വള്ളോപ്പിള്ളി തിരുമേനിയെ തലശ്ശേരിരൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള പ്രഖ്യാപനം കമ്പിമൂലം ഇൻറർനൂൺഷ്യേച്ചറിൽനിന്നും ലഭിച്ചതു്. നിയുക്തമെത്രാൻ തിരുമനസ്സിലെ അഭിലാഷമനുസരിച്ചു റോമിൽ വച്ചു അഭിഷേകം സ്വീകരിക്കുന്നതിനു ഡിസമ്പർ 21-ാംനു തിരുമേനി വിമാനമാർഗ്ഗം യാത്രയായി. കർദ്ദിനാൾസംഘത്തിൻെറ ഡീനും, പൗരസ്ത്യതിരുസംഘത്തിൻെറ സിക്രട്ടറിയുമായ അത്യുന്നത കർദ്ദിനാൾ ടിസ്സറാങ്ങു് തിരുമനസ്സുകൊണ്ടു് മോസ്റ്റ് റവ. ഡോക്ടർ സിഗ്മണ്ടി, ഒർത്തോണാമെത്രാൻ ശ്രീഎന്നി തിരുമേനിമാരുടെ സഹകാർമ്മികത്വത്തിൽ സെൻറു് പീറേഴ്സ് ദേവാലയത്തിൽവച്ചു 1956 ജനുവരി 8-ാംനു സാഘോഷം അദ്ദേഹത്തെ മെത്രാനായി അഭിഷേചിച്ചു.

### തിരുമേനി നീണാൾ വിരാജിക്കട്ടെ!

തലശ്ശേരി രൂപതാസ്ഥാപനം കേരളസുറിയാനി സഭാചരിത്രത്തിലെ ഒരു നവീനാദ്ധ്യായത്തിൻെറ പ്രാരംഭമാണു്. ഭാരതത്തിൻെറ ക്രൈസ്തവീകരണം ചിരസ്ഥായിയായ ഒരു മഹാപ്രശ്നമാണു്. "ഭാരതമേ, നിൻെറ സന്താനങ്ങളിലാണു് നിൻെറ രക്ഷ" എന്നു ദീർഘചക്ഷുസ്സായ 13-ാം ലെയോൻ മാർപ്പാപ്പാ അരുളിച്ചെയ്തു. അതിൻെറ സാക്ഷാല്ക്കാരത്തിനുവേണ്ടി അവിടുന്നു ദൃഷ്ടികൾ തിരിച്ചതു കേരളത്തിലെ കത്തോലിക്കാ സമൂഹത്തിലേക്കായിരുന്നു. ഇവിടത്തെ അപ്പസ്തോലിക സഭാവിഭാഗത്തിൻെറ ശ്രേയസ്കരമായ പുരോഗതിയെ ലക്ഷ്യമാക്കി 1896-ൽ സ്വന്താറിത്തിൽ ഏതദ്ദേശീയരായ മെത്രാന്മാരെ തിരുമനസ്സുകൊണ്ടു കല്പിച്ചു നിയമിച്ചു. വിദേശീയ ലത്തീൻ ഭരണത്തിൽനിന്നു വിമുക്തമായ സുറിയാനിസഭാവിഭാഗം തൽഫലമായി അതിവേഗത്തിൽ പുരോഗമിച്ചു. 1923 ഡിസമ്പർ 21-ാംതിയതിയിലെ "Romani Pontifices" എന്ന തിരുവെഴുത്തുമൂലം ഭാഗ്യസ്മരണാർഹനായ 11-ാംപീയൂസ് മാർപ്പാപ്പാ കേരളസുറിയാനി ഹയരാർക്കി സ്ഥാപിക്കുകയും എറണാകുളത്തെ അതിരൂപതയായി ഉയർത്തുകയും ചെയ്തു. ഏവംവിധം സഭാഘടനയിൽ പരിപൂർണ്ണമായ ഭരണാധിപത്യം ഇവിടെ ലഭ്യമായി.

ഇനിയും ഉദ്ദിഷ്ടലക്ഷ്യത്തിനു പ്രതിബന്ധമായ പലേ സാഹചര്യങ്ങളെ ജയിക്കേണ്ടതായും പ്രശ്നങ്ങളെ പരിഹരിക്കേണ്ടതായും നിലകൊള്ളുന്നുണ്ടായിരുന്നു. അവയിൽ പ്രധാനമായ ഒന്നാണു് സുറിയാനിവിഭാഗത്തെ സംബന്ധിച്ചു് സാന്ദർഭികമായി വന്നുകൂടിയ ഒരതിർത്തിപ്രശ്നം. സുറിയാനിറീത്തിൽപെട്ടവർക്കു പമ്പാനദിക്കും ഭാരതപ്പുഴയ്ക്കും പുറമെ അവരുടെ റീത്തനുസരിച്ചുള്ള ആരാധനക്രമങ്ങൾ പാലിച്ചു പോകുന്നതിനു സാധിച്ചിരുന്നില്ല. ധാരാളം സുറിയാനികത്തോലിക്കർ ഇതരഭാഗങ്ങളിലേക്കു കുടിയേറിപ്പാർക്കുന്നതിനു തുടങ്ങിയപ്പോൾ ഈ പ്രശ്നം രൂക്ഷമായിത്തീർന്നു. മാത്രമല്ല മിഷൻപ്രവർത്തനങ്ങൾക്കായി ഭാരതത്തിൻെറ നാനാഭാഗങ്ങളിലേക്കു പാഞ്ഞൊഴുകുന്നതിനു വെമ്പൽകൊണ്ടിരുന്ന യുവപ്രേഷിതർക്കു റീത്തുപ്രശ്നം വളരെ അസ്വസ്ഥതയ്ക്കു നിദാനമായുമിരുന്നു. ഈ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള പര്യാലോചനകൾ നടന്നുകൊണ്ടിരിക്കവേയാണു് റീത്തുകളുടെ തിരുസംഘം സിക്രട്ടറിയും റോമിലെ ഭരണകേന്ദ്രത്തിൽ പ്രമുഖസ്ഥാനമലങ്കരിക്കുന്ന കർമ്മപടുവുമായ അത്യുന്നത കർദ്ദിനാൾ ടിസ്സറാങ്ങു് തിരുമേനി കേരളവും ഇന്ത്യയുടെ വിവിധഭാഗങ്ങളും നേരിട്ടു സന്ദർശിച്ചു് ഇവിടത്തെ സ്ഥിതിഗതികളെക്കുറിച്ചുള്ള ഒരു സൂക്ഷ്മപഠനം നടത്തുകയുണ്ടായതു്. തൽഫലമായി 13-ാം ലെയോൻ മാർപ്പാപ്പാ വിഭാവനംചെയ്തതായ ഭാരതക്രൈസ്തവീകരണ പദ്ധതിയിൽ പ്രതിബന്ധങ്ങളായി നിന്നിരുന്ന പലേ സാഹചര്യങ്ങളെയും ഒഴിവാക്കുന്നതിനുള്ള സുഗമമാർഗ്ഗങ്ങൾ വ്യക്തമാവുകയുണ്ടായി. അതിൽ ആദ്യത്തെ നടപടിയാണു് മലബാറിൽ കുടിയേറിപ്പാർത്തിരുന്ന സുറിയാനിക്കാരെ സംബന്ധിച്ചുള്ള തലശ്ശേരി രൂപതാസ്ഥാപനം. ഒരു ലക്ഷത്തോളം വരുന്ന ഒരു ജനവിഭാഗമാണു് തലശ്ശേരിരൂപതയിൽ പെടുന്നതു്. ഇക്കഴിഞ്ഞ രണ്ടുകൊല്ലം കൊണ്ടു് ഈ അഭിനവരൂപതയ്ക്കു കൈവന്നിട്ടുള്ള അഭിവൃദ്ധി അഭ്യസൂയാവഹമെന്നുതന്നെ പറയണം. കൃഷിക്കുള്ള സൗകര്യങ്ങൾമാത്രം ലക്ഷ്യമാക്കി വിവിധഭാഗങ്ങളിൽ കുടിയേറിത്താമസിക്കുന്ന ഈ ജനവിഭാഗത്തിനു ആവശ്യമായ ആരാധനാസ്ഥലങ്ങളും വിദ്യാഭ്യാസസൗകര്യങ്ങളും രോഗശുശ്രൂഷോപാധികളും മററും സജ്ജീകരിക്കുക അത്ര എളുപ്പമല്ല. എന്നാൽ അവയിലെല്ലാം കാര്യമായ പുരോഗതി ഇതിനകം കൈവന്നുകഴിഞ്ഞിട്ടുണ്ടു്. അഭിനവമെത്രാൻ തിരുമനസ്സിലെ ഇടന്നുള്ള പരിശ്രമവും എല്ലാവരിൽനിന്നുമുള്ള അകമഴിഞ്ഞ സഹായസഹകരണങ്ങളും അത്ഭുതകരമായ ഫലങ്ങൾ പുറപ്പെടുവിക്കുമെന്നുള്ളതു തീർച്ചയാണു്.

സുറിയാനിസഭയെ പൊതുവേയും തലശ്ശേരിരൂപതയെ പ്രത്യേകിച്ചും സ്പർശിക്കുന്ന ഒരു നടപടിയായിരുന്നു 1955 ഏപ്രിൽ 29-ാംനു-യിലെ ഹയരാർക്കിയുടെ അതിർത്തിവികസനഡിക്രി. ഭാരതപ്പുഴയുടേയും പമ്പാനദിയുടേയും സങ്കുചിതമായ അതിർത്തിബന്ധനങ്ങളെ അതു തട്ടിത്തകർത്തു് വികസനകവാടം തുറന്നുകൊടുത്തിരിക്കുകയാണു്. ഹയരാർക്കിയുടെ അതിർത്തിസംബന്ധമായ വികസനം പ്രശസ്തമായ അതിൻെറ സേവനപരിപാടികളെ വിപുലമായി വ്യാപിപ്പിക്കുന്നതിനുള്ള സൗകര്യമാണു് പ്രദാനം ചെയ്തിരിക്കുന്നതു്. ഇനിയും ഭാരതത്തിൻെറ ഇതരഭാഗങ്ങളിൽ സഭാസേവനത്തിനും മിഷൻപ്രവർത്തനങ്ങൾക്കുംവേണ്ടിപോകുന്ന വൈദികരുടേയും സന്യാസിനികളുടേയും റീത്തുപാലനവിഷയത്തിലും അനുകൂലങ്ങളും സൗകര്യപ്രദങ്ങളുമായ പലേ തീരുമാനങ്ങളും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്രകാരം റീത്തുകളുടെ പരിമിതമായ സാഹചര്യങ്ങളെ ആവശ്യാനുസൃതം വിപുലീകരിച്ചുള്ള തീരുമാനങ്ങൾ ഭാരതത്തിലെ മിഷൻപ്രവർത്തനങ്ങളെ സ്വയം ഏറെറടുക്കുന്നതിനുള്ള ഏതദ്ദേശീയ മിഷനറിവ്യൂഹത്തിൻെറ കഴിവുകളെ എത്രമാത്രം വർദ്ധിപ്പിച്ചിട്ടുണ്ടു് എന്നു മനസ്സിലാക്കുമ്പോൾ പരിശുദ്ധ സിംഹാസനത്തിനു ഏതൽകാര്യത്തിലുള്ള വിശാലവീക്ഷണത്തേയും ഭാരതത്തിലെ കത്തോലിക്കർ ഒത്തൊരുമിച്ചു് ഭാരതത്തിൻെറ ക്രൈസ്തവീകരണത്തിൽ പ്രവർത്തിക്കേണ്ട ആവശ്യത്തേയും വിശദമായി കാണുവാൻ സാധിക്കും. തലശ്ശേരിരൂപതയെ അതിൻെറ നാന്ദിയായി കണക്കാക്കാവുന്നതാണു്. അതുകൊണ്ടാണു് കേരളസഭാചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറക്കുന്ന നാഴികക്കല്ലായി അതു നിലകൊള്ളുന്നതു്.

## പ്രസാധകക്കുറിപ്പുകൾ

### ക്രൂഷേവിൻെറ രഹസ്യനിർദ്ദേശം

ഇററലിയിലെ "ഇൽപോപ്പലോ" എന്ന ക്രിസ്ത്യൻ ഡെമോക്രാറ്റിക്കു് പത്രത്തിൻെറ പ്രതിനിധി വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽനിന്നു സമ്പാദിച്ച അറിവിനെ ആധാരമാക്കി പ്രസ്തുത പത്രത്തിൽ പരസ്യപ്പെടുത്തിയിട്ടുള്ള ഒരു റിപ്പോർട്ടിൽ, സോവ്യററു് കമ്മ്യൂണിസ്റ്റു പാർട്ടി സെക്രട്ടറിയായ മി. ക്രൂഷേവു് ഫ്റഞ്ചു്, ഇററാലിയൻ കമ്മ്യൂണിസ്റ്റു പാർട്ടികൾക്കു കൊടുത്തിട്ടുള്ള ഒരു രഹസ്യസക്കുലറിനെപ്പററി പ്രതിപാദിച്ചിരിക്കുന്നു. ഏപ്രിൽ 16-ാംനു പുറപ്പെടുവിച്ച ഈ സക്കുലർ പശ്ചിമജർമ്മൻ കമ്മ്യൂണിസ്റ്റു പാർട്ടിക്കും അയച്ചുകൊടുത്തിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ടു്. ജനകീയമുന്നണി പ്രവർത്തനമാണു് അതിലെ പ്രധാനപ്രതിപാദ്യം. വടക്കെ അററ്ലാൻറിക്കു് സഖ്യസംഘടനയും പശ്ചിമയൂറോപ്യൻയൂണിയനുമെതിരായി നേരിട്ടുള്ള തുറന്ന ആക്രമണങ്ങൾ നടത്താതെ, നിഷ്പക്ഷതയുടേയും സംഘർഷണലാഘവത്തിൻേറയും ഒരു പ്രവണത വളർത്തുകയാണു് പശ്ചിമയൂറോപ്യൻ കമ്മ്യൂണിസ്റ്റുകൾ ചെയ്യേണ്ടതെന്നും, അവർ അങ്ങനെ ചെയ്താൽ പാശ്ചാത്യസഖ്യസംഘടന തകർന്നുകൊള്ളുമെന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ പാശ്ചാത്യസഖ്യത്തിൽ വലിയ താല്പര്യമൊന്നുമില്ലാത്ത പശ്ചിമജർമ്മൻഗ്രൂപ്പുകൾക്കുള്ളിൽ കമ്മ്യൂണിസ്റ്റു നുഴഞ്ഞുകയററത്തിനുള്ള വിശദമായ നിർദ്ദേശങ്ങളും, ആസ്ട്രിയൻസോഷ്യലിസ്റ്റു പാർട്ടിക്കുള്ളിൽ വല്ലവിധത്തിലും തുരന്നുകയറാനുള്ള മാർഗ്ഗങ്ങളെപ്പററിയുള്ള ഉൽബോധനങ്ങളും സക്കുലർ നൽകുന്നുണ്ടു്. ഇതിനു വേണ്ടിവരുന്ന ചിലവുകളുടെ ഒരു എസ്റ്റിമേററു സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ടു്. പ്രവർത്തനത്തിൻെറ പുരോഗതിയെപ്പററി ഫ്റഞ്ചു്-ഇററാലിയൻ കമ്മ്യൂണിസ്റ്റു പാർട്ടികൾ അന്വേഷിച്ചു റിപ്പോർട്ടുസമർപ്പിക്കുന്നതായിരിക്കും. ഇന്ത്യൻപ്രധാനമന്ത്രി റഷ്യ സന്ദർശിച്ചപ്പോൾ ഇന്ത്യയുടേതായ സഹവർത്തിത്വാശയം റഷ്യ സ്വീകരിച്ചു് തദനുസരണം ഒരുടമ്പടിയിൽ ആഘോഷമായി ഒപ്പുവച്ചു. ജനീവായിൽ നടന്ന ഉപരിതലകോൺഫറൻസിൽവച്ചു റഷ്യ കോമിൻഫോം പിരിച്ചുവിട്ടതായി പ്രഖ്യാപിക്കുമെന്നു ലോകം വ്യഥാ പ്രതീക്ഷിച്ചു. റഷ്യയുടെ രാഷ്ട്രാന്തരനയത്തിൽ കാതലായ വ്യതിയാനം വന്നിരിക്കുമെന്നുള്ള പ്രത്യാശയാണു് ഈവിധ ശുഭാപ്തിവിശ്വാസത്തിനു മററുള്ളവർക്കു പ്രേരണയായിരുന്നതു്. റഷ്യക്കു കമ്മ്യൂണിസ്റ്റുതത്വത്തിൽ ഉറച്ചുനിന്നുകൊണ്ടു് ഇതൊന്നും ചെയ്യുവാൻ സാദ്ധ്യമല്ലെന്നും അതിൻെറ വിശ്വവിപ്ലവത്തിൻേറയും ലോകാധിപത്യത്തിൻേറയും ആദർശത്തെ പുരോഗമിപ്പിക്കുന്നതിനുള്ള ചില തന്ത്രങ്ങൾമാത്രമാണു് ഈ അഭിനയങ്ങളെന്നും ഇതരശക്തികൾക്കു ബോദ്ധ്യപ്പെടേണ്ട കാലം കഴിഞ്ഞിരിക്കുകയാണു്. സഹവർത്തിത്വത്തിനുള്ള സന്നദ്ധത വാഗ്ദാനംചെയ്താലും പഞ്ചശീലപ്രമാണത്തിനു പലപ്രാവശ്യം ഒപ്പുവച്ചാലും കോമിൻഫോമിൻെറ നയാദർശങ്ങളിൽമാത്രമേ അതു പ്രവർത്തിക്കുകയുള്ളുവെന്നു ഒരിക്കൽക്കൂടി പ്രഖ്യാപിക്കുന്ന ഒരു പ്രമാണമാണു് ക്രൂഷേവിൻെറ ഈ രഹസ്യരേഖ.

x x x

### ഇന്ത്യയുടെ സോഷ്യലിസ്റ്റ് മനോഭാവം

കഴിഞ്ഞ ആവഡിസമ്മേളനം ഇന്ത്യയിൽ സോഷ്യലിസ്റ്റിക്കു് വ്യവസ്ഥിതി നടപ്പാക്കണമെന്നുള്ള പ്രമേയം പാസ്സാക്കിപ്പിരിഞ്ഞതുമുതൽ അതേപ്പററി പല വിശദീകരണങ്ങളും ആശങ്കകളും അടിക്കടി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഇന്ത്യയിലെ സോഷ്യലിസ്റ്റുകളെ കോൺഗ്രസ്സിലേക്കടുപ്പിക്കുന്നതിനാണു് ഈ പ്രമേയം ലക്ഷ്യമാക്കിയിരുന്നതെന്നും അന്നു പറയപ്പെട്ടിരുന്നു. എന്നാൽ അക്കാര്യത്തിൽ വലിയ വിജയമൊന്നും ഉണ്ടായിട്ടില്ലെന്നും സോഷ്യലിസ്റ്റു കക്ഷി സ്വതന്ത്രമായി നില്ക്കാനാണു ഭാവമെന്നും അവരുടെ നിശ്ചയങ്ങൾ തെളിയിക്കുന്നുണ്ടു്. കോൺഗ്രസ്സിൻെറ ഈ സോഷ്യലിസ്റ്റുദർശം എന്താണെന്നും പൂർണ്ണമായി വ്യക്തമല്ല. ഇത്തരുണത്തിലാണു് ആഗ്രയിൽവച്ചു ഒരു കോൺഗ്രസ്സ്യോഗത്തിൽ പ്രധാനമന്ത്രി നെഹ്റു പ്രസ്താവിച്ചിരിക്കുന്നതു്, അടുത്ത പൊതുതിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്ആശയത്തിലെ വിശ്വാസപ്രമാണത്തിലും സോഷ്യലിസ്റ്റ്മാതൃകയിലുള്ള ജനസമുദായത്തിലും വിശ്വസിക്കുന്നവർക്കുമാത്രമേ കോൺഗ്രസ്സ്ടിക്കററു് നൽകുകയുള്ളുവെന്നു്. ഇതു സ്ഥിതിഗതികളെ ഒന്നുകൂടി കുഴപ്പത്തിലാക്കുകയല്ലേയെന്നു ഞങ്ങൾ സംശയിക്കുന്നു. അവ്യക്തമായ ആദർശങ്ങളിന്മേൽ വമ്പിച്ച രാഷ്ട്രപരിപാടികൾ പടുത്തുയർത്തുന്നതു് പലവിധത്തിലുള്ള കുഴഞ്ഞ പ്രശ്നങ്ങളെ സംജാതമാക്കാതിരിക്കുകയില്ല. നാഷണൽ ക്രിസ്ത്യൻ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ "ഇന്ത്യയിലെ സോഷ്യലിസ്റ്റു് സമ്പത്ത്വ്യവസ്ഥ" യെ സംബന്ധിച്ചു് ചർച്ചചെയ്യുന്നതിനു് ഈയിടെ ബോമ്പെയിൽ സമ്മേളിച്ച കോൺഫറൻസ് ഉൽഘാടനംചെയ്ത അവസരത്തിൽ ഒരു തികഞ്ഞ രാഷ്ട്രതന്ത്രജ്ഞനും സ്റ്റേററു് ബാങ്കു് ഓഫ് ഇന്ത്യയുടെ ചെയർമാനുമായ ഡോക്ടർ ജോൺ മത്തായി പ്രസ്താവിച്ചതിപ്രകാരമാണു്: രാജ്യത്തു സോഷ്യലിസ്റ്റു് സമ്പത്ത്വ്യവസ്ഥ നടപ്പാക്കുവാൻവേണ്ടി സ്വകാര്യസംരംഭങ്ങളെ അമർച്ചചെയ്യാൻ പാടില്ലാത്തതാണു്. ജനങ്ങളുടെ ജീവിതത്തോതുയർത്തണം. എന്നാൽ വ്യക്തികളുടെ ആദായങ്ങളിലുള്ള ഏററക്കുറച്ചിലുകൾ അവസാനിപ്പിക്കാനുള്ള മാർഗ്ഗം വ്യവസായദേശീകരണമല്ല. ആവഡിസോഷ്യലിസ്റ്റു പ്രമേയം തികച്ചും അവ്യക്തമാണു്. അതുകൊണ്ടു് അതിനൊരു പ്രായോഗികരൂപം നൽകേണ്ടിയിരിക്കുന്നു. ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റു് സമ്പത്ത്വ്യവസ്ഥ നടപ്പാക്കുന്നതിൽ നാലു ക്രിസ്തീയതത്വങ്ങൾ മുറുകെ പിടിക്കേണ്ടതാണു്. വ്യക്തിമാഹാത്മ്യം, സ്നേഹം, സൗഹൃദം, വ്യക്തിയുടെ ജീവിതത്തിൽ ആദ്ധ്യാത്മികവിഭാഗത്തിനുള്ള പ്രാധാന്യം എന്നിവയാണു് പ്രസ്തുത തത്വങ്ങൾ. അതുകൊണ്ടു് സോഷ്യലിസ്റ്റു വ്യവസ്ഥിതിയെ ശരിയായ വിധത്തിൽ അതിർത്തിനിർണ്ണയം ചെയ്യാതെ അതിനെ അടിസ്ഥാനമാക്കിയുള്ള ഒരു പ്രവർത്തനപരിപാടി സ്വീകരിക്കുന്നതു് ആപല്ക്കരമായിരിക്കുമെന്നു വിശദമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

x x x

### വർദ്ധമാൻ സംഭവത്തെപ്പററി ബിഹാർ മുഖ്യമന്ത്രി

ബിഹാർ മുഖ്യമന്ത്രിയായ ഡോക്ടർ ശ്രീകൃഷ്ണ സിൻഹാ ഗയാഡിസ്ത്രിക്ടിൽപെട്ട വർദ്ധമൻനഗർ എന്ന സ്ഥലത്തെ മിഷൻ കോളനിയിൽ കഴിഞ്ഞ ഒക്ടോബർ മാസത്തിൽ നടന്ന സംഭവത്തെ പരാമർശിച്ചു്, ജനങ്ങൾ മതപരമായ കാര്യങ്ങളിൽ അനുവർത്തിക്കേണ്ട സഹിഷ്ണുതാബോധത്തെപ്പററി ഉൽബോധിപ്പിക്കുന്ന ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു. അതിൽ അദ്ദേഹം ഇപ്രകാരമാണു് പറയുന്നതു്:-"മതവികാരങ്ങളെ ക്ഷതപ്പെടുത്തുന്നതിനോ, മതം അനുസരിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഭരണഘടന എല്ലാവർക്കും പ്രദാനം ചെയ്തിരിക്കുന്ന അവകാശങ്ങളിൽ കൈകടത്തുന്നതിനോ ഉള്ള ശ്രമം ഏതു ഭാഗത്തുനിന്നുണ്ടായാലും ഞങ്ങൾ അതിനെ കർക്കശമായി നിരോധിക്കുന്നതാണു്. തങ്ങളുടെ മതം അനുസരിക്കുന്നതിനും അനുഷ്ഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എല്ലാം സമുദാ

വാരാന്ത്യവീക്ഷണം

# മലയായുടെ സ്വാതന്ത്ര്യം

മലയായിലെ മുഖ്യമന്ത്രിയായ ടെങ്കു അബ്ദുൾ റഹിമാന്റെ പ്രശസ്തി അനുദിനം വർദ്ധിച്ചുവരികയാണ്. കമ്മ്യൂണിസ്റ്റുകാരുടെ ഭീകരപ്രവർത്തനങ്ങൾ അവസാനിപ്പിച്ചു രാജ്യത്തു് സമാധാനം സ്ഥാപിക്കയെന്നതാണ് അദ്ദേഹത്തിന്റെ പ്രധാന പ്രശ്നം. അതോടുകൂടിത്തന്നെ മലയായിൽ കോളണിഭരണം അവസാനിപ്പിക്കുന്നതിനു അദ്ദേഹം പരിശ്രമിച്ചുവരികയാണ്. മലയായിൽ 3500 കമ്മ്യൂണിസ്റ്റ് ഭീകരപ്രവർത്തകർ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. വനാന്തരങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്ന ഇക്കൂട്ടർ കഴിഞ്ഞ എട്ടു വർഷക്കാലത്തിനിടയിൽ അനേകം കൊലപാതകങ്ങളും വസ്തുനാശങ്ങളും ചെയ്തിട്ടുണ്ടു്. ബ്രിട്ടീഷ് ഗവമ്മെണ്ടിനു് ഇവരെ അമർച്ച ചെയ്യുന്നതിനു സാധിച്ചില്ല. കഴിഞ്ഞ ജൂലൈമാസത്തിൽ നടന്ന പൊതുതിരഞ്ഞെടുപ്പു കഴിഞ്ഞു അബ്ദുൾ റഹിമാൻ മുഖ്യമന്ത്രിയായതിന്റെ ശേഷം ഈ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാക്കാൻ അദ്ദേഹം ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. കഴിഞ്ഞ ആഴ്ചയിൽ കമ്മ്യൂണിസ്റ്റ് പ്രതിനിധികളും മലയ, സിങ്കപ്പൂർ മുഖ്യമന്ത്രിമാരും തമ്മിൽ ഒരു രാജിയാലോചന നടന്നു. കമ്മ്യൂണിസ്റ്റ് സംഘടനയുടെ പ്രതിനിധിയായി വന്നതു് യുദ്ധകാലത്തു് ജപ്പാൻഭരണത്തിനെതിരായി ഒളിപ്പോരു നടത്തി പ്രസിദ്ധി നേടിയ ചിൻ പെംഗ് എന്ന കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു. സംഭാഷണങ്ങൾ പരാജയപ്പെടുകയാണുണ്ടായതു്. നിരുപാധികം കീഴടങ്ങാൻ കമ്മ്യൂണിസ്റ്റുകാർ വിസമ്മതിച്ചതുകൊണ്ടാണു സന്ധിസംഭാഷണങ്ങൾ പരാജയപ്പെട്ടതു്. ടെങ്കു അബ്ദുൾ റഹിമാനും സംഭാഷണങ്ങളിൽ പങ്കെടുത്തിരുന്ന സിങ്കപ്പൂർ മുഖ്യമന്ത്രി മി. ഡേവിഡ് മാർഷലും കമ്മ്യൂണിസ്റ്റുകാർക്കെതിരായി ഒരു ഉറച്ച നിലയാണ് സ്വീകരിച്ചതു്. സംഭാഷണങ്ങൾ പരാജയപ്പെട്ടതിന്റെ ശേഷം മലയാഗവമ്മെണ്ടു് ഇപ്പോൾ നിലവിലുള്ള താല്ക്കാലികസന്ധി പിൻവലിക്കുന്നതിനും കമ്മ്യൂണിസ്റ്റുകാരുടെ നേരെയുള്ള സമരം പൂർവാധികം ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കയാണ്. ദേശീയസ്വാതന്ത്ര്യത്തിന്റെ പേരിലാണ് കമ്മ്യൂണിസ്റ്റുകാർ അക്രമങ്ങൾ നടത്തിപ്പോരുന്നതു്. മലയായ്ക്കും സിംഗപ്പൂരിനും സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടൻ മിക്കവാറും സമ്മതിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ രാജ്യത്തു സമാധാനം നിലനിർത്തിയാൽ സ്വാതന്ത്ര്യസമ്പാദനം കൂടുതൽ എളുപ്പത്തിൽ സാധിക്കാമെന്നുള്ള പരമാർത്ഥം ടെങ്കു അബ്ദുൾ റഹിമാൻ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ അനുസ്മരിപ്പിച്ചെങ്കിലും അവർക്കു അതു സ്വീകാര്യമായില്ല. ഇപ്പോഴത്തെ സംഭാഷണങ്ങൾ പരാജയപ്പെട്ടെങ്കിലും അബ്ദുൾ റഹിമാനെ സംബന്ധിച്ചിടത്തോളം അതൊരു ധാർമ്മികവിജയമായിരുന്നു. അദ്ദേഹം സ്വീകരിച്ച ഉറച്ച നില പൊതുജനങ്ങളുടെയിടയിൽ അദ്ദേഹത്തെപ്പറ്റിയുള്ള മതിപ്പു വർദ്ധിപ്പിച്ചിട്ടുണ്ടു്. ബ്രിട്ടീഷ് ഗവമ്മെന്റുമായി മലയായുടെ ഭാവിയെപ്പറ്റി സംഭാഷണങ്ങൾ നടത്തുന്നതിനു അബ്ദുൾറഹിമാൻ അടുത്ത മാസത്തിൽ ലണ്ടനിലേക്കു പോകുന്നതാണ്. 1957 ആകുമ്പോഴേക്കു മലയായ്ക്കു പരിപൂർണ്ണസ്വാതന്ത്ര്യം നൽകേണ്ടതാണെന്നു് അദ്ദേഹം ബ്രിട്ടീഷ് ഗവമ്മെന്റിനോടു ആവശ്യപ്പെടുന്നതാണ്. കോളണിവാഴ്ചയുള്ളിടത്തോളംകാലം കമ്മ്യൂണിസ്റ്റ് സംഘടനകൾക്കു് ദേശീയസ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രചരണം നടത്താൻ സാധിക്കുമെന്നുള്ളതുകൊണ്ടു് മലയായിൽ, കമ്മ്യൂണിസ്റ്റ് സ്വാധീനം വർദ്ധിക്കാതിരിക്കുന്നതിനു് ഏററവും പററിയ മാർഗ്ഗം ഭരണം ദേശീയമാക്കുകയാണെന്നു് ബ്രിട്ടനു ഇപ്പോൾ ബോദ്ധ്യമായിട്ടുണ്ടു്. ടിൻ, റബ്ബർ എന്നിവയുടെ ഒരു പ്രധാന ഉല്പാദനകേന്ദ്രമായ മലയാ സ്വതന്ത്രലോകത്തിനു നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി ബ്രിട്ടൻ മലയായിൽ തങ്ങളുടെ കോളണിവാഴ്ച അവസാനിപ്പിക്കണമെന്നാണ് ടെങ്കു അബ്ദുൾ റഹിമാൻ വാദിച്ചുകൊണ്ടിരിക്കുന്നതു്. ബ്രിട്ടൻ മലയായുടെ കാര്യത്തിലും ദീർഘദൃഷ്ടിയോടെ പ്രവർത്തിക്കുമെന്നും വലിയ കാലതാമസം കൂടാതെ മലയായ്ക്കും സിംഗപ്പൂരിനും സ്വാതന്ത്ര്യം ലഭിക്കുമെന്നും പ്രത്യാശിക്കാവുന്നതാണ്.

---

യങ്ങൾക്കും വ്യക്തികൾക്കും തുല്യവും സാദ്ധ്യമാകുന്നത്ര പൂർണ്ണവുമായ സംരക്ഷണം നൽകുക എന്നതാണ് ഞങ്ങളുടെ സുനിശ്ചിതമായ നയം. ആരുടെയെങ്കിലും നിയമാനുസൃതമായ മതപരിവർത്തനങ്ങളിലോ മതാനുഷ്ഠാനങ്ങളിലോ എന്തെങ്കിലും തടസ്സപ്പെടുത്തൽ എപ്പോഴെങ്കിലുമുണ്ടായാൽ, കുററക്കാരനെതിരായി ശക്തിയായ നടപടികളെടുക്കുന്നതാണ്." നൂററാണ്ടുകളായി നിലനിന്നുപോരുന്ന ഇന്ത്യയുടെ മതസഹിഷ്ണുതാപാരമ്പര്യത്തെ സജീവമായി പുലർത്തിക്കൊണ്ടുപോകുന്നതിനു ഭരണകൂടവുമായി സഹകരിക്കുവാൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിക്കുകയും, വർദ്ധമാനിൽനടന്ന നിർഭാഗ്യസംഭവത്തെസംബന്ധിച്ചും ഹസാരിബാഗ് ഡിസ്ട്രിക്ടിൽ ഒരു ഗ്രാമത്തിലുണ്ടായ പ്രതിമാഭേദനത്തെ സംബന്ധിച്ചും ഗവ: ഊർജ്ജിതനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നു പ്രസ്താവിക്കുകയും ചെയ്തു. ഇന്ത്യയിൽ പല സ്ഥലങ്ങളിലും തല പൊക്കിവരുന്ന വിനാശകരമായ ഒരു മനോഭാവമാണ് ക്രിസ്തുമതത്തോടുള്ള ചില കൂട്ടരുടെ വെറുപ്പു്. അസൂയാലുക്കളും ദുർബ്ബുദ്ധികളുമായ ആ വർഗ്ഗീയ വാദികളാണ് നിയമത്തെ അവഗണിച്ചും സ്വാധീനബലം ഉപയോഗിച്ചും പാവപ്പെട്ട ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനും അവരുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്നതിനുമുള്ള ഉപജാപങ്ങൾ ഒരുക്കുന്നതു്. അവരുടെ ദുർബോധനങ്ങളിൽപ്പെട്ട മററുള്ളവർ ബീഹാർസംഭവം പോലുള്ള നികൃഷ്ടപ്രവൃത്തനങ്ങളിലേക്കു നയിക്കപ്പെടുകയാണ്. ഇതിനുള്ള പ്രതിവിധി വഴിപിഴച്ച ഈ വർഗ്ഗീയഭ്രാന്തന്മാരെ അതതു ഗവമ്മേണ്ടുകൾ കർശനമായ നടപടികളെടുത്തു നിഷ്കൃഷ്ടമായി നിയന്ത്രിക്കുകയും അനിഷ്ടസംഭവങ്ങളുടെ കർത്താക്കളെ കണ്ടുപിടിച്ചു മാതൃകാപരമായി ശിക്ഷിക്കുകയും മാത്രമാണ്. ഇക്കാര്യത്തിൽ ബീഹാർ ഗവമ്മേണ്ടിന്റെയും അവിടത്തെ പ്രധാന മന്ത്രിയുടേയും നയപരിപാടികൾ പ്രശംസാർഹമായിരിക്കുന്നതിൽ ഞങ്ങൾക്കു ചാരിതാർത്ഥ്യമുണ്ടു്. തികഞ്ഞ ആത്മാർത്ഥതയിൽനിന്നുള്ള പ്രവർത്തനങ്ങളാണ് അവയെന്നു വിശ്വസിക്കാം.

## അടുത്തയാഴ്ചയിൽ

ജനുവരി

12 വ്യാ: വി. അർക്കാദിയൂസ്

13 വെ: വി. വെറോനിക്കാ

14 ശ: വി. ഹില്ലാരിയോസ്

15 ഞാ: ദെനഹാ 2-ാം ഞായർ ഈശോ എന്ന തിരുനാമം

16 തി: വി. മർസലീനോസ്

17 ചൊ: വി. അന്തോനീസ് മാധിപൻ

18 ബു: വി. പത്രോസിന്റെ റോമാസിംഹാസനം

## പി. എസ്. പി. യുടെ നയപ്രഖ്യാപനം

പി. എസ്. പി. യുടെ രണ്ടാമത്തെ ദേശീയസമ്മേളനം ഗയായിൽവച്ചു നടന്നിരിക്കുകയാണല്ലോ. പാർട്ടിനേതൃത്വം തയ്യാറാക്കിയ പുതിയ നയപ്രസ്താവന പ്രതിനിധിസമ്മേളനം "പൊതുവിൽ" അംഗീകരിച്ചു. പ്രസ്താവനയെ "അടിസ്ഥാനപര"മായി സ്വീകരിക്കുന്നതിൽ വലിയ എതിർപ്പുണ്ടായിരുന്നതുകൊണ്ടാണ് "പൊതുവായി"മാത്രം അംഗീകരിക്കപ്പെടുവാൻ ഇടയായതു്. പ്രമുഖനേതാക്കന്മാരായ മി. അശോകമേത്തായും മി. പുരുഷോത്തംദാസ് ത്രികംദാസും നയപ്രഖ്യാപനത്തിനെതിരായി വോട്ടുചെയ്തു. നയപ്രഖ്യാപനം മാർക്സ്, ഗാന്ധി, ജയപ്രകാശ്, വിനോബാ മുതലായവരുടെ സിദ്ധാന്തങ്ങൾ കൂട്ടിക്കുഴച്ചുള്ളതാണെന്നു് ആചാര്യകൃപലാനി കുററപ്പെടുത്തി. അഭിപ്രായൈക്യത്തോടുകൂടി ഈ പ്രഖ്യാപനം പാസ്സാക്കിയെടുക്കുന്നതിനു് പി. എസ്. പി നേതാക്കന്മാർക്ക് സാധിച്ചില്ലെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. നയപ്രഖ്യാപനത്തിലെ പ്രധാനഭാഗങ്ങൾ താഴെപ്പറയുന്നവയാണ്. ഒന്നു്, സ്വതന്ത്രജനങ്ങളുടെ സ്വമനസ്സാലെയുള്ള സഹകരണം, സമത്വം, സ്വാതന്ത്ര്യം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു ലോകസമുദായമാണ് പി. എസ്. പി യുടെ ആദർശം. രണ്ടു്, ഒരു അടിയന്തിരാവസ്ഥയിലൊഴിച്ചു് മററവസരത്തിലും കോൺഗ്രസുമായോ, കമ്മ്യൂണിസ്റ്റുകാരുമായോ, മററതെങ്കിലും വർഗ്ഗീയ സംഘടനയുമായോ തിരഞ്ഞെടുപ്പുധാരണയിൽ പി. എസ്. പി. ഉൾപ്പെടുവാൻ പാടുള്ളതല്ല. മൂന്നു—കോമിൻഫോം പിരിച്ചുവിടേണ്ടതാണെന്നു പി. എസ്. പി. വിശ്വസിക്കുന്നു. സോവിയററു് തന്ത്രത്തിന്റെയും നുഴഞ്ഞുകയററത്തിന്റെയും ഉപകരണമായി കോമിൻഫോം പ്രവർത്തിക്കുന്നതിനെ പി. എസ്. പി. ആക്ഷേപിക്കുന്നുണ്ടു്. നാലു—ദാരിദ്ര്യമകററുകയെന്നതു് മനുഷ്യസമുദായത്തിന്റെ മുഴുവൻ ഉത്തരവാദിത്വമാണെന്നുള്ള വിശ്വാസത്തിന്റെ ഫലമായികിട്ടുന്ന വിദേശസാമ്പത്തികസഹായം മാത്രമേ സ്വീകരിക്കാവൂ. അഞ്ചു്—അധികാരത്തിലിരിക്കുന്ന കോൺഗ്രസ്പാർട്ടിയുടെ ഏകാധിപത്യവാസനകളെ പി. എസ്. പി. എതിർക്കുന്നു. ആറു്—ഭൂമിപുനർവിതരണത്തിനുവേണ്ടി ആരംഭിച്ചിട്ടുള്ള ഭൂദാനപ്രസ്ഥാനത്തെ പി. എസ്. പി. സ്വാഗതം ചെയ്യുന്നു. കോൺഗ്രസിന്റെ ലക്ഷ്യങ്ങളിൽനിന്നും വിഭിന്നമല്ലാത്തവയാണ് മേല്പറഞ്ഞ തത്വങ്ങളെല്ലാമെന്നു് മനസ്സിലാക്കിയിട്ടുള്ളവർക്കു പി. എസ്. പി. ഒരൊന്നാംകിട രാഷ്ട്രീയസംഘടനയാകാത്തതിൽ അത്ഭുതമില്ല.

## പുതിയ സോഷ്യലിസ്റ്റ് പാർട്ടി

അഖിലേന്ത്യാ സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപനസമ്മേളനം ഹൈദരാബാദിൽവച്ചു് നടന്നു. അതിൽ പുതിയ സോഷ്യലിസ്റ്റ് പാർട്ടിയുടെ അദ്ധ്യക്ഷൻ ഡോക്ടർ രാംമനോഹർ ലോഹ്യാ ചെയ്ത പ്രസംഗത്തിൽ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ കാലം കഴിഞ്ഞെന്നും ഭാവിയിൽ കോൺഗ്രസ്സുമായി സഹകരിക്കുന്ന നയത്തിനു പകരം ഒരു സമരമാർഗ്ഗം കൈക്കൊള്ളുന്ന സോഷ്യലിസ്റ്റ് പാർട്ടി വളർന്നുവരുന്നതാണെന്നും പ്രസ്താവിക്കയുണ്ടായി. ഡോക്ടർ ലോഹ്യാ പ്രധാനമായി അഭിലഷിക്കുന്നതു് കോൺഗ്രസ്സിനെതിരായി ശക്തിയുള്ള ഒരു പ്രതിപക്ഷമുണ്ടാകണമെന്നാണ്. പി. എസ്. പി. നേതാക്കന്മാരുടെ സഹകരണമനോഭാവം അദ്ദേഹത്തിനൊട്ടും രസിച്ചില്ല. ഏഴുകൊല്ലംകൊണ്ടു് മുപ്പതുലക്ഷത്തോളം അംഗസംഖ്യവരുന്ന ഒരു സോഷ്യലിസ്റ്റ്സംഘടനയെ വളർത്തിയെടുത്തു് 1961-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ പരാജയപ്പെടുത്തി അധികാരത്തിൽ പ്രവേശിക്കാമെന്നാണ് പുതിയ സോഷ്യലിസ്റ്റ് കക്ഷിയുടെ നേതാവെന്ന നിലയിൽ അദ്ദേഹം പ്രത്യാശിക്കുന്നതെന്നു തോന്നുന്നു. അന്താരാഷ്ട്രീയരംഗത്തു് സമാധാനമുണ്ടാകണമെങ്കിൽ ദേശീയാടിസ്ഥാനത്തിലുള്ള സമത്വം പോരെന്നും അന്താരാഷ്ട്രീയമായ അടിസ്ഥാനത്തിൽ മനുഷ്യരെല്ലാം സമന്മാരാണെന്നുള്ള തത്വം അംഗീകരിക്കണമെന്നുമാണ് അദ്ദേഹം വിശ്വസിക്കുന്നതു്. ഇന്നത്തെ സാഹചര്യങ്ങളിൽ അതു പ്രായോഗികമായ ഒരു ആദർശമാണിതെന്നു പറഞ്ഞുകൂടാ. ഇന്ത്യയുടെ വിദേശനയത്തെ അദ്ദേഹം നിശിതമായി വിമർശിക്കയുണ്ടായി. ഇന്ത്യക്കു രചനാത്മകമായ ഒരു വിദേശനയമില്ലെന്നും കിഴക്കൻചേരിയും പടിഞ്ഞാറൻചേരിയും തമ്മിലുള്ള വടംവലിയിൽ രണ്ടുചേരിക്കും ചില്ലറ സേവനം ചെയ്കമാത്രമാണ് ഇന്ത്യയുടെ വിദേശനയമെന്നും അദ്ദേഹം ആക്ഷേപിച്ചു. അടുത്തകാലത്തെങ്ങും ഡോക്ടർ ലോഹ്യായോ അദ്ദേഹത്തിന്റെ പുതിയ കക്ഷിയോ അധികാരത്തിൽ വരുവാൻ ഇടയില്ലാത്തതുകൊണ്ടു് അദ്ദേഹത്തിന്റെ രാഷ്ട്രീയാദർശങ്ങൾക്കോ അദ്ദേഹത്തിന്റെ കക്ഷിയുടെ രാഷ്ട്രീയപരിപാടിക്കോ വലിയ പ്രാധാന്യം ലഭിക്കുവാനിടയില്ല. കോൺഗ്രസ്സും, പി. എസ്. പി. യും പുതിയ സോഷ്യലിസ്റ്റ് കക്ഷിയും എല്ലാം സോഷ്യലിസ്റ്റ് പരിപാടിയുള്ള സംഘടനകളാണ്. സാധാരണ ജനങ്ങൾ മി. നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് സോഷ്യലിസമാണിഷ്ടപ്പെടുന്നതു്. ജനഹൃദയങ്ങളെ ആകർഷിക്കുന്ന കാര്യത്തിൽ പി. എസ്. പി. യോ ലോഹ്യാസോഷ്യലിസ്റ്റുകാരോ മി. നെഹ്റുവിനെ തോല്പിക്കുക സാദ്ധ്യമാണെന്നു തോന്നുന്നില്ല.

ആദ്ധ്യാത്മികവീഥി

# നവവത്സരം

ദൈവത്തിന്റെ വത്സലമക്കളേ,

നിങ്ങൾക്കു എവർക്കും നവവത്സരമംഗളങ്ങൾ ആശംസിച്ചുകൊള്ളുന്നു. നവവത്സരം ആദ്ധ്യാത്മികമായ ഒരു നവീകരണത്തിനു പ്രചോദനം നമുക്കു നൽകേണ്ടതാണ്. 1955-ാമാണ്ടു ഇങ്ങിനെ നിവർത്തിവണ്ണം എന്നേയ്ക്കുമായി നമ്മെ വിട്ടുപോയി. നാം പുറകോട്ടൊന്നു നോക്കിയാൽ കാണാൻ കഴിയും നാം കുറേക്കൂടി സൂക്ഷിച്ചിരുന്നുവെങ്കിൽ കഴിഞ്ഞ കൊല്ലം നാം വീണുപോയ പല തെററുകളിൽനിന്നും മാറാമായിരുന്നുവെന്നും നാം ചെയ്തിട്ടുള്ളതിൽ വളരെ കൂടുതൽ പുണ്യപ്രവൃത്തികൾ ചെയ്യാമായിരുന്നു എന്നും. പക്ഷേ ഇനി അതേക്കുറിച്ചു ഖേദിച്ചിട്ടു പ്രയോജനമൊന്നുമില്ല. പോയ വർഷത്തിൽനിന്നു ഒരൊററ വിനാഴികപോലും നമുക്കു തിരികെ കിട്ടുകയില്ല.

എന്നാൽ അടുത്ത നവവത്സരദിവസം ഇങ്ങനെ ഒരു ഖേദമുണ്ടാകാതിരിക്കുന്നതിനു് ഇപ്പോഴേ നാം ശ്രമിച്ചാൽ നിശ്ചയമായും സാധിക്കും. മാത്രമല്ല അന്നു ഇക്കൊല്ലത്തേക്കു നാം തിരിഞ്ഞു നോക്കുമ്പോൾ നമുക്കു വളരെ സന്തോഷവും ആശ്വാസവും തോന്നുകയും ചെയ്യും. അതിനുള്ള മാർഗ്ഗം ജീവിതനവീകരണമല്ലാതെ മറെറാന്നുമല്ല. നാം ഓരോരുത്തരും എന്തെല്ലാം സംഗതികളിലാണ് പ്രത്യേകം സൂക്ഷിക്കേണ്ടതെന്നു അവനവനുമാത്രമേ അറിഞ്ഞുകൂടൂ. എങ്കിലും ചില പൊതുതത്വങ്ങൾ അനുസ്മരിപ്പിക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു കരുതുന്നു.

ഒന്നാമതുതന്നെ ഇക്കൊല്ലത്തിൽ ഒരൊററ ദിവസംപോലും ചാവദോഷത്തോടുകൂടി, പ്രസാദവരജീവൻ കൂടാതെ ജീവിക്കയില്ലെന്നു സ്ഥിരപ്രതിജ്ഞ ചെയ്യണം. മനുഷ്യബലഹീനതമൂലം വല്ലപ്പോഴും ദൈവേഷ്ടപ്രസാദം നഷ്ടപ്പെടാൻ ഇടയാകുന്നപക്ഷം, ഉടനെതന്നെ ഒരു ഉത്തമമനസ്താപപ്രകരണം ചെയ്തു്, അതായതു നമ്മെ ഏററവും അധികം സ്നേഹിക്കുന്ന പിതാവും സർവ്വനന്മസ്വരൂപനുമായ ദൈവത്തെ ഉപദ്രവിച്ചല്ലോ എന്നു ചിന്തിച്ചു പശ്ചാത്തപിച്ചു് അതു വീണ്ടെടുക്കണം. പിന്നീടു കഴിയുമെങ്കിൽ അന്നുതന്നെയോ അല്ലെങ്കിൽ അടുത്തദിവസമോ കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിച്ചു ആത്മാവിനു പററിയ മുറിവു സുഖപ്പെടുത്തുകയും ക്ഷീണം തീർക്കുകയും വേണം.

പ്രതിദിനമുള്ള പ്രാർത്ഥനകൾ പ്രത്യേകിച്ചു ജപമാല ഭക്തിപൂർവ്വം ചൊല്ലണം. ചിന്ത ദൈവത്തിൻപക്കലേക്കു സവിനയം ഉയർത്താതെയുള്ള ശബ്ദം കേൾപ്പിക്കൽ പ്രാർത്ഥനയല്ലെന്നുള്ള വസ്തുത വിസ്മരിക്കരുതു്. രാവിലെ ഉണർന്നാലുടൻ അന്നത്തെ സകല വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും ദൈവസ്തുതിക്കായി കാഴ്ചവയ്ക്കുന്നതു കൂടാതെ കഴിയുമെങ്കിൽ 15 മിനിററു നേരമെങ്കിലും ധ്യാനിക്കയും വി. ബലിയിൽ സംബന്ധിക്കയും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യുക.

നമ്മുടെ അന്തസ്സിന്നടുത്ത കടമകളെല്ലാം ശരിവരെ നിർവ്വഹിക്കയും മററുള്ളവരുമായുള്ള ഇടപാടുകളിലെല്ലാം സത്യവും നീതിയും ഉപവിയും പരിപാലിക്കയും ചെയ്യണം. സുവിശേഷത്തിൽ നമ്മുടെ കർത്താവു് ഉപദേശിച്ചിട്ടുള്ള വിധത്തിലുള്ള ജീവിതമാണ് നാം നയിക്കേണ്ടതു്. "ആ ചെറുഗണം" ആണ്ടാരംഭത്തിൽതന്നെ ഒന്നു വായിക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും.

എന്നു് പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

—o—

## കൈപ്പററി

എറണാകുളത്തു വടുതലയിലെ ഉ വാത്താലേഖകനും, പല പത്രങ്ങളുടെ വിതരണ ഏജൻറുമായ ശ്രീ വി. ജോസഫ് ആൻറണി അവർകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മനോഹരമായ വാൾകലണ്ടർ കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

# അഭിനവമെത്രാന്റെ പ്രക്ഷേപണിപ്രസംഗം

അഭിനവാഭിഷിക്ത മെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു റോമിൽനിന്നു വത്തിക്കാൻ റേഡിയോവിലൂടെ 8-ാം തിയതി ഞായറാഴ്ച വൈകിട്ട ഇന്ത്യൻ സമയം ഒമ്പതരമണിക്കു ഒരു പ്രക്ഷേപണിപ്രസംഗം ചെയ്തിരിക്കുന്നു. തിരുമേനിയെ ഭരമേല്പിച്ചിരിക്കുന്ന തലശ്ശേരിരൂപതയേയും അതിന്റെ ഉത്ഭവത്തേയും ഇന്നത്തെ സാഹചര്യങ്ങളേയും ശ്രോതാക്കളെ ഗ്രഹിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു സംക്ഷിപ്ത ചരിത്രവിവരണമായിരുന്നു അതു്. കേരളത്തിന്റെ തെക്കരാഗത്തുനിന്നു മലബാറിലേക്കുണ്ടായ സുറിയാനിക്രിസ്ത്യാനികളുടെ കുടിയേററത്തേയും, കോഴിക്കോട്ടു രൂപതാതിർത്തിയിൽ താമസിച്ചിരുന്ന അവർക്കുവേണ്ടി കോഴിക്കോട്ടു രൂപതയുടെ അഭിവന്ദ്യമെത്രാൻ തിരുമേനിയും അവിടത്തെ വൈദികരും ചെയ്തുപോന്ന ത്യാഗപൂർവ്വകമായ സേവനങ്ങളേയും തിരുമേനി അനുസ്മരിച്ചു. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾക്കു കത്തോലിക്കാ...ഭാമാതാവിനോടും പരിശുദ്ധമാർപ്പാപ്പാ തിരുമേനിയോടുമുള്ള വിശ്വാസപ്രകർഷത്തെ പ്രകടമാക്കിക്കൊണ്ടും 1952-ൽ മാർപ്പാപ്പാ തിരുമനസ്സിലെ ആശീസ്സുകളോടും പേപ്പൽപ്രതിനിധി അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമനസ്സിലെ ആദ്ധ്യക്ഷത്തിലും നടന്ന മാർത്തോമ്മാശ്ലീഹായുടെ കേരളപ്രവേശത്താബ്ദജൂബിലിഘോഷത്തേയും അതിന്റെ ഗുണഫലങ്ങളേയും അദ്ദേഹം വിവരിച്ചു. 1953-ൽ കർദ്ദിനാൾസംഘത്തിന്റെ ഡീനും, പൗരസ്ത്യതിരുസംഘത്തിന്റെ സിക്രട്ടറിയുമായ അത്യുന്നത കർദ്ദിനാൾ ടിസ്സറാങ്ങ് തിരുമനസ്സിലെ കേരളസന്ദർശനവും തന്മൂലം ഇവിടത്തെ കത്തോലിക്കാസഭയേയും കത്തോലിക്കാവിശ്വാസികളേയും സംബന്ധിച്ചു തിരുസംഘത്തിനു നേരിട്ടു ഗ്രഹിക്കുന്നതിനിടയായതിന്റെ അനന്തരഫലങ്ങളും അവിടുന്നു സൂചിപ്പിച്ചു. കേരളസുറിയാനി ഹയരാർക്കിയുടെതലവനായ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ നിരന്തരമായ നിവേദനങ്ങളുടേയും തിരുസംഘത്തിന്റെനേരിട്ടുള്ള അറിവുകളുടേയും ഫലമായിട്ടാണു് ഈ പുതിയരൂപത രൂപം പ്രാപിച്ചതെന്നു വിശദമാക്കിയ ശേഷം തലശ്ശേരിരൂപതയുടെ സംവിധാനത്തിനും അതിന്റെ ഇടനുള്ള പ്രവർത്തനങ്ങൾക്കും സഹകരിച്ചിട്ടുള്ള എല്ലാവരോടും തിരുമേനി കൃതജ്ഞത പ്രകാശിപ്പിച്ചു. മാർപ്പാപ്പാ തിരുമേനിയോടും, കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയോടും, എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയോടും, കോഴിക്കോട്ടു രൂപതാദ്ധ്യക്ഷനോടും മററുപകർത്താക്കളെല്ലാവരോടും അവിടുത്തെ കൃതജ്ഞത രേഖപ്പെടുത്തി. രൂപതയുടെ രണ്ടു കൊല്ലത്തെ ഭരണം അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്ക് എന്ന നിലയിൽ നിർവ്വഹിച്ച അനുഭവത്തിൽനിന്നും, കേവലം ഒരു ശിശുമാത്രമായ തലശ്ശേരി രൂപതയെ ഉററിച്ചുനോക്കുന്ന നിരവധി ആവശ്യങ്ങളെപ്പററിയും തിരുമേനി സൂചിപ്പിച്ചു. രണ്ടുകൊല്ലംകൊണ്ടു ദേവാലയസ്ഥാപനത്തിലും, വിദ്യാലയങ്ങൾ ഉണ്ടാക്കുന്നതിലും മററും കുറെയെല്ലാം സാധിച്ചിട്ടുണ്ടു്. അനാഥശാലകളും ആതുരശുശ്രൂഷണത്തിനുള്ള ആശുപത്രികളും അനിവാര്യങ്ങളാണു്. പ്രാരംഭദശയിലെ വിഷമതകളെ തരണംചെയ്യുന്നതിൽ കേരളത്തിലെ വൈദികരും അൽമായരും പ്രത്യേകിച്ചു നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ സേവനംകൊണ്ടു സുറിയാനികമ്മലിത്താ വൈദികരും ചെയ്തുപോരുന്ന സഹായസഹകരണങ്ങൾ അത്യധികം കൃതാർത്ഥതയോടുകൂടിയാണു് തിരുമേനി അനുസ്മരിച്ചതു്. എല്ലാവരുടേയും ആശീസ്സുകളും തുടർന്നുള്ള സഹായസഹകരണങ്ങളും അഭ്യർത്ഥിച്ചുകൊണ്ടു് തിരുമേനി അവിടുത്തെ ആശീർവ്വാദം എല്ലാവർക്കും നൽകി. വത്തിക്കാൻറേഡിയോവിലൂടെ ഈ പ്രഭാഷണം ശ്രദ്ധിച്ച അനേകലക്ഷങ്ങളിൽ തലശ്ശേരി രൂപതയേയും അതിന്റെ അദ്ധ്യക്ഷൻ തിരുമേനിയേയും അതിലെ പ്രവർത്തനങ്ങളേയും സംബന്ധിച്ച സമഗ്രമായ ഒരറിവുണ്ടാകുന്നതിനു ഈ പരിപാടി തികച്ചും പര്യാപ്തമായിട്ടുണ്ടു്.


## For favours received



Excuse delay
Mrs· Mariamma Chandy
Pallivathukal
Kanjirapally·


## ഇടവക വാർത്തകൾ

**പുത്തൻചിറ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സത്യാരാധന സംഘത്തിന്റെ പ്രഥമ വാർഷികസമ്മേളനം പള്ളിഅങ്കണത്തിൽവച്ചു റവ. ഫാ. ജോർജ് ചിറമ്മലിന്റെ അദ്ധ്യക്ഷതയിൽകൂടി. പള്ളിവികാരി റവ. ഫാദർ മാത്യു ചെറുനിലം സ്വാഗതം പറഞ്ഞു. വി. ഫ്രാൻസിസ് അസ്സിസിയും ലോകസമാധാനവും എന്ന വിഷയത്തെ മുൻനിറുത്തി ശ്രീ എ സി റപ്പായി പ്രസംഗിച്ചു. വിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

**ആളൂർ:** സ്ഥലവാസിയും ഈശോസഭാംഗവുമായ റവ. ഫാദർ സെബാസ്റ്റ്യൻ എസ്സ്. ജെ. അരിക്കാടിന്റെ പൗരോഹിത്യരജതജൂബിലിപ്രമാണിച്ചു് കഴിഞ്ഞ ദിവസം കാലത്തു് സ്ഥലം പള്ളിയിൽ ജൂബിലേറിയൻ ദിവ്യപൂജ അർപ്പിക്കുകയും "ലക് ആലാഹാ" എന്ന സ്തോത്രഗീതം പാടി ദൈവത്തിനു നന്ദിപ്രദർശിപ്പിക്കുകയുമുണ്ടായി. തുടർന്നു് പള്ളിഅങ്കണത്തിൽ കൂടിയ അനുമോദനയോഗത്തിൽ തൃശ്ശൂർമെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ് ആലപ്പാട്ട തിരുമേനി അദ്ധ്യക്ഷതവഹിച്ചു. ജൂബിലേറിയനെ അനുമോദിച്ചും മാവുകങ്ങൾ ആശംസിച്ചും ശ്രീ വി. കെ. ജോസഫ് (എക്സ് എം. എൽ. എ.), എ സി റപ്പായി, എ ടി ജോൺ, റവ. ഫാദേഴ്സ് പോൾ അരിക്കാട്ട്, ജെയിക്കബ് ചൊവ്വല്ലൂർ മുതലായവർ പ്രസംഗിച്ചു. ജൂബിലേറിയന്റേയും കഴിഞ്ഞകൊല്ലം ജൂബിലി കഴിഞ്ഞ ഫാദർ പോൾ അരിക്കാട്ടിന്റേയും ഓരോ ഛായാപടം ബിഷപ്പ് തിരുമേനി പാരിഷ് ലൈബ്രറി ഹാളിൽ അനാച്ഛാദനം ചെയ്യുകയുമുണ്ടായി.

**ഉദയമ്പേരൂർ:** സ്ഥലം പുത്തൻപള്ളിയിലെ വി. സെബസ്ത്യാനോസ് സഹദായുടെ തിരുനാൾ 1956 ജനുവരി 8-ാംനു ആഡംബരപൂർവ്വം കൊണ്ടാടി. ആഘോഷമായ ദിവ്യപൂജയ്ക്കു ശേഷം റവ. ഫാ. ഡോമിനിക്ക് സി ഡി അവർകളുടെ പ്രസംഗവും തുടർന്നു പ്രദക്ഷിണവുംനടന്നു. ഇടയ്ക്കിടയ്ക്കു വിവിധസംഘടനാംഗങ്ങൾ ഭക്തഗാനങ്ങൾ പാടിക്കൊണ്ടിരുന്നു.

**എറനെല്ലൂർ:** സ്ഥലത്തിനടുത്ത എയ്യാൽദേശത്തു് കത്തോലിക്കാ ക്രിസ്ത്യാനികൾ മൂന്നു നാലു നാഴിക ദൂരം നടന്നു ചൊവ്വന്നൂർ പള്ളിയിൽപോയി കർമ്മാദികൾ നിർവ്വഹിക്കുവാനുള്ള അസൗകര്യത്തെ ഉദ്ദേശിച്ചു എയ്യാൽദേശത്തു് പത്തുപതിനാറു കൊല്ലങ്ങൾക്കുമുമ്പു് ഒരു പള്ളി സ്ഥാപിച്ചു. ഹിന്ദുക്കളുടെ എതിർപ്പുമൂലവും അവർക്കനുകൂലമായി സിദ്ധിച്ച ചില നിരോധനോത്തരവു കാരണത്താലും നാളിതുവരേയും അവിടെ ക്രമമായി കർമ്മാദികൾ നടത്താൻ സാധിക്കാതെയാണു് വന്നിരുന്നതു്. സ്ഥലം പള്ളിവികാരി റവ. ഫാദർ ജേക്കബ് പോട്ടോക്കാരൻ അവർകളുടെ നിരന്തരപരിശ്രമംമൂലവും ഇന്ത്യൻ ഭരണഘടനപ്രകാരം സിദ്ധിച്ചിട്ടുള്ള ആനുകൂല്യങ്ങളുടെ പിൻബലത്താലും ഈ ജനുവരി 1-ാംനു അവിടെ തിരുകർമ്മാദികൾ നടത്തുന്നതിനു കല്പനകിട്ടിയതനുസരിച്ചു കർമ്മാദികൾ നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. എങ്കിലും പെട്ടെന്നു എതിർകക്ഷികൾ ഒരു നിരോധന ഉത്തരവു കൊണ്ടുവരികയും സർക്കിൾ ഇൻസ്പെക്ടറും പാർട്ടിയും വന്നു കർമ്മങ്ങൾ നടത്തുന്നതിനെ നിരോധിക്കുകയും ചെയ്തു. പക്ഷെ വസ്തുതകൾ വിശദമാക്കി ഡിസ്ട്രിക്ട് കലക്ടർ അവർകളിൽനിന്നു തക്കസമയത്തു ക്രിസ്ത്യാനികൾക്കു അനുകൂലമായി സിദ്ധിച്ച ഉത്തരവുമൂലം നിശ്ചിതദിവസംതന്നെ തിരുകർമ്മാദികൾ ആഘോഷമായും സമാധാനപരമായും നടത്തുന്നതിനു സാധിച്ചു.

**നസ്രത്തു്:** 1956 ജനുവരി 1-ാംനു കത്തോലിക്കാ സേവാസമാജത്തിന്റെ ആഭിമുഖ്യത്തിൽ പുതുവത്സരം പ്രമാണിച്ചു ഒരു വേഷപ്രച്ഛന്നമത്സരവും അതിനോടനുബന്ധിച്ചു ഒരു സ്പോർട്ട്സും നടത്തുകയുണ്ടായി. സമ്മാനത്തിനർഹരാകുന്നവരെ തിരഞ്ഞെടുക്കേണ്ടതിലേക്കു്, അദ്ധ്യക്ഷനായിരുന്ന ഇന്ത്യയിലെ ബെൽജിയം ചാൻസലറായ വാൻ ഡെർ ഗ്രഹാറും, ഒരു കമ്മററിയും നിയോഗിക്കപ്പെട്ടു.

**വൈക്കം:** സ്ഥലത്തെ കത്തോലിക്കാ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 1-1-56ൽ ശ്രീ പി ജെ ജോസഫ് ബി എ, ബി എൽന്റെ അദ്ധ്യക്ഷതയിൽ നടന്ന അസാധാരണ യോഗത്തിൽ റവ ഫാദർ നെസ്റ്റോർ T O C D, M A ഒരു ബുക്കുസ്റ്റാൾ ഉത്ഘാടനം ചെയ്തു. യോഗത്തിൽ "സാഹിത്യവും സന്മാർഗ്ഗവും" എന്ന വിഷയത്തെ പുരസ്കരിച്ചു ശ്രീ മാത്യു ഉലകന്താ B A ഒരു പ്രസംഗം ചെയ്യുകയുണ്ടായി.

**തൈക്കാട്ടുശ്ശേരി:** സ്ഥലത്തെ അഖിലകേരള അവശകത്തോലിക്കാ മഹാജനസഭയുടെ 67-68-നമ്പ്ര് ശാഖകളുടെ സംയുക്ത ഉൽഘാടനം 1956 ജനുവരി 1-ാംനു പകൽ 5 മണിക്കു് ശ്രീ പി എം മർക്കോസ് എം എൽ എ അവർകൾ നിർവഹിച്ചിരിക്കുന്നു. പ്രസ്തുതയോഗത്തിൽ ശ്രീമാന്മാരായ എ പാപ്പുകുട്ടി, ജോസഫ് കാററിലങ്ങാട്ടു, തോമ്മസ് കെ പോളയിൽ, ജോസഫ് എബ്രാഹം അമ്പാട്ടു ചെറിയാൻ ദേവസ്സി ചാക്കോമ്പള്ളിൽ എന്നിവർ പ്രസംഗിച്ചു തിരു-കൊച്ചി ഗവമ്മേൻറു അവശകത്തോലിക്കരോടു കൈക്കൊണ്ടിട്ടുള്ള നയത്തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രമേയം പാസാക്കി. അധികാരസ്ഥാനങ്ങളിൽ അറിയിക്കുന്നതിനു് ശ്രീ പി എം മർക്കോസ് എം എൽ എ അവർകളെ ചുമതലപ്പെടുത്തി.

**കോട്ടപ്പടി:** സ്ഥലത്തെ വി. ലാസർ പുണ്യവാന്റെ പള്ളിയോടനുബന്ധിച്ചു പുതിയതായി പണിതീർത്ത എടുപ്പിന്റെ വെഞ്ചെരിപ്പുകർമ്മം 56 ജനുവരി 2-ാംനു തൃശ്ശൂർമെത്രാൻ റൈററ് റവ ജോർജ്ജ് ആലപ്പാട്ട തിരുമേനിനിർവ്വഹിച്ചു. അതിന്റെശേഷം തിരുമനസ്സുകൊണ്ടു് ആഘോഷമായ പൊന്തിഫിക്കൽ കുർബാനയർപ്പിക്കുകയും 700ൽപരം കുട്ടികൾക്കു സ്ഥൈര്യലേപനം നൽകുകയും തുടർന്നു സ്ഥലത്തെ യുവജന കത്തോലിക്കാ പ്രവർത്തകസംഘടനയുടെ 10-ാംവാർഷികസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. ജനുവരി 3-ാംനു പള്ളിയിലെ വലിയ തിരുനാൾ ആഘോഷിക്കപ്പെടുകയുമുണ്ടായി.

**കിഴവറയാർ:** നെല്ലൂർ സെമ്മിനാരിയിൽവച്ചു വൈദികപട്ടം സ്വീകരിച്ചു 13-ാംനു വൈകിട്ടു് സ്ഥലത്തെത്തിയ ബ. മുത്തോലിൽ അവർകളുടെ നവപൂജാർപ്പണം പിറേറദിവസം ഇവിടെവച്ചു സാഘോഷം നടന്നിരിക്കുന്നു. വൈദികരും കന്യാസ്ത്രീകളും ജനങ്ങളും കൂടി നവവൈദികനെ പള്ളിയിലേക്കു ആനയിച്ചു. ആഘോഷമായ പാട്ടുകുർബാനയും തുടർന്നു് വാഴ്വും ലാക് ആലാഹാ സ്തോത്രഗീതവും നടന്നു. ഫാ ജോസഫ് വട്ടക്കാട്ട പൗരോഹിത്യത്തെ സംബന്ധിച്ചു പ്രസംഗിച്ചു ഉച്ചയ്ക്കു നടത്തപ്പെട്ട ഡിന്നർ പാർട്ടിയിൽ പല വൈദികരും കന്യാസ്ത്രീകളും സംബന്ധിച്ചിരുന്നു. വെള്ളാപ്പാട്ടുബ. മത്തായിഅച്ചൻ ടോസ്റ്റ് പ്രസംഗം നടത്തി. നവവൈദികൻ ഇവയ്ക്കെല്ലാം സമുചിതമായ മറുപടി പറഞ്ഞു.


റവ ഫാദർ ററി സി ജോസഫ് B A, ഫാദർ ജെയിക്കബ് താഴത്തേൽ എന്നിവർ ഇദ്ദേഹത്തിന്റെ പിതൃസഹോദരന്മാരും ഫാ. സിറിയക്ക് മുത്തോലി(നെല്ലൂർരൂപതാ) ഇദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനും, സിസ്റ്റേർസ് മരിയാ സെലസ്റ്റിൻ, (ഏർക്കാട്) ജസ്റ്റിൻ (തമ്പലക്കാട്ട) എന്നിവർ ഇദ്ദേഹത്തിന്റെ സഹോദരികളുമാണു്.

**വടക്കൻപറവൂർ:** സ്ഥലം കച്ചേരിപ്പടിപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 10-ാമതു വാർഷികം ജനുവരി 1-ാംനു റവ ഫാദർ ജനുവാരിയൂസ് T O C D, Ph D, B A അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽകൂടി. തദവസരത്തിൽ മാസ്റ്റർ പി സി ചെറിയാൻ, മിസ് മേരി ജോസഫ്, മി പോൾ മാൻവട്ടം, B A B L, എന്നിവരുടെ പ്രസംഗങ്ങളുണ്ടായിരുന്നു. യോഗാനന്തരം മാസ്റ്റർ ജോളി ഓസ്റ്റിൻ & പാർട്ടിയുടെ കഥാപ്രസംഗവും സഖ്യാംഗങ്ങളുടെ വിവിധ കലാപ്രകടനങ്ങളും നടന്നു.

**ഇടപ്പാടി:** അ കേ ചെറുപുഷ്പമിഷൻലീഗ് ഇടപ്പാടി ശാഖയുടെ 8-ാമതുവാർഷികം 1955 ഡിസമ്പർ 18-ാംനു വെരി റവ ഫാദർ ബെക്കുമാൻസ് ഒ എഫ് എം (കപ്പൂച്ചിൻ) അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി. തദവസരത്തിൽ മി പി എം ജോസഫ് ബി എ, ടി കെ കുര്യൻ എന്നിവർ പ്രസംഗിച്ചു. റിപ്പോർട്ടുവർഷത്തിൽ 410 രൂപ മിഷൻരംഗങ്ങളിലേക്കും 55 രൂപ ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾക്കു് നാട്ടിലും ചിലവാക്കി. യോഗാനന്തരം ലീഗിനുവേണ്ടി നടത്തപ്പെട്ട കുറുംപൂപ്പ് സാധനങ്ങളുടെ ലേലത്തിൽനിന്നും 87 രൂപ മിഷനു ലഭിച്ചു.


(ശേഷം 5-ാംപേജിൽ)


## Third Anniversary



PHILOMENA JOSEPH AENANIKAL, POTHANICAD
Born 28-8-1947. — Died 17-1-1953.
Inserted by her loving Brothers & Sisters.





# ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലകേടുകൾ

(വറുഗീസ് മേച്ചേരി)

ബുൾഗാനിൻ-ക്രൂഷ്ചേവുമാരുടെ ഇന്ത്യാസന്ദർശനത്തിൽനിന്ന് കമ്മ്യൂണിസ്റ്റു പാർട്ടിക്ക് മുതലെടുക്കാമെന്ന അവരുടെ വ്യാമോഹം പാടെ പരാജയമടഞ്ഞിരിക്കുകയാണ്. പണ്ടേതന്നെ നയംമാററങ്ങളുടേയും നിലകേടുകളുടേയും കേളീരംഗമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഒക്കാപ്പുറത്തുലഭിച്ച ഈ തിരിച്ചടികളുടെനേരെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഒരു നയമാണ് ഇപ്പോൾ അവർ സ്വീകരിച്ചിരിക്കുന്നത്. വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയൊക്കെ നയവും ചരിത്രവും ഇതുതന്നെയാണ്. അവരുടെ ജീവിതത്തിനാവശ്യമുള്ള ചൂടും വെളിച്ചവും മറെറാരു രാഷ്ട്രത്തിൻെറ നിയന്ത്രണകേന്ദ്രത്തിൽനിന്നു ലഭിക്കുന്നുവെന്നുള്ളതാണിതിനു കാരണം. റഷ്യൻ സാമ്രാജ്യമേഷ്പ്രഭുത്വത്തിൻെറ കാവൽനായ്ക്കളും രാഷ്ട്രമുതലാളിത്തവ്യവസ്ഥിതിയുടെ പിണിയാളുകളുമായ കമ്മ്യൂണിസ്റ്റുകൾക്കു "കേന്ദ്ര"ത്തിൻെറ നയപ്രഖ്യാപനങ്ങളല്ലാതെ മററു പ്രവത്തനനിയമങ്ങളില്ല. ജനകീയാദർശങ്ങൾക്കും ജനാധിപത്യതത്വത്തിനുംവേണ്ടിയല്ല കമ്മ്യൂണിസ്റ്റുകൾ നിലകൊള്ളുന്നതെന്നും, പ്രത്യുത, റഷ്യൻനിർദ്ദേശങ്ങളുടെ പാലനത്തിനുവേണ്ടി പണിയെടുക്കുകയാണ് അവരുടെ കത്തവ്യമെന്നും അധുനാതനങ്ങളായ അവരുടെ ഈ നിറംമാററങ്ങളിൽനിന്ന് ഒരിക്കൽക്കൂടി നമുക്കു സുവ്യക്തമാകുന്നു.

ബുൾഗാനിൻ-ക്രൂഷ്ചേവുമാരുടെ ഇന്ത്യാസന്ദർശനത്തിലെ ഓരോ ഘട്ടവും ഇതിനു തെളിവാണ്:-

1. സോവ്യററ്നേതാക്കന്മാർ ആ കമ്മയോഗിയുടെ ശവകുടീരത്തിൽ—ഗാന്ധിസമാധിയിൽ—റീത്തുകളപ്പിക്കുകയും അദ്ദേഹത്തെ ഇന്ത്യൻസ്വാതന്ത്ര്യത്തിൻെറ പിതാവെന്നു പ്രഖ്യാപിക്കുകയുംചെയ്തു. രാഷ്ട്രപിതാവായ മഹാത്മജി, ബ്രിട്ടീഷ്സാമ്രാജ്യത്വത്തിൻെറ മൂട്താങ്ങിയും വഞ്ചകനുമാണെന്നു റഷ്യൻ എൻസൈക്ലോപീഡിയ പ്രസ്താവിച്ചപ്പോൾ അതേററുപാടുകയായിരുന്നു ഇന്ത്യൻകമ്മ്യൂണിസ്റ്റുകൾ. സ: ഇ. എം. എസ്സും, സ: പുന്നൂസും പ്രസ്കോൺഫറൻസുകളിലും മററും റഷ്യൻ എൻസൈക്ലോപ്പീഡിയായിലെ ലേഖനത്തെ പിൻതാങ്ങിക്കൊണ്ടു ശക്തിയായി വാദംനടത്തി. ഗാന്ധിജിയെപ്പററിയുള്ള തങ്ങളുടെ മുന്നഭിപ്രായവും ഇതുതന്നെയെന്നവർ ലജ്ജയില്ലാതെ പ്രഖ്യാപിക്കുവാൻതുടങ്ങി. ഇക്കൂട്ടരെല്ലാം ഇനി അദ്ദേഹത്തെപ്പററി എന്തു പറയുമോ ആവോ!

2. ഇന്ത്യയുടെ ഒന്നാംപഞ്ചവത്സരപദ്ധതി ഒരു വിജയമായിരുന്നുവെന്നു ഇവിടെവച്ച് ബുൾഗാനിൻ പറഞ്ഞതാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളെ സംബന്ധിച്ചു വന്നുകൂടിയ വേറൊരു നിലകേട്. കാരണം, ഒന്നാംപഞ്ചവത്സരപദ്ധതി "പഞ്ഞ"വത്സരപദ്ധതിയാണെന്നായിരുന്നല്ലോ അവർ മൈതാനപ്രസംഗങ്ങളിലും ചെമപ്പത്രങ്ങളിലും തട്ടിവിട്ടിരുന്നത്. ഇനിയോ?

3. റഷ്യയിൽ അണുബോംബു പരീക്ഷണം നടത്തിയതിൽ ക്രൂഷ്ചേവ് അഭിമാനം രേഖപ്പെടുത്തി. നിലകേടിനു വേറൊരു കാരണം. സമാധാനത്തിൻെറ മൂടുപടം ധരിച്ചുനടന്നിരുന്ന കമ്മ്യൂകൾ പറഞ്ഞിരുന്നു, ആർ ആററംശക്തി ശേഖരിച്ചാലും പരീക്ഷണങ്ങൾ നടത്തിയാലും അവരെതിക്കുമെന്ന്. റഷ്യയിലെ ആററംപരീക്ഷണത്തിനുശേഷം അവരുടെ പ്ലേററു മാററിയിരിക്കുന്നു. അതാവശ്യവും അഭിലഷണീയവുമാണെന്നാണ് ഇപ്പോൾ ഉൽഘോഷിക്കുന്നതു്.

4. സോവ്യററ് യജമാനന്മാരുടെ ഇന്ത്യയിലെ എഴുന്നെള്ളത്തു മോടിയാക്കേണ്ടതു് കമ്മ്യൂണിസ്റ്റുകളുടെ ആവശ്യമായിരുന്നു. അതു പ്രമാണിച്ച് സ്വീകരണഘോഷയാത്രകളിൽ ഇന്ത്യൻപതാക മാറിലണിഞ്ഞും ത്രിവണ്ണക്കൊടി തോളിലേന്തിയും ഉത്സാഹപൂർവ്വം അവർ ജാഥാകൾ നയിച്ചു. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയിട്ടില്ലെന്നും പറഞ്ഞു്, ഇന്ത്യൻ ദേശീയപതാക—വീരദേശാഭിമാനികളുടെ രക്തംപുരണ്ട ആ ത്രിവണ്ണക്കൊടി—നായ്ക്കളുടെ കഴുത്തിൽ കെട്ടിക്കൊണ്ടാണല്ലോ അവർ സ്വാതന്ത്ര്യദിനത്തെ അധിക്ഷേപിച്ചിരുന്നതു്! അതേ പതാകയെ സ്വാതന്ത്ര്യത്തിൻേറയും രാജ്യാഭിമാനത്തിൻേറയും സൂചനയായി സംവഹിക്കേണ്ടിവന്നതു് വലിയൊരു നിലകേടുതന്നെയായിപ്പോയില്ലേ?

ഈ വസ്തുതകളിൽനിന്നു ധാരാളം മനസ്സിലാക്കാം. ബുൾഗാനിൻ-ക്രൂഷ്ചേവുമാരുടെ സന്ദർശനം ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾക്കു എത്ര വലിയൊരു പരാജയമാണ് വരുത്തിവച്ചതെന്ന്. ആ പാർട്ടിയുടെ കഴിവുകേടുകളും മോസ്ക്കോയുടെ താളത്തിനൊത്തു തുള്ളാതെ ഗത്യന്തരമില്ലാത്ത നിലകേടുകളും ലോകസമക്ഷം വ്യക്തമാക്കുകയായിരുന്നു ഈയുള്ള പരിപാടികളോരോന്നും.




## For favours received

K. P. Rosamma, Kottekudi
Karumalloor,
Manakkapadi,
P. O. Alangad.

## പുസ്തകാഭിപ്രായം

### ഫ്ളോറൻസ് നൈററിൻഗയ്ൽ

(ഗ്രന്ഥകർത്രി: മിസ്സസ് ഹെലൻ തോമ്മസ്. പ്രസാധകർ: മാതൃഭൂമി പബ്ളിഷിങ്ങ് കമ്പനി കോഴിക്കോട്. പുറം 100+12, വില 1 ക.)

ഒരു നൂററാണ്ടിനു മുൻപു ഇംഗ്ലണ്ടിൽ ആസ്പത്രികൾ വൃത്തിഹീനതയുടെയും സംസ്കാരശൂന്യതയുടെയും ധാമ്മികമായ അധ:പതനത്തിൻേറയും കേന്ദ്രങ്ങളായിരുന്നു. ആസ്പത്രികളിൽ വേണ്ടത്ര ശയനോപകരണങ്ങളോ മററു സജ്ജീകരണങ്ങളോ ഉണ്ടായിരുന്നില്ല. രോഗികളെ നോക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും ആരും തന്നെ ഉണ്ടായിരുന്നില്ല. നേഴ്സുമാർ രോഗികളെ കഴുകി വൃത്തിയാക്കുന്നതിലോ, അവർ കിടന്നിരുന്ന ഷീററുകൾ അലക്കി ശുചിയാക്കുന്നതിലോ ശ്രദ്ധിച്ചിരുന്നില്ല. എന്നല്ല നേഴ്സുമാരുടെ ജീവിതം തന്നെ അസാന്മാർഗ്ഗികവും അധ:പതിച്ച തരത്തിലുള്ളതുമായിരുന്നു. തന്റേടം മാനവും മയ്യാദയുമുള്ള സ്ത്രീകളാരും നേഴ്സുമാരാകാൻ ഇഷ്ടപ്പെട്ടില്ല.

സിസ്റ്റേഴ്സ് ഓഫ് മേഴ്സി, സിസ്റ്റേഴ്സ് ഓഫ് ചാരിററി മുതലായ കത്തോലിക്ക സന്യാസിനീസഭകളിൽ പെട്ട സഹോദരിമാർ മാതൃകായോഗ്യമായ വിധം രോഗീപരിചരണം നിവ്വഹിച്ചിരുന്നെങ്കിലും അവക്കു ഇംഗ്ലണ്ടിൽ പ്രവർത്തനസൗകയ്യങ്ങളുണ്ടായിരുന്നില്ല. ഇങ്ങനെയുള്ള ഒരു കാലയളവിൽ നേഴ്സിങ്ങ് ജോലി സ്വയമേറെറടുത്തു്, അതിൽ പ്രശംസനീയങ്ങളായ പല പരിഷ്ക്കാരങ്ങളും വരുത്തിയ ഉൽകൃഷ്ടകുലജാതയും അഭ്യസ്തവിദ്യയുമായിരുന്ന ഒരു വനിതയായിരുന്നു ഫ്ളോറൻസ് നൈററിൻഗെയ്ൽ.

1854-ലെ ക്രീമിയൻ സമരവേളയിൽ, രോഗബാധിതരും മുറിവേററവരുമായ അനേകായിരം ആംഗ്ലേയസൈനികരുടെ രോഗപരിചരണകൃത്യത്തിൻെറ നേതൃത്വം ഏറെറടുത്ത ആ വീരവനിത അങ്ങനെ ആംഗ്ലേയരുടെയും ലോകത്തിൻേറയും സവിശേഷമായ പ്രശംസയ്ക്കു പാത്രമായി. "സ്ത്രീവംശത്തിനു ഒരു ഉത്തമമാതൃകയായി നിങ്ങളെ ലോകം ഓമ്മിക്കുന്നതാണ്" എന്നാണു വിക്റേറാറിയ മഹാറാണി ആ മഹതിയെപ്പററി പ്രസ്താവിച്ചതു്.

ഇങ്ങനെ വിശ്വവിഖ്യാതയായ ഒരു മഹതിയുടെ സംക്ഷിപ്തമെങ്കിലും സമ്പൂർണ്ണമായ ഒരു ജീവചരിത്രമാണ്, ഈ "ഫ്ളോറൻസ് നൈററിൻഗയ്ൽ". കണ്ണൂർ ഗവമ്മെൻറു ആസ്പത്രിയിലെ ഒരു സ്റ്റാഫ്നേഴ്സായ മിസ്സസ് ഹെലൻ തോമ്മസ് ആണ് ഇതിൻെറ ഗ്രന്ഥകർത്രി. ഇതിനകം പല നല്ല ഗ്രന്ഥങ്ങളും രചിച്ചു പ്രസിദ്ധയായ മിസ്സസ് ഹെലൻ തോമ്മസിൻെറ പ്രസന്നമായ ഭാഷാശൈലിയിൽ തന്നെയാണ് ഈ പുസ്തകവും നിബന്ധിച്ചിരിക്കുന്നതു്.

രോഗീപരിചരണവൃത്തി സ്വീകരിക്കുന്നതിൽ മിസ് നൈററിൻഗയ്ൽ നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളുടെ വിവരണത്തിനു ഗ്രന്ഥകർത്രി കൂടുതൽ ശ്രദ്ധ ചെലുത്തിക്കാണുന്നതു് ഇക്കായ്യത്തിൽ താല്പയ്യമുള്ളവക്കു് ഒരുത്തേജനവും മാതൃകയുമായിരിക്കട്ടെയെന്നു കരുതിയായിരിക്കണം. എന്നിരുന്നാലും മിസ് നൈററിൻഗെയ്ലിൻെറ ക്രീമിയായിലെ സേവനങ്ങളെ കുറച്ചുകൂടി വിസ്തരിക്കുകയും തദ്വാരാ അവരുടെ സേവനത്തിൻെറ വൈപുല്യത്തെ കൂടുതൽ വിശദമാക്കുകയും ചെയ്യേണ്ടതായിരുന്നു.

ശ്രീ കെ. പി. കേശവമേനോൻെറ അവതാരിക ഗ്രന്ഥത്തിനു് ഒരു ഭൂഷണം തന്നെ. ഗ്രന്ഥകർത്രിക്കും ഗ്രന്ഥത്തിനും സകല വിജയങ്ങളുമാശംസിച്ചുകൊള്ളുന്നു.

M. O. J.

# "അപേക്ഷിക്കുക, അസാദ്ധ്യമായൊന്നുമില്ല"

(പി. ജി. പോൾ, ചിറക്കൽ)

ലക്ഷ്യത്തിലെത്താൻ നാം പല മാർഗ്ഗങ്ങളും ഉപയോഗിക്കാറുണ്ട്. അതിൽ ഏററവും പ്രാധാന്യമർഹിക്കുന്ന, സ്വീകരിപ്പാൻ എളുപ്പമുള്ള, ഫലപ്രാപ്തിക്കു തികച്ചും ആശയുള്ള. ഒരേയൊരു മാർഗ്ഗമാണ് അപേക്ഷ. ന്യായമായ അപേക്ഷ കാലം വൈകിയാലും അനുകൂലമായേ അവസാനിക്കൂ. ന്യായാന്യായങ്ങളെപ്പററിയുള്ള തീർപ്പു കല്പിക്കേണ്ടതു് നമ്മളല്ല. ഉദ്ദേശം ചീത്തയായിരിക്കുമ്പോൾ, നമ്മുടെ നന്മപ്രവൃത്തികൾപോലും ഫലപ്രദങ്ങളായിരിക്കയില്ല. സത്യത്തെ പരാജയപ്പെടുത്താൻ, അർദ്ധസത്യങ്ങളും സൂത്രവും സത്യത്തിൻെറ വേഷത്തിൽ ഉപയോഗിച്ചാൽ ഗുണത്തിലേറെ ദോഷമായിരിക്കും നമുക്കു ലഭിക്കുക. അസാദ്ധ്യകായ്യങ്ങൾ സാധിച്ചുപോലും, ദൈവം ചിലരുടെ പ്രാത്ഥനകൾ കൈക്കൊള്ളുന്നു. ലൂർദ്ദിലും മററും സംഭവിച്ചുകൊണ്ടിരിക്കുന്നതു് നാം അറിയുന്ന വസ്തുതകളാണല്ലോ. മനുഷ്യരാൽ അസാദ്ധ്യമെന്നു തള്ളപ്പെട്ട പല കേസ്സുകളും അപേക്ഷകൊണ്ടു സാധിക്കുന്നതായി നാം പത്രംമുഖേന നിത്യവും അറിഞ്ഞുകൊണ്ടിരിക്കുന്നു.

പ്രാത്ഥനയ്ക്കു് അവണ്ണനീയമായ ഒരു വശ്യശക്തിയുണ്ട്. രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു് മനുഷ്യനായി അവതരിച്ച ദൈവം, പ്രഖ്യാപിച്ചു: "ചോദിപ്പിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കായി തുറക്കപ്പെടും" ഇന്നും ആ പ്രഖ്യാപനം അത്ഥസമ്പൂർണ്ണമാണ്. ഉപയോഗം കൂടുന്നതുകൊണ്ടു് വാക്യങ്ങൾക്കു തിളക്കം കൂടുമെന്നുള്ള. രണ്ടായിരംകൊല്ലം പഴക്കമുള്ള ആ വാക്യങ്ങൾ ജനാധിപത്യയുഗത്തിലെ മുദ്രാവാക്യങ്ങളായി മാറിയിരിക്കയാണ്. കുചലകുബേരഭേദമെന്യേ, കായ്യസാദ്ധ്യത്തിനായി ഇന്നു എവിടെയും ഉപയോഗിച്ചുവരുന്ന മുദ്രാവാക്യമായി മാറിയിരിക്കുകയാണ്, രണ്ടായിരംകൊല്ലം മുൻപു് അവിടുന്നരുളിച്ചെയ്ത ആ വാഗ്ദാനം.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മഗാന്ധിപോലും പ്രാത്ഥനയുടെ പ്രാധാന്യത്തെപ്പററി പലവുരു ഊന്നിപ്പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിൻെറ ദിനചയ്യയിൽ വലിയൊരുഭാഗം പ്രാത്ഥനയ്ക്കായി വിനിയോഗിച്ചിരുന്നു.

ഓരോ അവസ്ഥയിലും ഒട്ടും അസ്വസ്ഥരാകാതെ, ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു്, കത്തവ്യകമ്മനിരതരാകുകയാണ് നാം ചെയ്യേണ്ടതു്. കായ്യങ്ങൾ ക്രമപ്പെടുത്തി ഭംഗിയാക്കേണ്ടതും, ഭംഗിയാക്കുന്നതും ദൈവമാണെന്നു വിശ്വസിക്കുവാനുള്ള കഴിവു നമുക്കുണ്ടാകണം. നമുക്കു അസുഖകരമായ കായ്യങ്ങളും ചുററുപാടുകളും ഒരിക്കലും അവസാനിക്കാത്തവിധം ദീർഘമായി പലപ്പോഴും കണ്ടേക്കാം. പക്ഷെ ഈ ലോകത്തിൽ യാതൊന്നും എന്നും ഒന്നുപോലെ നില്ക്കുന്നില്ലെന്നു നാം സ്മരിക്കണം. നീക്കിക്കളയാൻ വയ്യാത്ത നമ്മുടെ കഷ്ടപ്പാടുകളെപ്പററി, അസഹിഷ്ണുത ഉണ്ടാകുന്നതു്, ഒരിക്കലും അവയെ എളുപ്പമാക്കുകയില്ല. അവയെ ക്ഷമയോടുകൂടി സഹിക്കുവാനും സ്നേഹിക്കുവാനും കഴിയുമെങ്കിൽ അതാണ് ഏററവും ഉത്തമം. മനസ്ഥൈര്യം വിടാതെ ദൃഢനിശ്ചയത്തോടുകൂടി ദൈവത്തോടപേക്ഷിക്കുകയാണെങ്കിൽ, പരിപൂർണ്ണമനസ്സമാധാനത്തോടുകൂടി മുന്നോട്ടു പോകാം. സമാധാനത്തിൽനിന്നാണല്ലോ ഐശ്വയ്യം ജനിക്കുന്നതു്. ഒരിക്കലും തോൽവിപററാത്ത ഒരു പ്രമാണിയുടെ നേതൃത്വത്തിലാണ്. നാം ജീവിതസമരത്തിൽ ഏപ്പെട്ടിരിക്കുന്നതെന്നു നാം മനസ്സിലാക്കണം.

"അപേക്ഷയുള്ളോരു
ജനത്തിനെല്ലാം
ഉപേക്ഷകൂടാതെ വരുത്തു
മീശൻ"


എന്ന കവിവാക്യമാണ് ഈ അവസരത്തിൽ ഓമ്മവരുന്നതു്.

—o—

## 71 വയസ്സായ നവവൈദികൻ

ഡബ്ളിനിലുള്ള ബ്ളാക്ക് റോക്ക് കോളേജിൽവച്ചു 71 വയസ്സു പ്രായമുള്ള ഡോക്ടർ ആൽഫ്റഡ് ഓറാഹിലിയെ മോസ്റ്റ് റവ. ഡോക്ടർ മാക്ക് ക്വേയ്ഡ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു വൈദികനായി അഭിഷേകം ചെയ്തിരിക്കുന്നു. നവവൈദികൻ ഐർലണ്ടിലെ ഒരു പ്രസിദ്ധ പണ്ഡിതനും, കോക്ക് എന്ന സ്ഥലത്തെ യൂണിവേഴ്സിററി കോളേജിൻെറ പ്രസിഡണ്ടുസ്ഥാനം അടുത്ത കാലംവരെ വഹിച്ചിരുന്ന ദേഹവുമാണ്. രണ്ടു കൊല്ലം മുമ്പാണ് അദ്ദേഹത്തിൻെറ ഭായ്യ മരിച്ചതു്. അനന്തരം അദ്ദേഹം കോക്കു യൂണിവേഴ്സിററി കോളേജിലെ ഹോളിഗോസ്റ്റ് വൈദികരോടുകൂടി താമസിക്കുകയായിരുന്നു. യൗവനാരംഭത്തിൽ അദ്ദേഹം വൈദികസെമിനാരിയിൽ ചേന്നു പഠിച്ചിരുന്നതുകൊണ്ടു പൗരോഹിത്യപദത്തിലേക്കുയത്തുന്നതിനുള്ള സെമിനാരിശിക്ഷണം വളരെ ചുരുങ്ങിയ കാലംകൊണ്ടു നിവ്വഹിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. പല വിഷയങ്ങളിലും അദ്ദേഹത്തിനു ബിരുദങ്ങൾ ല

ഫോൺ 157.
സി.കെ.ലോനപ്പൻ & ബ്രദേഴ്സ്,
ആഭരണവ്യാപാരം
എറണാകുളം.



ഭിച്ചിട്ടുണ്ട്. 1908-ൽ എം. എ. ഡിഗ്രി ഫസ്റ്റ്ക്ലാസ്സോടുകൂടി കരസ്ഥമാക്കി. 1919 ൽ തത്വശാസ്ത്രത്തിൽ ഡോക്ടർബിരുദം നേടി. ക്രിസ്തുവിന്റെ ജീവചരിത്രം 12 വാല്യങ്ങളിലായി അദ്ദേഹം രചിച്ചു വരികയാണ്. അതിൽ ആദ്യത്തെ വാല്യം കുറച്ചുകൊല്ലങ്ങൾക്കുമുമ്പു പ്രസിദ്ധീകരിക്കപ്പെട്ടു. ആയുശ്ശേഷം പ്രസ്തുത ഗ്രന്ഥത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി ചിലവഴിക്കുന്നതിനാണ് അദ്ദേഹം ഉദ്ദേശിക്കുന്നതു്. അടുത്ത കൊല്ലത്തിൽതന്നെ അദ്ദേഹം നാലു വാല്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു തയാറാക്കിവരുന്നു. 1939-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച "ഇലക്ട്രോഡിനമിക്സ്" സംബന്ധിച്ച വിശിഷ്ടശാസ്ത്രഗ്രന്ഥമാണ് അദ്ദേഹത്തിനു സയൻസിൽ ഡോക്ടർ ബിരുദം നേടിക്കൊടുത്തതു്. രാഷ്ട്രീയരംഗത്തും അദ്ദേഹം പ്രശസ്തസേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐർലണ്ടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യുദ്ധത്തിൽ അദ്ദേഹം മുൻപന്തിയിൽനിന്നു പൊരുതുകയും ബ്രിട്ടീഷുകാർ തടവുകാരനായി പിടിച്ചു കോർക്കു ജെയിലിലും പിന്നീടു സ്പൈക്ക് ഐലിലും ബന്ധനത്തിൽവച്ചുകയും ചെയ്തു. 1921-ൽ സമാധാനാലോചനകളിൽ പങ്കെടുക്കുന്നതിനു പ്രതിനിധിസംഘത്തിന്റെ നിയമോപദേഷ്ടാവായി അദ്ദേഹം ലണ്ടനിലേക്കു പോയി. ഏവംവിധം പലമണ്ഡലങ്ങളിലും പ്രശസ്തിസമ്പാദിച്ചിട്ടുള്ള ഒരു പ്രമുഖവ്യക്തിയാണ് അദ്ദേഹത്തിന്റെ വാർദ്ധക്യത്തിൽ ചിരകാലാഭിലാഷം പൂർത്തിയാകുമാറു വൈദികനായി തീർന്നിട്ടുള്ളതു്.

(11-ാംപേജു തുടർച്ച)

യുസ്റ്റിനുവേണ്ടി അയാൾ ആയോധനംനടത്തി. അവസാനം വെട്ടേററു മൃതിയടഞ്ഞു. റോമന്മാരെപ്പോലെതന്നെ വിസ്റ്റയാധീനനായിരുന്ന ജോയലിന്റെ പരിഭ്രമം സ്വന്തംബന്ധുക്കളുടെ മൃതദേഹങ്ങൾ കണ്ടപ്പോൾ വർദ്ധിക്കുകതന്നെചെയ്തു. ബറാബാസിന്റെയും കുപിതരായ സമറായരുടെയും കൈയിൽ അകപ്പെടുക കഷ്ടതരമാണെന്നയാൾ ഉറച്ചു. ബറാബാസിനെ കാണിച്ചുകൊടുക്കുന്നപക്ഷം റോമന്മാർ അയാൾക്കു മാപ്പുകൊടുക്കുമെന്നയാൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ശത്രുസേവികളോടു ക്ഷമിക്കുന്ന പ്രകൃതി ബറാബാസിനോ സമറായർക്കോ ഉണ്ടായിരുന്നില്ല. ഗർദ്ദഭത്തെ ഇളക്കിവിട്ടു് ആ രംഗത്തുനിന്നു രക്ഷപെടുവാൻ ജോയൽ ശ്രമിച്ചു. ദൌർഭാഗ്യവശാൽ ആ ജന്തുവിന്റെ മുൻകാൽ ഒരു കുഴിയിൽ കുടുങ്ങി അതു പിടമ്പാട്ടു കുതിക്കുകയും കൈ കെട്ടിയിരുന്നതിനാൽ ഒന്നും ചെയ്യുവാൻ അശക്തനായ ജോയൽ നിലംപതിക്കുകയുംചെയ്തു. ഉത്തരക്ഷണത്തിൽ സമറായർ അടുത്തു് അയാളെ പിടിച്ചെഴുന്നേല്പിച്ചു; വലിച്ചിഴച്ചു കിണററിനുസമീപം കൊണ്ടുചെന്നു.

ബറാബാസ് അയാളെ കോപപാരവശ്യത്തോടുകൂടി നോക്കി. നസ്രായൻ മുമ്പിരുന്ന സ്ഥാനത്തുതന്നെയായിരുന്നു ബറാബാസിന്റെ അപ്പോഴത്തെ സ്ഥാനമെന്ന സ്മരണ അയാൾക്കുണ്ടായി. നസ്രായൻ താദൃശാവസ്ഥയിൽ എന്തു ചെയ്യുമായിരുന്നു? ബറാബാസ് ഒരു മാനസികപരിശോധന നടത്തി. ക്ഷമിക്കുകയോ! ഗലീലായിൽവച്ചു മുമ്പൊരിക്കൽ നസ്രായൻ പറഞ്ഞു: "ഹിംസ ഉപയോഗിക്കുന്നവർക്കു ശാപം." എത്രമാത്രം അപ്രായോഗികമായ ഒരു സിദ്ധാന്തം! അഹിംസയെ മുറുകെ പിടിച്ചിരുന്നുവെങ്കിൽ തന്റെ സ്ഥിതി എന്താകുമായിരുന്നു? സമറായരുടെ സ്ഥിതിയും? അഹിംസോപദേശം സ്വീകരിക്കുവാൻ ബറാബാസിനു ധൈര്യംവന്നില്ല. ഏതു നയം സ്വീകരിക്കണമെന്നയാൾ തീരുമാനിച്ചുകഴിഞ്ഞു.

"ദ്രോഹി, ശത്രുസേവകാ, നിനക്കെന്തെങ്കിലും എന്നോടു പറയുവാനുണ്ടോ?" ബറാബാസ് കാർക്കശ്യപൂർവ്വം ചോദിച്ചു.

ജോയൽ യാതൊരു മറുപടിയും പറഞ്ഞില്ല. അയാൾ അവജ്ഞാപൂർവ്വം ബറാബാസിന്റെ നേരെ നോക്കി. അവന്റെ അധരത്തിൽ പല്ലുകളേല്പിച്ച മുറിവിൽനിന്നു രക്തമൊലിച്ചു് ശ്മശ്രുവോളം നനച്ചു. ജോയലിന്റെസമീപം നിന്നിരുന്ന ഒരു സമറായന്റെനേർക്കു് ബറാബാസിന്റെ ഒരാംഗ്യം. സമറായന്റെ വലിയ വടി ഉയർക്കോട്ടുക്കി ജോയലിന്റെ തലയിൽ പതിച്ചു. ജോയൽ ശബ്ദരഹിതനായി താഴെ വീണു.

"ദ്രോഹികളെല്ലാം ഇങ്ങനെ നശിക്കണം. എല്ലാ റോമന്മാരും" ബറാബാസ് ജയഭേരി മുഴക്കി. സമറായരെ തനിക്കു വീണ്ടും ഹിതകാരികളായി ലഭിച്ചുവെന്നു ബറാബാസിനു ബോദ്ധ്യമായി.

(തുടരും)

# ചെറുകഥ

## കഴുമരത്തിൽ

[കെ. ജെ. ജോർജ്ജ് കോലത്തു്]

നിശയുടെ നിശ്ശബ്ദതയിൽ അലിഞ്ഞുചേരുന്ന ഹൃദയത്തിന്റെ നെടുവീർപ്പുകളാണോ കേൾക്കുന്നതു്? അന്ധകാരനിബിഡമായ ഒരു ജെയിൽമുറിയിൽ മങ്ങിയ പ്രകാശത്തിൽ ഒരു യുവാവിരുന്നു് ഗാഢമായി ചിന്തിക്കുകയാണ്. നിരാശയിൽ നിപതിച്ചതാണവന്റെ പ്രകൃതം. അവൻ അധോമുഖനും ചിന്താമഗ്നനുമാണ്. അവൻ ഇതേവരെ ഉറങ്ങിയിട്ടില്ല. അടുത്തുതന്നെ സംഭവിക്കുവാൻ പോകുന്ന കഴുമരത്തിലേക്കുള്ള ആരോഹണമോർത്തു് അവൻ നെടുവീർപ്പിടുകയാണ് ബാഷ്പകണങ്ങൾ ധാരധാരയായി ഒഴുകുന്നുണ്ടു്. വ്യസനപാരവശ്യത്തിൽ വാടിത്തളർന്ന ആ യുവാവിന്റെ മുഖം അവൻ ഏതോ ഭയങ്കരകൃത്യങ്ങൾ ചെയ്തതാണെന്നു വ്യക്തമാക്കുന്നുണ്ടു്. അടുത്തദിവസം കൃത്യം പതിനൊന്നുമണിക്കു് കഴുവിൻമുകളിൽ തൂങ്ങിക്കിടന്നുകൊണ്ടു് തന്റെ ഭയങ്കരാപരാധങ്ങൾക്കു് ലോകസമക്ഷം അവൻ പരിഹാരംചെയ്യണം. ലോകത്തിൽ ഇനി ശേഷിച്ചിരിക്കുന്ന നാഴികകളും നിമിഷങ്ങളും എണ്ണിയെണ്ണി ഓർത്തും വിങ്ങിവിങ്ങി കരഞ്ഞും ആ ഭയങ്കരസമയത്തെ അയാൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

* * *

ജെയിൽമുറിയിൽ നാഴികമണി "ഢിണിം" എന്നു് ഒൻപതടിച്ചു. പെട്ടെന്നു ജെയിൽമുറിയുടെ വാതിൽ തുറക്കപ്പെട്ടു. സൗമ്യശീലനും പ്രസന്നവദനനുമായ ഒരു കപ്പൂച്ചിൻ സന്യാസി അതിനുള്ളിൽ പ്രവേശിച്ചു അദ്ദേഹമാണ് അവിടത്തെ ജെയിൽചാപ്ലൻ. ചിന്താഭാരത്തിൽനിന്നും വിമുക്തനായ നമ്മുടെ യുവാവു് പ്രഥമവീക്ഷണത്തിൽതന്നെ ആഗതന്റെ ഇംഗിതം മനസ്സിലാക്കി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അതൃപ്തി പ്രകടിപ്പിക്കുകയുംചെയ്തു. പക്ഷെ ആ സ്നേഹനിധി അതൊന്നും അത്ര ഗണ്യമാക്കിയില്ല. കൊടിയപാപിയും അക്രമിയുമായിരുന്ന നിർഭാഗ്യവാനായ നമ്മുടെ യുവാവിനു അവസാനമായി സദുപദേശങ്ങൾ നൽകി ദൈവരാജ്യത്തിലേക്കുള്ള വഴി തെളിച്ചുകൊടുക്കുവാനാണ് അദ്ദേഹമിപ്പോൾ സമീപിച്ചിരിക്കുന്നതു്.

അദ്ദേഹത്തിന്റെ ദിവ്യമായ ഉപദേശങ്ങൾ സമുദ്രത്തിലെ കല്ലോലങ്ങൾക്കുസമം പരിണമിക്കുകയാണു ചെയ്തതു്. അദ്ദേഹം ചെയ്ത ശ്രമങ്ങളെല്ലാം വിഫലമായി. അയാളുടെ കഠിനഹൃദയത്തെ ഇളക്കുന്നതിനോ അനുതാപത്തിന്റെ ഒരുതുള്ളി കണ്ണുനീർ പൊഴിക്കുന്നതിനോ അദ്ദേഹത്തിന്റെ ജ്ഞാനോപദേശങ്ങൾ പര്യാപ്തമായില്ല. അവൻ അതിഭയങ്കരമായ ഹൃദയകാഠിന്യത്തിലും ശരണക്കേടിലും നിപതിച്ചതുപോലെ പ്രത്യക്ഷപ്പെട്ടു.

മണി പത്തായി. ആ വന്ദ്യവൈദികന്റെ ഹൃദയം വെന്തുനീറുവാൻതുടങ്ങി. അവസാനം അദ്ദേഹത്തിനൊരു നവീനാശയം ലഭിച്ചു. "സ്നേഹിതാ, നിങ്ങൾ എന്റെ അപേക്ഷകളും ഉപദേശങ്ങളും നിരസിക്കയാണല്ലോ. എന്നാൽ അവസാനമായി എനിക്കൊരപേക്ഷയുണ്ടു്. നിങ്ങൾ എന്നോടൊരുമിച്ചു് "നന്മനിറഞ്ഞ മറിയമേ" എന്ന ജപം ചൊല്ലണം."

എങ്ങനെയെങ്കിലും ഈ ഒഴിയാബാധ മാറട്ടെ, എന്നു വിചാരിച്ചു് മനസ്സില്ലാമനസ്സോടെ അപ്രകാരം ചെയ്യാമെന്നവൻ സമ്മതിച്ചു. അദ്ദേഹത്തോടൊരുമിച്ചു ജപം ആരംഭിച്ചു.

ദൈവത്തിന്റെ അനുഗ്രഹം അമേയമാണല്ലോ. അവനിൽ എന്തെന്നില്ലാത്തൊരു വ്യതിയാനം പ്രത്യക്ഷപ്പെട്ടു. ഇരുളടഞ്ഞിരുന്ന മുഖം പ്രകാശമാനമായിത്തീർന്നു. അവൻ അനുതാപാശ്രുക്കൾ പൊഴിച്ചു. വിമുഖതയോടെ ആരംഭിച്ച ജപം മുട്ടിന്മേൽനിന്നു് അവൻ ചൊല്ലി അവസാനിപ്പിച്ചു. അനന്തരം ഒരു നല്ല കുമ്പസാരം കഴിച്ചതിനുശേഷം സമാധാനത്തോടുകൂടി അയാൾ കൊലക്കളത്തിലേക്കു നടന്നു.

മണി പതിനൊന്നടിച്ചു. അവൻ വധസ്ഥലത്തെത്തി. ഒരു വലിയ പുരുഷാരം അവിടെ നടക്കുവാൻപോകുന്ന ഭീകരസംഭവത്തെ ഉൽക്കണ്ഠയോടെ നോക്കിക്കൊണ്ടുനിന്നു. കൂട്ടത്തിൽ സന്താപാശ്രുക്കൾ പൊഴിച്ചുകൊണ്ടു് അവന്റെ മാതാപിതാക്കളും നിന്നിരുന്നു. വിധിവാചകം പ്രഖ്യാപിച്ചു. അവന്റെ കഴുത്തിൽ കൊലക്കുടുക്കു വീഴുന്നതിനുമുൻപു് അവനെന്തെങ്കിലും അവസാനമായി പറയുവാനുണ്ടോയെന്നു വിധിനടത്തുന്ന ഉദ്യോഗസ്ഥൻ ചോദിച്ചു.

അല്പനേരം മിണ്ടാതെനിന്ന ശേഷം അവനിങ്ങനെ പറഞ്ഞു: "ദൈവത്തിന്റെ അനന്തകാരുണ്യത്താൽ എന്റെ പാപത്തെപ്പററി എനിക്കീ അവസാനദിവസം ഉത്തമമനസ്താപവും പാപമോചനവും ലഭിച്ചു. അതിനാൽ എന്റെ ഈ അവസാനവാക്കുകൾക്കു്, ലോകത്തോടുള്ള എന്റെ അവസാനസന്ദേശത്തിനു ഒരു വലിയ വ്യത്യാസം വന്നിട്ടുണ്ടു്. ഒന്നാമതായി എനിക്കു ജന്മംതന്ന എന്റെ മാതാപിതാക്കളെ ഞാൻ ശപിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അതെനിക്കു സാദ്ധ്യമല്ല. ഞാനവരെ ശപിക്കുകയില്ല. പക്ഷെ സ്നേഹപൂർവ്വം അവരെ കുററപ്പെടുത്തുകയാണ്. നിങ്ങൾ നിങ്ങളുടെ പാവനമായ ഒരു കത്തവ്യം നിവ്വഹിച്ചിരുന്നെങ്കിൽ എനിക്കിതു സംഭവിക്കുകയില്ലായിരുന്നു!

നിങ്ങൾക്കറിയാം, ഞാൻ എന്തെല്ലാം കുററങ്ങൾക്കാണ് മരിക്കുവാൻ പോകുന്നതെന്നു്. ചെറുവഴുതനങ്ങാ കട്ടപ്പോൾ ചെറുവിരൽ ചതച്ചെങ്കിൽ, എന്നു ഞാനോർക്കുകയാണ്. മോഷണം, വ്യഭിചാരം, കൊലപാതകം മുതലായ കഠിനദുഷ്കൃത്യങ്ങൾ ഞാൻ പ്രവർത്തിച്ചു. ദുഷ്കൃത്യങ്ങളെ വിലക്കുന്ന ദൈവത്തിന്റെ പത്തുപ്രമാണങ്ങൾ നിങ്ങൾ എന്നെ പഠിപ്പിച്ചില്ല. പത്തുപ്രമാണങ്ങൾ പാലിക്കാതിരിക്കുന്നവനു പരലോകത്തിൽ എത്തുന്നതിനു സാദ്ധ്യമല്ല. മാത്രമല്ല, ഈ ലോകത്തിൽതന്നെ മനുഷ്യനു അതു നാശകരമാണെന്നു നിങ്ങൾ എന്നെ ചെറുപ്പം മുതലേ പഠിപ്പിച്ചിരുന്നുവെങ്കിൽ ഞാൻ അതുവിശ്വസിക്കുകയും ഈ മഹാനാശത്തിൽ അധഃപതിക്കാതിരിക്കയും ചെയ്യുമേനെ. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഒരുപക്ഷംമാത്രം. ദൈവത്തിന്റെ പത്തു പ്രമാണങ്ങളിൽ വിശ്വസിക്കുകയും എന്റെ അനുജന്മാരേയും പെങ്ങന്മാരേയും ആ പത്തു പ്രമാണങ്ങൾ അനുസരിക്കുന്നതിനു നിങ്ങൾ സദയം പഠിപ്പിക്കുകയും ചെയ്യുവിൻ.

"രണ്ടാമതായി എനിക്കു സംസാരിക്കുവാനുള്ളതു്, എന്റെ ആത്മരക്ഷകനായ വന്ദ്യ വൈദികനോടാണ്. ബഹുമാന്യനായ പിതാവേ, അങ്ങു എന്നെ ജയിലിൽ വന്നു കണ്ടു. എന്റെ ആദ്യത്തെ എതിർപ്പിനെ വകവയ്ക്കാതെ എന്നെ സ്വാധീനിച്ചു മാനസാന്തരപ്പെടുത്തി, ദൈവവുമായിരമ്യപ്പെടുത്തിയതിനു് നന്ദി. അങ്ങാണ് ആദ്യമായി ദൈവത്തിന്റെ പത്തുപ്രമാണങ്ങളുടെ പ്രാധാന്യം എന്നെ പഠിപ്പിച്ചതു്. എന്നാൽ എനിക്കൊരപേക്ഷയുള്ളതു് എല്ലാവരുടേയും മുമ്പിൽവച്ചു് ഞാൻ അങ്ങേസമക്ഷംസമർപ്പിച്ചുകൊള്ളട്ടെ; അങ്ങേ സമക്ഷം മാത്രമല്ലാ, സകല വൈദികരുടേയും സമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

"നിങ്ങൾ ക്രൈസ്തവഭവനങ്ങൾ സന്ദർശിച്ചു മാതാപിതാക്കന്മാരോടു ദൈവത്തിന്റെ പത്തു പ്രമാണങ്ങളെപ്പററി അവർക്കു് ഉപദേശങ്ങൾ നൽകുവിൻ. പത്തു പ്രമാണങ്ങൾ മനുഷ്യജീവിതതടസ്സമല്ലെന്നും രക്ഷാമാർഗ്ഗമാണെന്നും അവരെ ഗ്രഹിപ്പിക്കുവിൻ. മാത്രമല്ലാ, പത്തു പ്രമാണങ്ങൾ ഒരിക്കലും ലംഘിക്കാതിരിക്കുവാൻ സ്വന്തം മക്കളെ ഉൽബോധിപ്പിക്കുവാനും അവരെ ഉപദേശിക്കുവിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ജയിൽ സന്ദർശിക്കേണ്ടിവരുന്നതല്ലാ.

"അവസാനമായി മഹാജനങ്ങളേ, ഈ അവസാനസമയത്തു്, മരണം എന്നെ പിടികൂടിയിരിക്കുന്ന ഈ ഭയങ്കരനേരത്തു്, എനിക്കുള്ള സമാധാനം ദൈവവിശ്വാസമാണ്! ഇതേവരെ എനിക്കു് ദൈവം അജ്ഞാതനായിരുന്നു. എന്നാൽ ഇപ്പോൾ എനിക്കു ദൈവം ഏകാശ്രയം. ഞാൻ ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ പത്തു പ്രമാണങ്ങൾ അനുസരിക്കയും ചെയ്തിരുന്നുവെങ്കിൽ എനിക്കീ അകാലമരണശിക്ഷ ലഭിക്കയില്ലായിരുന്നു. നിങ്ങൾ ദൈവത്തെ സ്നേഹിക്കയും പത്തു കല്പനകൾ അനുസരിക്കയും നിങ്ങളുടെ മക്കളെ അനുസരിപ്പിക്കുകയും ചെയ്യണമെന്നുള്ള എളിയ പ്രാർത്ഥനമാത്രമാണ് എനിക്കു നിങ്ങളുടെ പക്കൽ നിവേദിപ്പിക്കുവാനുള്ളതു്."

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം.
എല്ലാ വ്യാഴാഴ്ചയും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.



കുറഞ്ഞ പലിശ നിരക്ക്
സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശക്ക് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്ക് കടം വാങ്ങുവാൻ സാധിക്കും.
★ ഇടപാടുകൾ രഹസ്യമായിരിക്കുന്നതാണ്.
★ ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കും.
★ പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതുസംഖ്യയും കടം എടുക്കാം.
അടുത്തുള്ള ബ്രാഞ്ചുമാനേജരോട്ട് വിശദവിവരങ്ങൾ ചോദിച്ചറിയുക.
ESTD 1927
പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
PC. 2560

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0